www.malankaralibrary.com

# കുരിശിൽ വിരിഞ്ഞ പുഞ്ചിരി



ഫാ. പോസേന്തി ഒ ഐ സി

www.malankaralibrary.com

www.malankaralibrary.com

# കുരിശിൽ വിരിഞ്ഞ
# പുഞ്ചിരി

www.malankaralibrary.com

www.malankaralibrary.com

# കുരിശിൽ വിരിഞ്ഞ പുഞ്ചിരി

ഫാ. പൊസേന്തി ഒ.ഐ.സി.

BP. No. 189

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം - 686010
2020

www.malankaralibrary.com

(Malayalam)
KURISIL VIRINJA PUNGIRI
SPIRITUAL ARTICLES
Author : **Fr. Possenthi OIC**
Bethany Ashram Dayara
Nalanchira P.O.
Trivandrum - 695015
Ph: 9961146711
First Published : 1st June 2020
Cover Design : C C Thomas
Rights Reserved : Bethany Publications
Published by : Fr. Varghese Thykoottathil OIC
Bethany Publications, Kottayam-686 010
Ph: 0481 - 2578494
e-mail: bethanyktm@gmail.com
Printed at : Bethany Offset Printers, Kottayam-686 010
Ph: 0481 - 2571355
e-mail: bethanyktm@gmail.com
Price : ₹ 80/-

www.malankaralibrary.com

# സമർപ്പണം

കൊറോണയുടെ കരാളഹസ്തങ്ങളിൽ
അകപ്പെട്ടുപോയവരേയും അതിന്റെ ഭീതിയിൽ
നിരീക്ഷണത്തിലായിരുന്നുവരേയും
സ്വന്തം ജീവൻ പണയം വച്ച് സ്നേഹത്തോടെ
ശുശ്രൂഷിക്കുന്ന ആരോഗ്യപ്രവർത്തകരേയുമോർത്ത്
പ്രാർത്ഥിച്ച് അവർക്കുവേണ്ടി ഈ ചെറുഗ്രന്ഥം സമർപ്പിക്കുന്നു.

www.malankaralibrary.com

# നന്ദിപൂർവ്വം

ഈ ചെറുഗ്രന്ഥം പ്രകാശം കാണാൻ വേണ്ടത്ര പ്രോത്സാഹനവും പ്രചോദനവും ഒപ്പം ഗ്രന്ഥത്തിന് ആസ്വാദനവും കുറിച്ചുതന്ന ബഹു.കടവിൽ മത്തായി ഒ.ഐ.സി. അച്ചനോട് എനിക്കുള്ള കടപ്പാട് വലുതാണ്. ഏറ്റം സൂക്ഷ്മതയോടെ വായിച്ച് തെറ്റുതിരുത്തി, അവലോകനം ചെയ്തത് ഈ ഗ്രന്ഥം മനോഹരമാക്കിയ പ്രിയമുള്ള ജിബുസാറിനോടും പകർത്തി എഴുതിയും, മറ്റ് എല്ലാ കാര്യങ്ങളിലും ആത്മാർത്ഥമായി സഹായിച്ച ബഹു. സുദീപ എസ്.ഐ.സി. സിസ്റ്ററിനോടും ഉള്ള നന്ദി ഒറ്റവാക്കിൽ തീരുന്നതല്ല. വരികൾക്കിടയിലൂടെയുള്ള വായനയിലൂടെ ലേഖനങ്ങളിലെ ഉൾപൊരുളുകളെ സുന്ദരമായി വെളിവാക്കികൊണ്ട് ഈ ഗ്രന്ഥം വായനക്കാർക്കായ് അവതരിപ്പിക്കുന്ന സ്നേഹബഹുമാനമുള്ള ജോൺസൺ വർഗ്ഗീസ് സാറിനോടുള്ള നന്ദി മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. ഈ പുസ്തകത്തിന്റെ മുഖചിത്രം അർത്ഥഗംഭീരവും, സുന്ദരവുമാക്കിയ ബഹു. തോമസ് ഫിൻഗ്രാഫ് സാറിനെ സ്നേഹാദരങ്ങളോടെ ഓർക്കുന്നു. സർവ്വോപരി നല്ല ചിന്തകളും വിചാരങ്ങളും തന്ന്, അത് കുത്തിക്കുറിക്കുവാൻ എന്നെ നിയോഗിച്ച സർവ്വശക്തന്റെ തിരുമുമ്പിൽ സാഷ്ടാംഗ പ്രണാമത്തോടെ....

www.malankaralibrary.com

# അവതാരിക

നല്ല ഒരു ശരി മാതൃകയാണ് ബഹു. പൊസേന്തിയച്ചന്റെ ജീവിതം. സഹന ത്തിന്റെ മഹദ്മാതൃക! അനുഭവങ്ങളുടെ ഉമിത്തീയിൽ ഉരുക്കിയെടുത്ത ചിന്തകളെ, ക്രിസ്തുദർശനത്തിൽ ചാലിച്ച്, ബഥനിയുടെയും അതിന്റെ ധീരനായകന്റെയും സുചരിതത്തിന്റെ പശ്ചാത്തലത്തിൽ വരച്ചിട്ടിരിക്കുന്ന സന്ദേശചിത്രങ്ങളാണ് ഈ ഏഴ് അദ്ധ്യായങ്ങൾ. 'പുതിയനിയമ' പുസ്തകത്തിലും സഭാചരിത്രത്തിലും രേഖാങ്കിതമായി രിക്കുന്ന മഹദ്ജീവിതങ്ങളും സാക്ഷ്യങ്ങളും സംഭവങ്ങളും മനോഹരമായി കോർത്തി ണക്കി, ജീവന മൂല്യങ്ങളിലേക്ക് വെളിച്ചം വീശുന്ന ദർശനങ്ങളാണ് ഈ അദ്ധ്യായങ്ങൾ.

'കുരിശിൽ വിരിഞ്ഞ പുഞ്ചിരി' എന്ന ഒന്നാം അദ്ധ്യായത്തിൽ, പുഞ്ചിരി-അതിന്റെ ഉറവിടമായ സന്തോഷം എന്നിവ ക്ഷമയും സഹനവുമായി എത്ര ഗാഢമായി ബദ്ധിതമാണ് എന്ന് 'ക്രൂശിതാവസ്ഥയിലായിരിക്കുന്ന ക്രിസ്തു' എന്ന സ്നേഹ പ്രകാശത്തിൽ നമ്മെ കാട്ടിത്തരുന്നു.

രണ്ടാമദ്ധ്യായമായ 'ബഥനിയുടെ സഹന സിദ്ധി'യിൽ സിദ്ധിയെപ്പറ്റിയാണ് പ്രതിപാദനം. മഹാസിദ്ധരായ ചരിത്രപുരുഷന്മാരിൽ തുടങ്ങി, മലങ്കരസഭാചരിത്ര ത്തിലെ വഴിത്തിരിവുകളിലൂടെ കടന്നുചെന്ന് ബഥനിയുടെ ഉത്ഭവസ്ഥാനത്തെത്തി നിന്നുകൊണ്ട് ബഥനി മെത്രാച്ചൻ എന്ന ആബൂൻ മാർ ഈവാനിയോസ് പിതാവിന്റെ അപാരസിദ്ധികളെയും, അവയെ പ്രയോഗത്തിലാക്കിക്കൊണ്ടുള്ള അവിടുത്തെ സഹനയാത്രയെയും വർണ്ണനാവിധേയമാക്കുന്നു. അതോടൊപ്പം, ആ സിദ്ധി, ഒരു തുടർച്ചയെന്നോണം, ആശ്രമസ്ഥരുടെ തലമുറകളിലൂടെ പ്രവഹിക്കുന്നതായും ചൂണ്ടിക്കാട്ടുന്നു.

'പ്രകൃതിയുടെ താള'മെന്ന മൂന്നാമദ്ധ്യായത്തിൽ പ്രപഞ്ചത്തിന്റെ താളങ്ങളാണ് വിഷയം. സംഗീത ശാസ്ത്രത്തിലെ സ്വരലയാദി ഘടകങ്ങളെ തലോടിക്കൊണ്ട് തുടങ്ങി, മനുഷ്യജീവിതത്തിന്റെ താളക്രമത്തിലേക്ക് സംക്രമിച്ച്, മനുഷ്യനും പ്രകൃതിയുമായുള്ള പാരസ്പര്യത്തിലെത്തി നിൽക്കുമ്പോൾ, വായനക്കാരന്റെ യുള്ളിൽ പ്രപഞ്ച സൃഷ്ടാവിന്റെ നിസ്സീമ വൈഭവം ഒരു വിസ്മയാവഷിപ്തമായി

www.malankaralibrary.com

ശേഷിക്കും. 'ശ്രുതി' എന്നാണ് നാലാമദ്ധ്യായത്തിന്റെ ശീർഷകം. ജീവാത്മ – പരമാത്മ സമച്ചയത്തിലൂടെ ഉപാസകന് ശ്രുതി എപ്രകാരം അനുഭവവേദ്യമാകുന്നു എന്നും, വേദങ്ങൾ, യോഗസൂക്തങ്ങൾ, വേദപുസ്തക ഖുറാനാദി ആത്മീയഗ്രന്ഥങ്ങൾ എന്നിവ മഹദ്വ്യക്തികളുടെ പാകപ്പെടലിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിരിക്കുന്നു എന്നു ഈ അദ്ധ്യായത്തിൽ കാണാം.

ആത്മാവിനെ 'അഞ്ചിതൾപൂവെ'ന്ന സ്ത്രൈണ സംജ്ഞയോടും, ദൈവ സ്നേഹത്തെ, പൂവിന്റെ പ്രാണപ്രിയനായ പൂങ്കുരുവിയോടും സാക്ഷ്യപ്പെടുത്തി മെനഞ്ഞ അഞ്ചാം അദ്ധ്യായം. നല്ല ഭാവന. ഒരു ഘട്ടത്തിൽ പൂവ് പാപിനിയായ സ്ത്രീയും കുരുവി ക്രിസ്തുനാഥനുമാണെന്ന് തോന്നിപ്പിക്കും. കഥാന്ത്യത്തിൽ 'പൂവ്' എന്നത് ഏതൊരു മനുഷ്യാത്മാവും ആകാമെന്നത് വ്യക്തം. 'ഇതാ നിന്റെ അമ്മ' എന്ന ആറാമദ്ധ്യായത്തിൽ മാതൃത്വം എന്ന പ്രതിഭാസമാണ് വിഷയം. കാലിപ്പുരയിലെ കുരിരുളിൽ അത് വാത്സല്യത്തിന്റെയും കരുതലിന്റെയും മൃദുലതയാണെങ്കിൽ കാൽവരിയിൽ അത് ക്രൂശിന്മേൽ കിടന്ന് 'ഇതാ നിന്റെ അമ്മ' എന്നുരുവിട്ടു കൊണ്ട് സ്വമാതാവിനെ പ്രിയശിഷ്യന് സമ്മാനിച്ചിട്ട് പ്രാണൻ വെടിയുന്ന മകനെ നോക്കി നിൽക്കുമ്പോൾ ഹൃദയത്തിലൂടെ തുളഞ്ഞ നൊമ്പരവാളിന്റെ മൂർച്ചയെ നേരിടുന്ന സഹനമാണ്.

'ആത്മസഖി' എന്ന പേരിട്ടിരിക്കുന്ന അവസാന അദ്ധ്യായത്തിൽ കുറെ ആത്മാംശങ്ങൾ പ്രത്യക്ഷപ്പെടുന്നതായി തോന്നുന്നു. ജീവിതത്തിലേക്ക്, ക്ഷണിക്കപ്പെടാത്ത അതിഥിയായി കടന്നു വന്ന ദുരന്തവും തുടർന്നുള്ള നീണ്ട ജീവിത ക്ലിഷ്ടതകളും, 'സഹനം' എന്ന ആത്മസഖിയെ ആശ്ലേഷിച്ചുകൊണ്ട്, വേദനകളെ ലഹരിയാക്കിയ മനോമികവും, ഇതിലെ വരികളിൽ ദർശിക്കാം.

സഹനത്തിലൂടെ ഈശ്വരനിലേക്കുള്ള മടക്കയാത്ര എത്ര നിർവൃതിദായകമാണ് എന്ന് ഈ അദ്ധ്യായങ്ങൾ വായിക്കുമ്പോൾ എനിക്ക് തോന്നുന്നു. നിങ്ങൾക്കും, ഇവ നല്ലൊരു വായനാനുഭവം നൽകട്ടെ. പൊസേന്തിയച്ചന് അഭിനന്ദനങ്ങൾ.

**ജോൺസൺ വറുഗീസ് കെങ്കിരേത്ത്**

www.malankaralibrary.com

# അവലോകനം

സഹനത്തിന്റെ പാതയിൽ ഏകനായി പൊസേന്തിയച്ചൻ. ആശ്വാസമായി അനേകം സന്ദർശകർ. ഇതിനിടയിലും സമയം കണ്ടെത്തി മനസ്സിൽ ഉറഞ്ഞുകൂടുന്ന നന്മയുടെ വചനങ്ങൾ കുറിച്ചുവയ്ക്കുന്നു. സുമനസ്സുകളുടെ സഹായത്താൽ അവ പുസ്തകത്താളുകളിലാക്കുന്നു. മനോഹരമായ ഈ ഗ്രന്ഥത്തിന്റെ രചനയിൽ ഒപ്പം നിൽക്കാൻ ഭാഗ്യം ലഭിച്ചതിൽ ഏറെ സന്തോഷമുണ്ട്.

ആശയതലത്തിൽ വ്യത്യസ്തമെന്നു തോന്നുമെങ്കിലും ധ്വന്യാത്മകതലത്തിൽ ഓരോ രചനയും സമാനത പുലർത്തുന്നു. 'വരികൾക്കിടയിലൂടെയുള്ള വായനയിലൂടെ മാത്രമേ ആന്തരികാർത്ഥം ഉൾക്കൊള്ളാൻ സാധിക്കുകയുള്ളൂ.

'കുരിശ്ശിൽ വിരിഞ്ഞ പുഞ്ചിരി - സഹനത്തിന്റെ മൂർത്തീമദ്ഭാവമായ ക്രിസ്തുവിനെ നോക്കി ജീവിക്കുന്ന പൊസേന്തിയച്ചൻ ഈ ലഘുഗ്രന്ഥത്തിനു നൽകിയിരിക്കുന്ന പേര് എത്ര അർത്ഥവത്താണ്. കുരിശ്ശിനുശേഷമുള്ള ഉയിർപ്പ് മനുഷ്യന്റെ പ്രതീക്ഷയാണ്. മഹത്വത്തിന്റെ കിരീടമണിഞ്ഞ് വിജയിയായി ക്രിസ്തു തെളിഞ്ഞു നിൽക്കും. അപ്പോൾ കുരിശ്ശിൽ നിറഞ്ഞുനിൽക്കുന്നത് മരണത്തിന്റെ ഗന്ധമല്ല വിരിഞ്ഞ പൂവിന്റെ - ക്രിസ്തുവിന്റെ പുഞ്ചിരിയാണ്.

ലേഖനത്തിലൂടെ കടന്നുപോകുമ്പോൾ ആദ്യം കാണുന്ന ലേഖനം കുരിശ്ശിൽ വിരിഞ്ഞ പുഞ്ചിരിയാണ്. വിശുദ്ധ വേദപുസ്തകത്തിലൂടെ ഒരു യാത്ര നടത്തിയതിന്റെ ഫലമാണ് ലേഖനം. കാൽവരിയിൽ ബലിയായിത്തീരും മുൻപ് ക്രിസ്തുനാഥൻ പകർന്നു നൽകിയ സദ്വചനങ്ങൾ നമ്മെ വിശുദ്ധീകരിക്കും. ക്ഷമ, സ്നേഹം, കരുണ തുടങ്ങിയ ദൈവീകപുണ്യങ്ങളെല്ലാം ജീവിതത്തിൽ പകർത്താൻ കഴിയണമെങ്കിൽ കുരിശ്ശിൽ വിരിഞ്ഞ പുഞ്ചിരിയുടെ അർത്ഥം ഉൾക്കൊള്ളാൻ കഴിയണം. ക്രിസ്തു പഠിപ്പിച്ച പാഠങ്ങൾ ഉൾക്കൊണ്ട് ജീവിക്കുമ്പോൾ കുരിശ്ശിൽ തെളിഞ്ഞുനിൽക്കുന്ന പുഞ്ചിരി കാണാൻ സാധിയ്ക്കും.

എന്താണ് സിദ്ധിയെന്ന് വ്യക്തമാക്കിയശേഷം അത് ഏറെ ലഭിച്ച ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയെ അനുസ്മരിക്കുന്നു. ചെറിയ ഒരു ജീവചരിത്രക്കുറിപ്പാണ് എന്നു തോന്നുമെങ്കിലും സഹനത്തിലൂടെ ആ പുണ്യാത്മാവ് നേടിയ സിദ്ധി കണ്ടെത്തുകയാണ് ഗ്രന്ഥകർത്താവ്. അതിവൈകാരികതയിലേക്ക് വഴുതി വീഴാതെ അവസാനിപ്പിച്ചതിലൂടെ കൈത്തഴക്കം വന്ന ഒരു എഴുത്തുകാരനെ ഇതിൽക്കാണാം. ഇസ്രായേൽ ജനത്തെ കഠിന പരീക്ഷണങ്ങളിലൂടെ നയിച്ച 'മൂശ'

www.malankaralibrary.com

ഭാരതന്യൂമാന് നൽകിയ വിശേഷണം ഉചിതമായിരിക്കുന്നു. ബഥനിയിലെ മുൻഗാമികൾക്ക് ലഭിച്ച സിദ്ധി അവസാനിക്കുന്നില്ല; അത് നീർച്ചാലായി തലമുറകളിലേക്ക് ഒഴുകുന്നു.

താളനിബന്ധമാകണം ജീവിതം. പ്രകൃതിയുടെ വ്യത്യസ്തമായ താളങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് 'പ്രകൃതിയുടെ താള'ത്തിൽ. ദൈവത്തിന്റെ സൃഷ്ടികളിലെല്ലാം നിറഞ്ഞുനിൽക്കുന്ന താളം ഏറ്റവും മികവുറ്റു നിൽക്കുന്നത് മനുഷ്യനിലാണ് പ്രകൃതിയുടെ താളത്തിൽ നിന്ന് വ്യതിചലിച്ച് മനുഷ്യൻ ജീവിച്ചതിന്റെ ഫലം പ്രളയത്തിന്റെ രൂപത്തിൽ നാം കണ്ടതാണ്. പ്രകൃതിയോട് മനുഷ്യൻ ചേർന്നു നിൽക്കുമ്പോഴാണ് അതിന്റെ താളം പൂർണ്ണതയിലെത്തുന്നത്. വിശദമായ ഒരു പഠനം നടത്തിയിരിക്കുന്നതിനാൽ ഗ്രന്ഥത്തിലെ മറ്റു ലേഖനങ്ങളിൽ നിന്ന് ഇത് വേറിട്ടു നിൽക്കുന്നു.

തത്വചിന്താധിഷ്ഠിതമായ രചനയാണ് ശ്രുതി. ആർഷഭാരതസംസ്കാരത്തിന്റെ അലയൊലികൾ ഇതിൽക്കാണാം. ദൈവികമായ രഹസ്യങ്ങളുടെ വെളിപ്പെടുത്തലുകളാണ് ശ്രുതിയിലൂടെ സംലഭ്യമാകുക. ബുദ്ധമതതത്വങ്ങളിലൂടെ കടന്നുപോകുമ്പോൾ ശ്രുതിയുടെ അർത്ഥം ശ്രീബുദ്ധന് ലഭിച്ച ദൈവിക വെളിപാടുകളാകുന്നു. ഖുറാനിൽ അത് മുഹമ്മദ് നബിയ്ക്കു ലഭിച്ച അശരീരി വാക്കുകളാകുന്നു. ബൈബിളിൽ പഴയനിയമകാലത്ത് ദൈവത്തിന്റെ സജീവ ഇടപെടലുകളായിരുന്നു. പുതിയനിയമത്തിലോ അത് ദൈവപുത്രന്റെ ശ്രേഷ്ഠമായ വചനങ്ങളാണ്. ശ്രുതിയുടെ ഫലശ്രുതി മൗനത്തിലാണ് പൂർണ്ണത നേടുന്നതെന്ന് ഒടുവിൽ ലേഖകൻ വ്യക്തമാക്കുന്നു.

വ്യത്യസ്തമായ ഒരു പ്രണയത്തിന്റെ ആവിഷ്കാരമാണ് 'അഞ്ചിതൾപ്പൂവിന് മരണമില്ല' എന്നത്. പ്രഭാതവർണ്ണനയോടെ ആരംഭിയ്ക്കുന്ന ലേഖനത്തിലൂടെ കടന്നുപോകുമ്പോൾ ഓർമ്മ വരുന്നത് കുമാരനാശാന്റെ 'വീണപൂവ്' ആണ്.

ഹാ! പുഷ്പമേ അധികതുംഗപദത്തിലെത്ര<br>
ശോഭിച്ചിരുന്നതൊരു<br>
രാജ്ഞി കണക്കയേ നീ....

പിന്നീട് പൂവിനു സംഭവിക്കുന്ന അവസ്ഥാന്തരം നാം വായിച്ചറിഞ്ഞതാണ്. ഇവിടെ ചിത്രശലഭങ്ങളേയും വണ്ടത്താൻമാരേയും പ്രതീക്ഷിച്ചുനിൽക്കുന്ന പൂവിനരികത്തേക്ക് ആകാശത്തിൽനിന്ന് സ്വർണ്ണരഥത്തിൽ ഗന്ധർവ്വനെപ്പോലെ വരുന്നത് കിളിയാണ്. ഒരു പ്രണയകഥയുടെ തുടക്കം അതിമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. ശാപംമൂലം ഭൂമിയിലേക്ക് നിശ്ചിത കാലത്തേക്ക് വന്ന് കന്യകമാരോട് സംഗമിച്ച ശേഷം മടങ്ങിപ്പോകുന്ന ഗന്ധർവ്വൻ നമ്മുടേതുമാത്രമായ മിത്ത്. അഞ്ചിതൾപ്പൂവിന്

www.malankaralibrary.com

കുഞ്ഞിക്കിളി ഗന്ധർവ്വനാണെങ്കിലും പ്രേമത്തിന്റെ ഉന്മാദാവസ്ഥയിൽ അവൻ സ്വജീവൻ അവൾക്കുവേണ്ടി സമർപ്പിക്കുകയാണ്. ഉന്നതങ്ങളിൽ നിന്നു വന്ന കുഞ്ഞിക്കിളി, തന്റെ പ്രിയപ്പെട്ടവൾക്കുവേണ്ടി രക്തം ചിന്തുന്ന തരത്തിലുള്ള ത്യാഗ മനോഭാവം, വീണ്ടും അവന്റെ മടങ്ങിവരവ് ഇതൊക്കെ എന്താണ് ഓർമ്മപ്പെടുത്തുക. ലേഖനത്തിന്റെ അവസാനഭാഗത്ത് ചുരുങ്ങിയ വാക്കുകളിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിയ്ക്കുക. അവൻ നസ്രായനാണ്. സ്നേഹിക്കാൻ മാത്രം അറിയാവുന്നവൻ, സ്നേഹിക്കുന്നവർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിൽ ത്യാഗം കണ്ടെത്തിയവൻ തച്ചന്റെ മകൻ.

നശ്വരമായ ലോകത്തു നിന്ന് മടങ്ങുമുമ്പ് ക്രിസ്തുനാഥൻ പ്രിയശിഷ്യനായ യോഹന്നാനെ വത്സലമാതാവിന് ഏൽപ്പിച്ചുകൊണ്ട് പറയുന്നു, 'ഇതാ നിന്റെ അമ്മ'. പലവുരു പലരും പറഞ്ഞ വിഷയം തന്റേതായി അവതരിപ്പിച്ച് വേറിട്ടൊരു അർത്ഥതലം നൽകാൻ ശ്രമിക്കുന്നതിൽ ഗ്രന്ഥകർത്താവ് വിജയിച്ചിരിക്കുന്നു. കുരിശ്ശിന്റെ വഴിയിലെ പന്ത്രണ്ടാം സ്ഥലത്തെ വായനയിൽ പറയുന്ന അതേ വചനങ്ങൾ "ഇതാ നിന്റെ മകൻ എന്ന് അമ്മയോടും ഇതാ നിന്റെ അമ്മ എന്ന് യോഹന്നാനോടും യേശു അരുളിച്ചെയ്തു" താരതമ്യേന ഗ്രന്ഥത്തിലെ ഏറ്റവും ചെറിയ ലേഖനം. അതുകൊണ്ടുതന്നെ പൗനരുക്തം എന്ന ദോഷം ബാധിക്കുന്നില്ല.

സഹനത്തെ നിറഞ്ഞ പുഞ്ചിരിയോടെ സ്വീകരിച്ച് പത്നീപദം നൽകി അനുഗ്രഹിച്ചിരിക്കുന്നതായാണ് 'ആത്മസഖി'യിൽ നാം കാണുന്നത്. ഇനിമേൽ അവർ രണ്ടല്ല ഏകശരീരമാകുന്നു എന്ന ഒരു തീർപ്പ് ഇതിൽക്കാണാം. വേർപിരിയാനാകാത്ത ബന്ധത്തെ സ്വീകരിച്ചപ്പോഴുള്ള ആത്മസന്തോഷം വായനക്കാരനിൽ ഒരു അനുഭവമാക്കി മാറ്റിയിരിക്കുന്നു.

"സഹനത്തിന്റെ തീവ്രതയേറുംതോറും വിശുദ്ധിയുടെ പവിത്രത വർദ്ധിയ്ക്കുന്നു." വി. അൽഫോൻസാമ്മയുടെ ജീവചരിത്രം ഇതാണ് വ്യക്തമാക്കുന്നത്. ഈ വാക്കുകൾ പൊസേത്തിയച്ചനും അനുയോജ്യമാണ്. തീവ്രമായ സഹനത്തിലൂടെ സന്തോഷത്തിന്റെ പൂർണ്ണത കൈവരിക്കാനാകുമെന്ന് തന്റെ രചനകളിലൂടെ അച്ചൻ ലോകത്തിന് കാട്ടിക്കൊടുക്കുകയാണ്.

ഡോ. ജിബു തോമസ്
അയ്യനേത്ത്

www.malankaralibrary.com

# ആസ്വാദനം

കൊറോണ ദുരന്തം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു ദശാസന്ധിയിലാണ് ഞാനിതു കുറിക്കുന്നത്. ഇതിന്റെ പ്രത്യാഘാതം പ്രവചനാതീതമാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളെയും ബാധിച്ചു കഴിഞ്ഞു. ജീവിതത്തെ സംബന്ധിച്ച മനുഷ്യരുടെ കണക്കുകൂട്ടലുകളെ തകിടം മറിച്ചു കൊണ്ട് കൊവിഡ് 19 അതിന്റെ ജൈത്രയാത്ര തുടരുന്നു. മാർച്ച് ആരംഭത്തിൽ പുസ്തകം കൈയ്യിലെത്തിയെങ്കിലും ലോകം നിശ്ചലമായ പീഡാനുഭവ വാരത്തിൽ യേശുവിന്റെ പീഡാനുഭവത്തെ കുറിച്ച് ചിന്തിച്ചുകൊണ്ട് ഈ ആസ്വാദനം കുറിക്കുവാൻ ഇടയായത് ദൈവനിയോഗമായി കരുതുന്നു.

Passio എന്ന ലാറ്റിൻ പദത്തിൽ നിന്നുമാണ് Passion എന്ന ഇംഗ്ലീഷ് പദം കടന്നു വന്നിട്ടുള്ളത്. മധ്യ ശതകങ്ങളിൽ യേശുവിന്റെ മരണത്തെയും പീഡാസഹന ത്തെയും (Passion of Christ) വർണ്ണിക്കുവാനായി ഈ പദം ഉപയോഗിച്ചിരുന്നു. മനുഷ്യന്റെ ദുഃഖങ്ങളെയും സഹനങ്ങളെയും യേശുവിന്റെ പീഡാസഹനത്തോട് ചേർത്ത് വക്കുകയും അതുവഴി നമ്മുടെ പ്രയാസങ്ങളെ ലഘുകരിക്കുവാൻ സഹായിക്കുകയും ചെയ്യുന്ന ഒരദ്ധ്യാത്മികത. എന്നാൽ ആധുനിക കാലഘട്ടത്തിൽ Passion എന്ന പദം വികാരം, അഭിനിവേശം, ഒന്നിന് വേണ്ടിയുള്ള അദമ്യമായ ആഗ്രഹം തുടങ്ങിയ അർത്ഥത്തിലാണ് പൊതുവെ ഉപയോഗിച്ച് കാണുന്നത്. Passion എന്ന ഇംഗ്ലീഷ് പദത്തിന്റെ ഈരണ്ടർത്ഥങ്ങളും 'കുരിശിൽ വിരിഞ്ഞ പുഞ്ചിരി'യിൽ മനോഹരമായി സമന്വയിച്ചിരിക്കുന്നു. യേശുവിന്റെ പീഡാനുഭവം, സഹനം, മരണം (Passion) എന്നിവ വഴി നമ്മുടെ വേദനകൾക്കും പ്രയാസങ്ങൾക്കും ലഭിക്കുന്ന ശമനത്തോടൊപ്പം നമ്മുടെ സഹനങ്ങളെ ഊർജ്ജമാക്കി പരിണമിപ്പി ക്കുവാൻ സഹായിക്കുന്ന ചിന്തകൾ ഇതിന്റെ സവിശേഷതയാണ്. അങ്ങനെ യേശു ഒരു വികാരമായി (Passion) രൂപാന്തരപ്പെടുന്നു.

പോസ്സെന്തി അച്ചൻ തന്റെ രചനകളിലൂടെ സഹന ജീവിതത്തിനു പുതു ഭാഷ്യം നൽകുന്നു. സഹനത്തിൽനിന്നും ഫീനിക്സ് പക്ഷിയെ പോലെ ഉയർന്ന പോസ്സെന്തി അച്ചൻ (ഫീനിക്സ് പക്ഷി 1988), പത്തു വർഷത്തിനുശേഷം സഹനത്തെ സുകൃതമാക്കി (സുകൃതമീസഹനം 2008). വീണ്ടും പത്തു വർഷത്തിനുശേഷം

www.malankaralibrary.com

സഹനമെന്ന പദത്തിലെ മൂന്നക്ഷരത്തെ സ്നേഹമായി പരിണമിപ്പിച്ചു (മൂന്നക്ഷരം 2018). ബഥനിയുടെ ശതാബ്ദി വർഷത്തിൽ ഇതാ സഹനത്തിനു പുതിയ ഭാഷ്യവുമായി 'കുരിശിൽ വിരിഞ്ഞ പുഞ്ചിരി' നമ്മുടെ കൈകളിലേക്ക് വരുന്നു.

ചിരി പലവിധമുണ്ട്. ഇത് സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും സൃഷ്ടികളിൽ ഇടം കണ്ടെത്തിയിട്ടുണ്ട്. ചിരി ആരോഗ്യത്തിന്റെ രഹസ്യമായും വിശേഷിപ്പിക്കപ്പെടുന്നു. ചിരികൾ ഉല്പാദിപ്പിക്കുന്ന 'ന്യൂറോണുകളെ' ആധുനിക ശാസ്ത്രം പഠനവിഷയമാക്കിയിട്ടുണ്ട്. ചിരിയെ സംബന്ധിച്ച ഇത്തരം നിരീക്ഷണങ്ങൾക്കു ശേഷമാണ് പീഡാസഹനത്തിന്റെ കഥ പറയുന്ന യേശുവിന്റെ ക്രൂശിത രൂപത്തിലേക്കു പോസ്സെന്തി അച്ചൻ നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നത്. കുരിശിലെ യേശുചിത്രങ്ങൾ ദുഃഖഭാവമാണ് നമ്മിൽ ഉണർത്തുന്നത്. ഇതിനു വ്യത്യസ്തമായി ഫ്രാൻസിസ് സേവ്യർ ഉപയോഗിച്ചിരുന്ന ചിരിക്കുന്ന മുഖത്തോടെയുള്ള യേശുവിന്റെ ക്രൂശിത രൂപത്തിലേക്ക് അച്ചൻ നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. കുരിശിലെ സഹനം നൽകുന്ന ശാശ്വത സന്തോഷത്തെ കുറിച്ച് ചിന്തിക്കുവാൻ ഇത് നമ്മെ സഹായിക്കുന്നു. യേശുവിന്റെ ഉപദേശങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ക്ഷമയുടെയും കരുണയുടെയും പാഠങ്ങൾ ആണ് യേശു സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തരുന്നത്. കള്ളന് പറുദീസാ വാഗ്ദാനം ചെയ്യുകയും, തന്നെ ശിക്ഷിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നവരോട് ക്ഷമിക്കുകയും ചെയ്തുകൊണ്ട് തന്റെ ജീവിതത്തെ പിതാവിന്റെ കരങ്ങളിൽ സമർപ്പിക്കുന്ന യേശുവിന്റെ തേജസുറ്റ പ്രസാദാത്മകമായ ജീവിതത്തെ കുറിച്ച് ചിന്തിക്കുവാൻ ഇത് നമ്മെ സഹായിക്കുന്നു. വർഷങ്ങൾക്കുമുമ്പ് ജ്യോതി സാഹി എന്ന പ്രസിദ്ധ ഭാരത ക്രൈസ്തവ കലാകാരൻ Missio - Aachen നുവേണ്ടി വരച്ച യേശുവിന്റെ പീഡാനുഭവ ചിത്രത്തിന്റെ അടികുറിപ്പു -joy in the midst of suffering - ഒരിക്കൽകൂടി എന്റെ മനസ്സിലേക്ക് കടന്നുവന്നു. ഭാരതത്തിലെ ചേരികളിൽ ദുരിതവും വേദനകളും അനുഭവിക്കുന്നവരുടെയിടയിലെ സന്തോഷത്തെയാണ് ജ്യോതി സാഹി തന്റെ ചിത്രത്തിലൂടെ മുദ്രണം ചെയ്തത്. സഹനത്തെ സന്തോഷപൂർവം പുഞ്ചിരിയോടെ സ്വീകരിച്ച യേശു മനോഭാവം നമ്മുടെ സഹന നിമിഷങ്ങളുടെ അതിജീവനത്തിനുള്ള ഉത്തേജനമായി പോസ്സെന്തി അച്ചൻ നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നു.

കുരിശിലെ ബലിയെക്കുറിച്ചുള്ള വിചിന്തനത്തിനു ശേഷം ദൈവദാസൻ മാർ ഈവാനിയോസിന്റെ സമർപ്പിതവഴി പോസ്സെന്തി അച്ചൻ തന്റെ ധ്യാനവിഷയമാക്കുന്നു. വിശുദ്ധ പൗലോസുൾപ്പെടെ വിവിധ കാലങ്ങളിൽ ദൈവം തെരഞ്ഞെടുത്ത

www.malankaralibrary.com

പലരുടെയും ജീവിതങ്ങളെ അനുസ്മരിച്ചുകൊണ്ട് സിദ്ധിയുടെ അർഥം തേടി പോസ്സെന്തി അച്ചൻ തന്റെ യാത്ര ആരംഭിക്കുന്നു. സഭയുടെ അതിർവരമ്പുകൾക്കു പുറത്തു നവോത്ഥാന പ്രക്രിയയിൽ പങ്കാളികളായ ഗാന്ധിയും ശ്രീ നാരായണ ഗുരുവും ഉൾപ്പെടെയുള്ളവരുടെ സിദ്ധികളും അച്ചൻ തന്റെ ധ്യാനവിഷയമാക്കുന്നു. ഇത്തരം അനുഗ്രഹീത വ്യക്തിത്വങ്ങളുടെ ജീവിതത്തോട് ദൈവദാസൻ മാർ ഈവാനിയോസിന്റെ ജീവിതത്തെ ചേർത്തുവച്ചുകൊണ്ടാണ് പിതാവിന്റെ സിദ്ധി വിശകലനവിധേയമാക്കുന്നത്. സഭയുടെ നവീകരണത്തിനായി ദൈവം തെരഞ്ഞെടുത്തു സ്പുടം ചെയ്ത വ്യക്തിത്വം. ദൈവീക കൃപകളാൽ അനുഗ്രഹീത വ്യക്തിത്വം. മലങ്കര സഭയുടെ നവോത്ഥാനത്തിനായി ദൈവം തെരഞ്ഞെടുത്ത ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സമർപ്പണ വഴികളിലെ സഹനങ്ങളാണ് ഇതിലെ പ്രമേയം. മലങ്കര സഭയുടെ നേതൃനിരയിൽ വിരാജിച്ചിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് 1912 – ലെ പിളർപ്പിനുശേഷം മലങ്കര സഭയുടെ നവോത്ഥാനത്തിനായി തന്നെത്തന്നെ സമർപ്പിക്കുന്നു. കോട്ടയത്ത് നിന്ന് സെറാംപൂർ – മുണ്ടൻമല വഴി തിരുവനന്തപുരത്തേക്കു നടത്തിയ യാത്രയിൽ അനുഭവിക്കേണ്ടി വന്ന സഹന നിമിഷങ്ങളെ പോസ്സെന്തി അച്ചൻ ഓർത്തെടുക്കുന്നു. ബന്ധങ്ങളും സ്ഥാവരജംഗമ വസ്തുക്കളും നഷ്ടമായി; മിത്രങ്ങൾ ശത്രുക്കളായി; സത്യത്തിന്റെ പാതയിൽ അനുഭവിക്കേണ്ടി വന്ന പ്രതിബന്ധങ്ങൾ. ദൈവേഷ്ടമന്വേഷിച്ചു അത് നിവർത്തിക്കാൻ പൂർണ്ണമായി ആത്മാർപ്പണം ചെയ്ത യോഗിവര്യൻ കാണിച്ചുതന്ന ബഥനിയുടെ സഹന വഴികളെ ശതാബ്ദി വർഷത്തിൽ പോസ്സെന്തി അച്ചൻ അനുസ്മരിക്കുന്നു. ബഥനിയുടെ ആരംഭത്തിലെ വറുതിയിൽ ദൈവം നൽകിയ സംരക്ഷണ കവചത്തിലൂടെ യാത്ര ചെയ്ത പൂർവ പിതാക്കന്മാർ ഇല്ലായ്മയുടെയും വല്ലായ്മയുടെയും സഹന നിമിഷങ്ങളെ സന്തോഷമാക്കി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവും ബഥനിയിലെ പൂർവ്വപിതാക്കന്മാരും വിശ്വാസത്തോടും പ്രത്യാശയോടും നടത്തിയ സഹനവഴികളെ പുതുതലമുറക്കായി പങ്കുവയ്ക്കുന്നു.

ബഥനിയിൽനിന്നും പ്രകൃതിയുടെ താളത്തിലേക്കാണ് പോസ്സെന്തി അച്ചന്റെ അടുത്ത നീക്കം. ബഥനി പ്രകൃതിയുടെ താളത്തിലാണ് പ്രതിഷ്ഠിക്കപ്പെട്ടതു എന്നത് ഒരു നിമിത്തമാകാം. സംഗീതം പഠിച്ച, കലാപഠന കേന്ദ്രം നടത്തിയ പൊസ്സെന്തി അച്ചൻ സംഗീതത്തിന്റെ താളാത്മകതയെ പ്രപഞ്ചത്തിന്റെ താളാത്മകതയോടു ബന്ധിപ്പിച്ചാണ് തന്റെ വിചിന്തനം ആരംഭിക്കുന്നത്. സൃഷ്ടികർമത്തിലെ മനോഹാരിതയെ ദൈവം തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഉൽപ്പത്തി പുസ്തകത്തിലെ സൃഷ്ടി

www.malankaralibrary.com

വിവരണത്തിൽ നിന്നുകൊണ്ടാണ് പ്രപഞ്ചതാളത്തെക്കുറിച്ചുള്ള ചിന്തകൾ പുരോഗമിക്കുന്നത്. സൗരയൂഥത്തിന്റെയും ഋതുഭേദങ്ങളുടെയും ജീവജാലങ്ങളുടെയും താളലയങ്ങളുടെ മനോഹാരിതയെ വളരെ സൂക്ഷ്മമായിട്ടാണ് പോസ്സെന്തി അച്ചൻ അവതരിപ്പിക്കുന്നത്. പ്രകൃതിയുടെ താളലയങ്ങൾക്കനുസരിച്ചാണ് മനുഷ്യജീവിതം ഒഴുകേണ്ടത്. എന്നാൽ സ്വാർത്ഥതയും മനസ്സിലെ ദുഷ്ടചിന്തകളും പ്രകൃതിയുടെ താളലയങ്ങൾക്കു വിരുദ്ധമായി ജീവിക്കുവാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു. ആധുനിക കാലഘട്ടത്തിൽ മനുഷ്യരുടെ ഇടയിൽ സാധാരണ കാണപ്പെടുന്ന 'ജീവിത ശൈലി രോഗങ്ങൾ' ഈ താളംതെറ്റലിന്റെ പ്രതിഫലനമാണ്. താളം തെറ്റിയ മനുഷ്യരിലെ സ്വാർത്ഥത പരിസര മലിനീകരണത്തിലൂടെ പ്രപഞ്ചതാളവും തെറ്റിക്കുന്നു. സുദീർഘമായ കാലം ബഥനി പ്രകൃതി ചികിത്സ കേന്ദ്രത്തിൽ കടന്നു വരുന്ന രോഗികളും ആത്മീയ ഉപദേശത്തിനായി തന്നെ സമീപിക്കുന്നവരുടെ ജീവിത താളത്തെ കുറിച്ചുള്ള അറിവിൽനിന്നുമാണ് പ്രകൃതിയുടെ താളലയങ്ങൾക്കനുസരിച്ചു മനുഷ്യജീവിതത്തെ ക്രമപ്പെടുത്തുവാനുള്ള പോസ്സെന്തി അച്ചന്റെ ചിന്തകൾ പ്രസക്തമാകുന്നത്.

സംഗീതത്തിലെ താളലയങ്ങൾക്കു ഒരു ശ്രുതിയുണ്ട്. ശ്രുതിക്ക് മറ്റൊരു അർഥം കൂടിയുണ്ട്. ദൈവീക വെളിപാടുകൾ സ്വീകരിച്ചു വരും തലമുറയ്ക്ക് പകർന്ന് കൊടുക്കുന്ന പ്രക്രിയ. വിവിധ മതങ്ങളിൽ പെട്ടവർ തങ്ങൾക്കു ലഭിച്ച ദൈവീക വെളിപാടുകൾ ക്രോഡീകരിക്കുകയും അതനുസരിച്ചു ജീവിതക്രമം ചിട്ടപ്പെടുത്തിയതിന്റെയും കഥയാണ് തങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങളിലൂടെ വിവരിക്കുന്നത്. ലോകമതങ്ങളിൽ പെട്ട ഹിന്ദുമതം, ബുദ്ധമതം, ഇസ്ലാം, ക്രൈസ്തവമതം തുടങ്ങിയവയെ കുറിച്ച് ഇവിടെ പരാമർശിക്കുന്നു. ഇത് മതങ്ങളെ കുറിച്ചോ, മതഗ്രന്ഥങ്ങളെ കുറിച്ചോ ഉള്ള ഒരു പഠനമോ വിചിന്തനമോ അല്ല. ദൈവീക വെളിപാട് സ്വീകരിക്കുകയും അത് ജനങ്ങളിലേക്ക് പകരുകയും ചെയ്ത പുണ്യാത്മക്കളിലേക്കാണ് നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നത്. ഈശ്വരനെ കാണാൻ, കേൾക്കാൻ ആഗ്രഹിക്കുന്നവർ സ്വീകരിക്കേണ്ട മൗനമാണ് ഇവിടുത്തെ പ്രധാന പ്രമേയം. ശബ്ദമുഖരിതമായ ലോകത്തിൽനിന്നും ദൈവസ്വരം കേൾക്കാനായി മൗനത്തിന്റെ വാല്മീകത്തിലേക്കു പ്രവേശിക്കേണ്ടതിന്റെ ആവശ്യകതയിലേക്കു പോസ്സെന്തി അച്ചൻ നമ്മെ മാടി വിളിക്കുന്നു. രോഗശയ്യയിൽ, ആശ്രമാന്തരീക്ഷത്തിൽ ഈശ്വരസല്ലാപത്തിൽ ഏർപ്പെടുന്നതിന്റെ സന്തോഷമാണ് ഈ വരികളിലൂടെ പങ്കുവയ്ക്കുന്നത്.

www.malankaralibrary.com

അഞ്ചിതൾപ്പൂവിന് മരണമില്ല എന്ന ലേഖനം മൗനത്തിൽ നിന്നും ഒരുപടി ഉയർന്നു നിൽക്കുന്നു. സമർപ്പിതർ അതീന്ദ്രിയ ധ്യാനങ്ങളിലൂടെ ഈശ്വരസല്ലാപ ത്തിൽ ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന ഭാവമാണ് മിസ്റ്റിക് അനുഭവം. ഒരു മിസ്റ്റിക് പ്രകൃതിയെ നോക്കുന്നതും കാണുന്നതും വ്യത്യസ്ത അർത്ഥത്തിലാണ്. പ്രകൃതിയിൽ ദൈവീക രഹസ്യം കണ്ടെത്തിയ വിശുദ്ധ അപ്രേമിനെ ഒരു മിസ്റ്റിക് ആയിട്ടാണ് നാം വിശേഷിപ്പിക്കുക. കേരളത്തിൽ സർവ സാധാരണമായി കാണപ്പെടുന്ന ഒരു പുഷ്പമാണ് അഞ്ചിതൾപ്പൂവ്. ഒരു ചെടിയുടെ പുഷ്പിക്കുന്ന നിമിഷങ്ങളുടെ - മുകുളമായി ഇതളായി വിരിഞ്ഞുവരുന്ന - മാദക സൗന്ദര്യത്തെ വളരെ കാവ്യല്മക മായിട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പൂവിൽ നിന്നും തേൻ നുകരനായി കടന്നു വരുന്ന കിളിയിലേക്ക് തുടർന്ന് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. തേൻ നുക രനായി വരുന്ന കിളിയും അഞ്ചിതൾപ്പൂവും തമ്മിലുള്ള ബന്ധത്തെ മനോഹരമായ ഒരു പ്രണയമായിട്ടാണ് പോസ്സെന്തി അച്ചൻ അവതരിപ്പിക്കുന്നത്. യേശുവും മനുഷ്യരും തമ്മിലുള്ള ബന്ധവും ഒരു പ്രണയമാണ്. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിന്റെ ഉദാത്ത ഭാവമാണ് യേശുവിന്റെ മനുഷ്യാവതാരം. നമ്മെ രക്ഷിക്കു വാനായി നമ്മളിൽ ഒരാളായ യേശു സ്വന്ത ജീവനെ നമുക്കായി തന്ന അമൂർത്ത സ്നേഹത്തെ ഒരു തീവ്ര പ്രണയമായി പോസ്സെന്തി അച്ചൻ ഇവിടെ അവതരിപ്പി ക്കുന്നു. പ്രണയ സാഫല്യത്തിനായി സ്വന്തജീവനെ പങ്ക് വയ്ക്കുന്ന യേശു സ്നേഹത്തെ പ്രണയത്തോടു സാമ്യപ്പെടുത്തുന്ന ചിത്രം അതിസുന്ദരമാണ്.

'ഇതാ നിന്റെ അമ്മ' എന്ന് പറഞ്ഞുകൊണ്ടാണ് യേശു സ്വന്തം അമ്മയെ ലോകത്തിന്റെ മുഴുവൻ അമ്മയായി യോഹന്നാൻ ശ്ലീഹായെ ഏൽപ്പിക്കുന്നത്. ഇത് യേശുവിന്റെ കുരിശുമൊഴികളിൽ പെടുന്നു. മാതൃസ്നേഹത്തെക്കുറിച്ചു, വാത്സല്യത്തെക്കുറിച്ചുള്ള സ്നേഹഗീതമാണ് ഇതിലെ ഇതിവൃത്തം. പരിശുദ്ധ കന്യകാമറിയവും യേശുവും തമ്മിലുള്ള ഗാഢമായ ബന്ധമാണ് ഇവിടെ പ്രകടമാ കുന്നത്. യേശുവിനെ ദേവാലയത്തിൽ സമർപ്പിച്ചപ്പോൾ ശിമയോൻ പറഞ്ഞ 'നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും' എന്ന് നടത്തിയ പ്രവചനം നിവർത്തി ക്കുന്ന നിമിഷത്തെ ഈ തിരുമൊഴി സൂചിപ്പിക്കുന്നു.

'ആത്മസഖീ' എന്ന പേരിലുള്ള അവസാനത്തെ അധ്യായം സ്വാനുഭവം ആണ്. സഹനം എല്ലാവരുടെയും ജീവിതത്തിലുണ്ട്. എന്നാൽ ജീവിതം മുഴുവൻ സഹന മാകുമ്പോഴോ? തന്റെ ജീവിതത്തിലേക്ക് വിരുന്നു വന്ന സഹനത്തെ ആത്മസഖി യാക്കിയ അനുഭവമാണ് ഇവിടെ വിവരിക്കുന്നത്. അപ്രതീക്ഷമായി ജീവിതത്തിലേക്ക്

www.malankaralibrary.com

കടന്നു വന്ന നിരാശയുടെ ദുരനുഭവം തന്ന അസ്വസ്ഥതകൾ, അതിനോടുള്ള വിരക്തി ... വെറുപ്പ് ... എന്നാൽ ഈ അസ്വസ്ഥതയെ ദൈവനിയോഗമായി മനസിലാക്കിയ നിമിഷങ്ങൾ സഹനത്തെ സന്തോഷമാക്കി. ഇത് പോസ്സെന്തി അച്ചന്റെ സഹനജീവിതമാകുന്ന കുരിശിലെ പുഞ്ചിരിയാണ്.

Jean-Claude Larchet എഴുതിയ രോഗത്തിന്റെ ദൈവശാസ്ത്രം "Theology of Illness" (2002) എന്ന ഗ്രന്ഥം രോഗം, സഹനം എന്നിവയോടുള്ള ക്രിസ്തീയ പ്രതികരണം മനോഹരമായി അവതരിപ്പിക്കുന്നു. ഒരു തത്വചിന്തകനും ദൈവ ശാസ്ത്രജ്ഞനുമായ ലാർചേറ്റ് സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെ സഹായ ത്തോടെ തത്വശാസ്ത്ര പരമായിട്ടാണ് വിഷയം അവതരിപ്പിക്കുന്നത്. ഇതിലെ അടിസ്ഥാന പ്രമേയം രോഗത്തെ ഒരു പ്രതിഭാസമായി കാണുകയും രോഗിയെ മാറ്റി നിർത്തി ഡോക്ടർ ഈ പ്രതിഭാസത്തെ ചികിത്സിക്കുകയും ചെയ്യുന്ന സമകാലീന രീതിയിൽ നിന്നും വ്യത്യസ്തമായി ദൈവത്തിന്റെ സൃഷ്ടിയുടെ ഭാഗമായ മനുഷ്യരുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന രോഗത്തെയും സഹനത്തെയും സൃഷ്ടാവിന്റെ ദൈവീക രഹസ്യങ്ങളുടെ പശ്ചാത്തലത്തിൽ മനസിലാക്കുന്നതിന് ശ്രമിക്കുന്നു എന്നതാണ്. ദൈവൈക്യത്തിൽ രോഗാവസ്ഥയെ പ്രതിരോധിക്കുന്നതിനുള്ള പ്രചോദനം ഈ പുസ്തകത്തിന്റെ സവിശേഷതയാണ്. പോസ്സെന്തി അച്ചൻ എഴുതിയ കുരിശിലെ പുഞ്ചിരിയും നമ്മുടെ സഹനങ്ങളെ ദൈവത്തോട് ചേർത്ത് വച്ച് മനസിലാക്കുന്നതിനും അതിനെ അതിജീവിക്കുന്നതിനുമുള്ള ശ്രമത്തിന്റെ പരിണത ഫലമാണ്. നമ്മുടെ സഹനനിമിഷങ്ങളെ സന്തോഷമാക്കാൻ അച്ചന്റെ ചിന്തകൾ നമ്മെ സഹായിക്കട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഫാ. മത്തായി കടവിൽ ഒ.ഐ.സി.

www.malankaralibrary.com

## ഉള്ളടക്കം


| | |
|---|---|
| അവതാരിക | 07 |
| അവലോകനം | 09 |
| ആസ്വാദനം | 12 |
| 1. കുരിശിൽ വിരിഞ്ഞ പുഞ്ചിരി | 19 |
| 2. ബഥനിയുടെ സഹനസിദ്ധി | 28 |
| 3. പ്രകൃതിയുടെ താളം | 43 |
| 4. ശ്രുതി | 53 |
| 5. അഞ്ചിതൾ പൂവിനു മരണമില്ല | 64 |
| 6. "ഇതാ നിന്റെ അമ്മ" | 70 |
| 7. ആത്മസഖി | 75 |

www.malankaralibrary.com

# 1



# കുരിശിൽ വിരിഞ്ഞ പുഞ്ചിരി

www.malankaralibrary.com

## കുരിശിൽ വിരിഞ്ഞ പുഞ്ചിരി

ചിരി ഒരു കലയാണ്. സൃഷ്ടി കർത്താവ് തന്റെ ശ്രേഷ്ഠ സൃഷ്ടിയായ മനുഷ്യന് മാത്രം കൊടുത്ത ഒരു വരദാനമാണ് ചിരിക്കാനുള്ള കഴിവ്. പക്ഷെ ഈ കല ചിലർക്കൊക്കെ അന്യമാണ്. ഈജിപ്തിലെ ക്ലെയോപാട്രാ, ട്രോയിലെ (ടർക്കി) ഹെലൻ, ഇംഗ്ലണ്ടിലെ ഡയാനാ, ഭാരതത്തിലെ സുസ്മിതാ സെൻ തുടങ്ങിയ വിശ്വസുന്ദരിമാരുടെ വശ്യസുന്ദരമായ പുഞ്ചിരി സൗന്ദര്യാരാധകരുടെ മനം മയക്കുന്നുണ്ട്. ഒരു ശിശുവിന്റെ പുഞ്ചിരി ഇഷ്ടപ്പെടാത്തവരുണ്ടോ?

ജീവിതത്തിന്റെ അമിതഭാരമോ, മാനസ്സിക ശാരീരിക വൈകല്യങ്ങളോ മറ്റ് ചില പ്രതികൂല സാഹചര്യങ്ങളോ ഒക്കെ ആവാം ഈ സുന്ദരകല അത്തരക്കാർക്ക് വഴങ്ങാത്തത്. മലയാള കവികളും സാഹിത്യകാരന്മാരും പുഞ്ചിരിയെ പുഷ്പത്തോടാണ് സാമ്യപ്പെടുത്തുന്നത് 'പുഞ്ചിരി വിടരുന്നു' എന്നാണല്ലോ പദപ്രയോഗം തന്നെ. സുഹൃത്തിനുവേണ്ടി നമ്മുടെ മുഖത്ത് പുഞ്ചിരിയുടെ പുഷ്പം വിടരുമ്പോൾ സുഹൃത്തിന്റെ മുഖത്തും വിടരുന്നു പുഞ്ചിരിയുടെ പുഷ്പം. പകർച്ചവ്യാധി പോലെയാണീതെന്ന് അനുഭവസ്ഥർ പഠിപ്പിക്കുന്നു. സന്തോഷത്തിന്റെ സന്താനമാണ് പുഞ്ചിരി, ഒന്നിനെ

www.malankaralibrary.com



മറ്റതിൽ നിന്ന് വേർതിരിക്കാനാവില്ല. സന്തോഷമുള്ളിടത്ത് പുഞ്ചിരി യുണ്ട്. പുഞ്ചിരി ഇല്ലെങ്കിൽ സന്തോഷവും ഇല്ല. അപരന് കൊടു ക്കാവുന്ന വിലയേറിയ ഒരു സമ്മാനമാണ്, നിസ്സാരമെന്ന് തോന്നുന്ന ഒരു പുഞ്ചിരി. ഒരാളുടെ ജീവിതത്തെ മാറ്റി എഴുതാൻ കെല്പുള്ള മാന്ത്രികശക്തിയുണ്ട് പുഞ്ചിരിയ്ക്ക്.

ഏതാനും ദശവർഷങ്ങൾക്കുമുമ്പ് സന്തോഷവും പുഞ്ചിരി യും വിഷയമാക്കിയിരുന്നത് കവികളും തത്വചിന്തകരും മാത്രമായി രുന്നു. എന്നാൽ ഇന്ന് മനഃശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, സാമ്പത്തികശാസ്ത്രം പോലും പുഞ്ചിരിയും സന്തോഷ വും വിഷയമാക്കി ആഴമായ പഠനവും ഗവേഷണങ്ങളും നടത്തുന്നു.

ആരോഗ്യ പരിപാലനത്തിൽ സന്തോഷത്തിനുള്ള സ്വാധീനം ചില്ലറയൊന്നുമല്ല. ന്യൂറോളജി വിദഗ്ദ്ധയായ ആയിഷാ ഗുപ്തയുടെ അഭിപ്രായത്തിൽ സന്തോഷത്തിൽ നിന്നാണ് പുഞ്ചിരി ഉരുവാകു ന്നത്. നിങ്ങൾ പുഞ്ചിരിക്കുമ്പോൾ നിങ്ങളുടെ തലച്ചോറിൽ ഡൊപ്പാ മിൻ (Dopamine), സെറെറ്റോണിൻ (Serotonin) എന്നീ ഹോർമോ ണുകൾ ഉല്പാദിപ്പിക്കപ്പെടുന്നു. ഇവ നിങ്ങളുടെ പിരിമുറുക്കം കുറച്ച് രക്തസമ്മർദ്ദം സാധാരണ നിലയിലാക്കുന്നു, സന്തോഷത്തെ പ്രദാനം ചെയ്യുന്നു. Dr. Murray Grossan കൂട്ടിച്ചേർക്കുന്നു, സന്തോഷം ശരീരത്തിന്റെ പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നു, വിഷാദഭാവത്തെ മാറ്റികളയുക മാത്രമല്ല ആയുസ്സിന്റെ ദൈർഘ്യം പോലും വർദ്ധി പ്പിക്കുന്നു. (Nov. 29, 2017 - By Nicole Sepector) Dr. Ritzo-യ്ക്ക് നിർദ്ദേശിക്കാനുള്ളത് മറ്റൊന്നാണ്. ദിവസവും നിങ്ങൾ കണ്ണാടിയിൽ നോക്കി പുഞ്ചിരിക്കുക. നിങ്ങളുടെ വിഷാദഭാവവും മ്ലാന കോപ ശീലങ്ങളും ക്രമേണ മാറി നിങ്ങൾ സന്തോഷവാനാകും. മാനസ്സീക ശാരീരിക തലങ്ങളിൽ ഇത്രയധികം പ്രാധാന്യമേറിയ സന്തോഷവും പുഞ്ചിരിയും ആത്മാവിന്റെ തലങ്ങളിലും അപ്രകാരം തന്നെ ആയി രിക്കും.

നന്മ എവിടെയുണ്ടോ അവിടെ സന്തോഷവും ആനന്ദവും ഉണ്ടാകും ഫലത്തിൽ ദൈവസാന്നിധ്യവും ഉണ്ടാകും. ദൈവം ഉള്ളി

www.malankaralibrary.com



ടത്ത് സന്തോഷത്തിന്റെ പ്രതിഫലനമായ പുഞ്ചിരി വിരിയും. ദുഃഖ പൂർണ്ണമായ ജീവിതത്തെ സ്നേഹംകൊണ്ട് സഹനമാക്കി, സന്തോഷപൂരിതമാക്കുമ്പോൾ 'മധുരതരമീ നൊമ്പരം' എന്ന് തോന്നും.

ഒട്ടുമിക്ക ചിത്രകാരന്മാരുടെ കലാസൃഷ്ടികളിലും വേദന കൊണ്ട് വലിഞ്ഞ് ചുളിഞ്ഞ്, ദുഃഖം തളംകെട്ടിയ മുഖമാണ് കുരിശിലെ യേശുവിന്റേത്. അതിക്രൂരമായ ശാരീരിക മാനസിക പീഡകളും ആത്മസംഘർഷങ്ങളും അനുഭവിക്കുന്ന ഭാവമാണ് ആ മുഖത്ത്. നിസ്സഹായതയുടെ ആഴവും നിരാശയുടെ കരിനിഴലും കൊണ്ട് യേശുവിന്റെ മുഖത്തെ ഇത്തരക്കാർ വിരൂപമാക്കുന്നു. കഷ്ടതകളുടെ കരിമേഘം ഇരുണ്ടുകൂടിയ ആ നസ്രായക്കാരന്റെ മുഖത്തേക്ക് നോക്കുന്നവർക്ക് അനുകമ്പയിൽ നിന്നുണ്ടായ ആത്മീയ ഉണർവ് അനുഭവവേദ്യമാകുന്നു എന്ന് തോന്നിപ്പോകുന്നു.

വി. ഫ്രാൻസിസ് സേവ്യർ ബാലനായിരുന്നപ്പോൾ തന്റെ മുറിയിൽ സൂക്ഷിച്ചിരുന്ന 13-ാം നൂറ്റാണ്ടിലേതെന്ന് കരുതപ്പെടുന്ന ക്രൂശിതനായ യേശുവിന്റെ ചിത്രത്തിന് മുമ്പിൽ ദിവസേന പ്രാർത്ഥിച്ചിരുന്നു. ആ ചിത്രത്തിലെ യേശുവിന് പുഞ്ചിരിക്കുന്ന ഒരു മുഖമായിരുന്നു എന്ന് ലിസാ തന്റെ ലേഖനത്തിൽ കുറിക്കുന്നു. (Catching Jesus Smiling at me - Lisa Diniz) അതികഠിനമായ വേദനയിലും പുഞ്ചിരിക്കുന്ന യേശുവിന്റെ മുഖചിത്രം വരയ്ക്കാൻ ആ കലാകാരനെ പ്രേരിപ്പിച്ചതിന്റെ രഹസ്യം എന്തായിരിക്കും? ആ രഹസ്യത്തിന്റെ ചില വെളിപ്പെടുത്തലുകൾ സുവിശേഷങ്ങളിൽ കാണാം. കുരിശിലെ യേശുവിന്റെ തിരുമൊഴികൾ ധ്യാനിച്ചാൽ അത് തെളിഞ്ഞുവരും. സ്നേഹവും ക്ഷമയും കരുണയും കരുതലുകളും തുളുമ്പി നിൽക്കുന്നതാണ് അവ ഓരോന്നും. "പിതാവേ അവരോട് ക്ഷമിക്കണമെ അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ. 23/34). പീഡകരുടെ പാപം ക്ഷമിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുന്ന യേശു ബലിമൃഗങ്ങളുടെ രക്തം കൊണ്ട് ജനത്തിന്റെ പാപം മായ്ക്കുന്ന പഴയനിയമത്തിലെ പരിഹാരബലിക്കു പകരം യേശു സ്വന്തരക്തത്താൽ ലോകത്തിന്റെ

www.malankaralibrary.com



പാപപരിഹാരം സാധിക്കുന്നു. ലോകത്തിന്റെ മുഴുവൻ പാപവും ക്ഷമിച്ചുകിട്ടുവാൻ വിലയായി കൊടുത്തത് ആ ദൈവപുരുഷന്റെ ജീവനും രക്തവും ആയിരുന്നു.

തന്റെ സുവിശേഷ പ്രഘോഷണ വേളയിൽ ഒരിക്കൽ യേശു ജനത്തോട് ചോദിച്ചു. നിങ്ങളെ സ്നേഹിക്കുന്നുവരെ നിങ്ങൾ സ്നേഹിച്ചാൽ അധികമായി നിങ്ങൾ എന്തു ചെയ്യുന്നു. പാപികളും അങ്ങനെ ചെയ്യുന്നില്ലേ? എന്നാൽ നിങ്ങളുടെ ശത്രുക്കളെ - നിങ്ങളെ ദ്രോഹിച്ചവരെ നിങ്ങൾ സ്നേഹിക്കുവിൻ. ഇപ്രകാരമുള്ള സ്നേഹത്തിന് ആദ്യമേ വേണ്ടത് ക്ഷമയാണ്. ക്ഷമിക്കാതെ സ്നേഹിക്കാനാവില്ല. അത്തരം സ്നേഹത്തിന് തിളക്കം കൂടും.

ക്ഷമയുടെ പാഠങ്ങളും ക്ഷമിക്കാനുള്ള ആഹ്വാനവുമാണ് സുവിശേഷത്തിന്റെ ഏറിയ പങ്കും. രോഗസൗഖ്യത്തിനായ് വന്ന വരുടെ പാപങ്ങൾ യേശു ക്ഷമിക്കുന്ന സംഭവങ്ങൾ ഉണ്ട്. ബലി അർപ്പിക്കും മുമ്പ് സഹോദരനോട് ക്ഷമിക്കാൻ യേശു ഉപദേശി ക്കുന്നു. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും ക്ഷമിക്കണെ എന്ന പ്രാർത്ഥന യേശു ശിഷ്യ ന്മാരെ പഠിപ്പിക്കുന്നു. പാപിനിയെന്ന് എല്ലാവരും മുദ്രയിട്ട ആ സ്ത്രീയോട് ക്ഷമിക്കുന്ന ക്രിസ്തുവിനെ നാം സുവിശേഷത്തിൽ കാണുന്നു.

യജമാനൻ കടം ഇളച്ചുകൊടുത്ത സേവകൻ ചെന്ന് അയാ ളുടെ കടക്കാരനെ ദ്രോഹിച്ച ഉപമയിലൂടെ ക്ഷമയുടെ പ്രാധാന്യം ക്രിസ്തു പഠിപ്പിക്കുന്നു. സഹോദരനോട് ഏഴ്, എഴുപതു പ്രാവശ്യം ക്ഷമിക്കുവാനും, അവിടുന്ന് അനുസ്മരിപ്പിക്കുന്നു. ഗോഗുൽത്താ യിൽ തന്റെ രക്തത്താൽ ലോകം മുഴുവന്റേയും തെറ്റുകൾക്ക് മോചനം നേടിയെടുത്ത യേശു തന്നോട് തെറ്റ് ചെയ്തവരോട് ക്ഷമി ക്കാൻ പിതാവിനോട് കേഴുന്നു.

ഒരാൾ അപരനോട് ക്ഷമിക്കുമ്പോൾ ക്ഷമിക്കുന്നവനും ക്ഷമി ക്കപ്പെടുന്നവനും ഒരുപോലെ സന്തോഷിക്കുന്നു. ആ സന്തോഷ

www.malankaralibrary.com



ത്തിൽ നിന്ന് സ്നേഹത്തിന്റെ മുളപൊട്ടുന്നു. സ്നേഹിക്കുന്നതിനേക്കാൾ ആയാസകരമാണ് ക്ഷമിക്കാൻ എന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. തെറ്റു ചെയ്യുക എന്നത് മാനുഷികവും ക്ഷമിക്കുക എന്നത് ദൈവീകവുമാണ്. ദൈവത്തിനും ദൈവിക മനുഷ്യനുമേ ക്ഷമിക്കാനാവൂ. ചുരുക്കത്തിൽ ക്ഷമിക്കുന്നവൻ സന്തോഷിക്കുന്നെങ്കിൽ കുരിശിലെ യേശുവും സന്തോഷിക്കുന്നു. അത് ഒരു പുഞ്ചിരിയായി ആ മുഖത്ത് വിടരുന്നു.

കുരിശിലെ യേശുവിന്റെ സന്തോഷത്തിന് മറ്റൊരു കാരണം, കരുണ തുളുമ്പുന്ന കുരിശിലെ മൊഴിയാണ്. വലതുവശത്ത് കുരിശിക്കപ്പെട്ടവനോട് യേശു പറഞ്ഞു "നീ ഇന്ന് എന്നോട് കൂടി പറുദീസായിലായിരിക്കും" (ലൂക്കാ. 23/43) അവകാശമില്ലാതെ ഒരു വ്യക്തിക്ക് കിട്ടുന്ന ദാനമാണ് കരുണ. ഹൃദയത്തിന്റെ ഒരു ഭാവമാണിത്. ഇതു തന്നെയാണ് "ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ അവരോട് ക്ഷമിക്കണമെ" ലൂക്കാ. 23:34 എന്ന തിരുമൊഴിയിലും നാം കാണുന്നത്. കരുണ അർഹിക്കുന്നവന് അത് നിഷേധിക്കുന്നത് കുറ്റകരമാണുതാനും. സുവിശേഷത്തിൽ തിളങ്ങി നിൽക്കുന്ന ധനവാന്റേയും ലാസറിന്റേയും ഉപമ വിരൽ ചൂണ്ടുന്നത് ഈ സത്യത്തിലേക്കാണ്. തന്റെ വീട്ടുപടിക്കൽ കിടക്കുന്ന ലാസറിനോട് തെറ്റൊന്നും ചെയ്തില്ലെങ്കിലും ധനവാനെ നിത്യശിക്ഷയിലേക്ക് അയക്കുന്നത് അയാൾക്ക് കരുണയുടെ കണ്ണില്ലാത്തതുകൊണ്ടാണ്. അനുഷ്ഠാനാദികളിൽ മാത്രം ആത്മസംതൃപ്തിയടയുന്ന യഹൂദ വർഗ്ഗത്തോട് യേശു പറയുന്നു ബലിയല്ല എന്നെ പ്രീതിപ്പെടുന്നത് മറിച്ച് കരുണയത്രെ. തന്നെ കേൾക്കാൻ ദിവസങ്ങളോളം കൂടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തോട് കരുണ തോന്നി അവർക്ക് അപ്പം കൊടുക്കുന്ന ക്രിസ്തുവിനെ സുവിശേഷത്തിൽ കാണാം. കരുണയുടെ ആർദ്രഭാവമുള്ളവർ ഭാഗ്യവാൻമാരെന്നും അവരിലേക്ക് കരുണ ഇരട്ടിയായി ഒഴുകിയെത്തുമെന്നും അഷ്ടഭാഗ്യങ്ങളിൽ യേശു വ്യക്തമാക്കുന്നു. കാലിത്തൊഴുത്തു മുതൽ കാൽവരി വരെയുള്ള നസ്രായന്റെ ജീവിതം മനുഷ്യ ഹൃദയങ്ങളെ കരുണാമൃതവർഷത്താൽ കുളിരണിയിക്കുന്നതായിരിക്കുന്നു. വെറുമൊരു

www.malankaralibrary.com



കരുണാകടാക്ഷത്താൽ എത്രയെത്ര ഹൃദയങ്ങളെ മാറ്റിമറിച്ചു? പാപിനിയായ സ്ത്രീ, ചുങ്കക്കാരൻ മത്തായി, സക്കേവൂസ്, ശിഷ്യ പ്രധാനിയായ പത്രോസ്, കുരിശിൻ ചുവട്ടിലെ ശതാധിപൻ എന്നിവ രൊക്കെ അവരിൽ ചിലർ മാത്രം. ലോകത്തിന്റെ പാപക്ഷമയ്ക്കാ യുള്ള കുരിശിലെ രക്ഷണീയ കർമ്മത്തിന്റെ ആദ്യ ഫലമെന്നോ ണം വലഭാഗത്തുള്ളവനേയും കൂട്ടി പറുദീസയിൽ എത്തുന്നത് കരുണയുടെ മഹാപ്രവാഹത്തിലാണ്. കരുണ ഒരു ദൈവിക ഭാവ മാണ്. സ്നേഹത്തിലെന്നപോലെ കരുണ ലഭിക്കുന്നവനെക്കാൾ കരുണ കൊടുക്കുന്നവനാണ് ഏറെ സന്തോഷിക്കുന്നത്. കുരിശിലെ മരണസമയത്തും ക്രിസ്തു കരുണയുടെ വറ്റാത്ത ഉറവയായി മാറിക്കൊണ്ട് അവിടുന്ന് ഏറെ സന്തോഷിച്ചിരുന്നു.

ക്ഷമ ഉള്ളിടത്ത് കരുണയും കരുതലും ഉണ്ടായേ തീരൂ. ഇവ മൂന്നും സ്നേഹത്തിന്റെ ഉദാത്തഭാവങ്ങൾ ആണ്. സ്വന്തപ്പെട്ടവരുടെ സുരക്ഷിതത്വം ഏതൊരാളും, പ്രത്യേകിച്ച് അയാളുടെ ജീവിതാന്ത്യ ത്തിൽ ആഗ്രഹിച്ചുപോകും. മരണത്തോടടുത്ത യേശു കുരിശിൻ ചുവട്ടിൽ നിൽക്കുന്ന തന്റെ പ്രിയ ശിഷ്യനെ അമ്മയ്ക്കും അമ്മയെ ശിഷ്യനും ഏൽപ്പിച്ചുകൊടുക്കുന്നു. ഹൃദയസ്പർശിയായ മൊഴി കളിൽ കരുതലിന്റെ കുത്തൊഴുക്കാണുള്ളത് (യോഹ. 19/26). യേശു വിന്റെ പുത്രസ്ഥാനം ശിഷ്യന് കൈമാറി കൊണ്ട് സ്വമാതാവിനെ ശിഷ്യന്റെ അമ്മയായി പ്രഖ്യാപിക്കുന്നു. താൻ ഉരുവായ നിമിഷം മുതൽ കുരിശിലെ അന്ത്യയാമങ്ങൾ വരെ അവിടുന്ന് അനുഭവിച്ച റിഞ്ഞ കരുതലിന്റെ ഊഷ്മളത അവാച്യമായിരുന്നു. അമ്മയ്ക്കായി കരുതി വച്ച കരുതലിന്റെ മധുരസ്മരണകൾ ഓരോന്നും യേശു വിന്റെ മനോമുകുരത്തിൽ ഓടിയെത്തി. സന്തോഷത്തിന്റെ വേലി യേറ്റമായിരുന്നു ആ മുഖത്ത്. ഹൃദയത്തെ തൊട്ടുണർത്തി കടന്നു പോയ കരുതലിന്റെ അനുഭവസാക്ഷ്യങ്ങൾ സുവിശേഷത്തിൽ ഏറെയുണ്ട്. അപ്പം തിന്ന് തൃപ്തരായവർ, അത്ഭുതശക്തിയാൽ സൗഖ്യം പ്രാപിച്ചവർ, മരണത്തിൽ നിന്ന് ജീവനിലേക്ക് തിരിച്ചു വന്നവർ, പാദാന്തികത്തിൽ നിന്ന് പാപമോക്ഷം പ്രാപിച്ചവർ, കടൽ ക്കരയിൽ അപ്പവും മീനും കഴിച്ചവർ ചുരുക്കത്തിൽ ആ നസ്രായന്റെ കരുതലിന്റെ മധുരിമ രുചിച്ചറിയാത്തവർ സുവിശേഷത്തിൽ ആരും

www.malankaralibrary.com



തന്നെ കാണുകയില്ല. ക്രിസ്തുവിന്റെ മൗതീക ശരീരമായ തിരുസഭയിലൂടെയും കൂദാശകളിലൂടെയും, ക്ഷമയുടേയും, കരുണയുടേയും കരുതലിന്റേയും നിലയ്ക്കാത്ത നീരൊഴുക്ക് ഇന്നും തുടരുന്നു. പാപത്തിന്റെ ചെളിക്കുണ്ടിൽ കിടന്നുരുളുമ്പോഴും കരുതലിന്റെ കരങ്ങളിലാണ് നാമെന്ന് തിരിച്ചറിയണം. കുരിശിൽ മരിക്കുമ്പോഴും കരുതലിന്റെ സൗന്ദര്യം മനസ്സിലാക്കിയ യേശു സന്തോഷവാനായിരുന്നു എന്ന് കരുതാം.

ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ആരംഭിച്ച് ഗോഗുൽത്തായിലെ കുരിശുമരണവും മഹത്വീകരണവും വരെ നീണ്ടുനിന്ന യേശുവിന്റെ രക്ഷാകരപ്രവർത്തനം സ്നേഹത്തിന്റെ പ്രവൃത്തിയായിരുന്നു. ആ സ്നേഹപ്രവൃത്തിയുടെ ഒരു പ്രത്യേക ബാഹ്യപ്രകടനമെന്നോണം കുരിശിലെ രണ്ടു മൊഴികളെ വിലയിരുത്താമെന്ന് തോന്നുന്നു. “എല്ലാം പൂർത്തിയായി” (യോഹ. 19/30). പിതാവ് തന്നെ ഏൽപിച്ച ദൗത്യം അതിന്റെ പൂർണ്ണതയിൽ ചെയ്തുതീർത്തതിന്റെ ആത്മസംതൃപ്തിയിൽ നിന്നുയർന്നുവന്ന ആനന്ദവും, (യോഹ. 19/30), പഴയതിനെ പാഴാക്കാനല്ല നിയമത്തേയും പ്രവാചകന്മാരേയും പൂർത്തിയാക്കുന്ന തന്റെ നയത്തിന്റെ പൂർത്തീകരണത്തിലെ സന്തോഷവും, ജനതക്കുവേണ്ടിയുള്ള ദൈവിക വെളിപ്പെടുത്തലുകളുടെ പൂർണ്ണത തന്നിലൂടെ മാത്രം പിതാവ് നിവർത്തിച്ചതിലുള്ള ആഹ്ലാദവും (രണ്ടാം വത്തിക്കാൻ കൗൺസിൽ ജനതകളുടെ പ്രകാശം) ചിരിച്ചുകൊണ്ട് മരിക്കാൻ യേശുവിനെ പ്രാപ്തനാക്കി.

കുരിശുമരണത്തിലൂടെയാണ് യേശു മഹത്വത്തിലേക്ക് പ്രവേശിക്കുന്നത്, പിതാവിങ്കലേക്ക് തിരിച്ചു പോകുന്നത്. പ്രാണനെ, ജീവനെ അത് തന്നവന്റെ കൈകളിലേക്ക് തിരികെ നൽകി കൊണ്ട് (ലൂക്കാ. 23/46) പിതാവിന്റെ സ്നേഹത്തിൽ ഒന്നാകുന്ന മരണത്തിന്റെ ആ നിമിഷം നിശ്ചയമായും ആനന്ദത്തെ പ്രദാനം ചെയ്യുന്നതായിരിക്കണം. മരണം ഒടുക്കമല്ല. തുടക്കമാണ്. നിത്യതയിലേക്കുള്ള പ്രവേശന കവാടം.

“എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ ഉപേക്ഷിച്ചതെന്തുകൊണ്ട്” (മർക്കോ. 15/34) എന്ന യേശുവിന്റെ പ്രാർത്ഥനാ

www.malankaralibrary.com



മൊഴി ഗോഗുൽത്താമലയിൽ നിന്നും വിലാപത്തിൽ മാറ്റൊലിയായി ട്ടല്ല കേൾക്കുന്നത്. ലോകത്തിന്റെ മുഴുവൻ പാപവും സ്വയം ഏറ്റെ ടുത്ത് അതികഠിനമായ വേദനയിൽ നുറുങ്ങുന്ന യേശുവിന് സ്നേഹപിതാവിന്റെ സാന്നിധ്യത്തിലുള്ള സംശയം നീണ്ടുനിൽ ക്കാതെ ദൈവിക സ്വഭാവം നിറഞ്ഞുതുളുമ്പുന്ന മറ്റു മൊഴികളി ലേക്ക് യേശുവിന്റെ മനംമാറുന്നു. ഈ വിലാപമൊഴി നിരാശയുടേ യോ, വിഷാദത്തിന്റേയോ, പരിത്യജിക്കപ്പെട്ടെന്നോ ഉള്ള മനോഭാവ ത്തിൽ നിന്നോ, അല്ല മറിച്ച് ദൈവാശ്രയത്തിന്റേയും, ദൈവസ്നേഹ ത്തിന്റേയും, പിതാവിനോട് പുത്രനുള്ള സ്വാതന്ത്ര്യത്തിന്റേയും, പ്രാർത്ഥനാമൊഴിയാണത്. സങ്കീർത്തന കർത്താവായ ദാവീദ് രാജാ വിന്റെ പരാജയത്തിന്റെ, വേദനയുടെ, സ്ഥാനമാന പദവികളുടെ നഷ്ടങ്ങളുടെ നിമിഷങ്ങളിലെ മനോവ്യാപാരങ്ങളോട് ഐക്യ ദാർഢ്യം പ്രഖ്യാപിക്കുന്ന, ദാവീദിന്റെ തന്നെ പ്രാർത്ഥനാ സങ്കീർ ത്തനമാണ് യേശു ഇവിടെ ആവർത്തിക്കുന്നത് (സങ്കീ. 22/1).

കുരിശിലെ സ്നേഹത്തിന്റേയും ക്ഷമയുടേയും കരുണയുടേ യും, കരുതലിന്റേയുമായ പ്രവൃത്തിയിൽ നിന്ന് അണപൊട്ടിയൊഴു കിയ സന്തോഷം ക്രൂശിതന്റെ മുഖത്ത് പുഞ്ചിരിയായി വിടർന്നിരു ന്നുവെന്ന് അനുമാനിക്കുന്നതിൽ തെറ്റുണ്ടോ? പുഞ്ചിരിക്കുന്ന കുരിശിലെ യേശുവിനെ ധ്യാനിക്കുമ്പോൾ അവിടുത്തോടുള്ള സ്നേഹവും ഭക്തിയും വർദ്ധമാനമാകുമെന്നതിൽ സംശയമില്ല. ഒരു പക്ഷെ വി. ഫ്രാൻസിസ് സേവ്യർ വിശുദ്ധിയിൽ വളർന്നുവന്നതിന്റെ രഹസ്യവും മറ്റൊന്നായിരിക്കില്ല.



# 2



# ബഥനിയുടെ സഹനസിദ്ധി

www.malankaralibrary.com

## ബഥനിയുടെ സഹനസിദ്ധി

ബഥനി ആശ്രമം അതിന്റെ ശതാബ്ദി ആഘോഷത്തിന്റെ കൊടിയിറങ്ങി. നേട്ടങ്ങളുടേയും കോട്ടങ്ങളുടേയും, ദുഃഖത്തിന്റെയും ആനന്ദത്തിന്റേയും, വിജയത്തിന്റേയും തോൽവിയുടേയും ഒക്കെ വഴിയിലൂടെയായിരുന്നു ബഥനിയുടെ യാത്ര. ഉള്ളായ്മയും ഇല്ലായ്മയും പരിഹാസവും പുകഴ്ത്തലും എല്ലാം ബഥനി അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അപ്പോഴൊക്കെ കാലിടറാതെ ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു.

1919 ഓഗസ്റ്റ് 15-ാം തീയതി മുണ്ടൻമലയിൽ തുടങ്ങിയതാണ് ബഥനിയുടെ ഈ തീർത്ഥാടനം. ഈജിപ്തിലെ ഫറവോയുടെ അടിമത്തത്തിൽ നിന്ന് ഇസ്രായേലിനെ വാഗ്ദത്തഭൂമിയിലേക്ക് നയിച്ച മൂശയെപ്പോലെ സഭാപരമായ എല്ലാ അടിമത്തത്തിൽ നിന്നും സഭാമക്കളെ വിടുവിച്ച് സത്യത്തിന്റേയും സമാധാനത്തിന്റേയും ദേശത്ത് എത്തിക്കാൻ ദൈവത്താൽ അയക്കപ്പെട്ടവനാണ് മാർ ഈവാനിയോസ്. പണ്ഡിതാഗ്രേസരൻ, ബഹുഭാഷാജ്ഞാനി, പ്രഗൽഭവാഗ്മി, നയതന്ത്രജ്ഞൻ, ദീർഘദൃഷ്ടിയുള്ളവൻ, ബഥനി സന്യാസ സന്യാസിനി സഭാസ്ഥാപകനായ ഋഷിവര്യൻ, ദൈവസ്നേഹവും മനുഷ്യസ്നേഹവും കൈമുതലാക്കിയവൻ, അങ്ങനെ നീണ്ടുപോകുന്നു വിശേഷണങ്ങൾ.

www.malankaralibrary.com



20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ കേരള ക്രൈസ്തവ സുറിയാനി സഭയിലെ അരാജകത്വവും പരസ്പര വിദ്വേഷവും, അധികാരമോഹവും ഒക്കെ കണ്ട് മനംനൊന്ത ആ സഭാസ്നേഹി ഇത്തരം ഒരു ചെളിക്കുണ്ടിൽ നിന്നും സഭയെ കരകയറ്റാനുള്ള ദൗത്യം സ്വയം ഏറ്റെടുക്കുകയായിരുന്നു. ഉയരത്തിൽ നിന്നു കൊണ്ടേ കുഴിയിലുള്ളവരെ കരകയറ്റാൻ സാധിക്കൂ എന്ന സത്യം മനസിലാക്കിയ മാർ ഈവാനിയോസ് ആദ്യം കരകയറാൻ ശ്രമിച്ചു. താൻ ഉൾപ്പെടുന്ന സഭയുടെ ശുദ്ധീകരണത്തിനുള്ള സിദ്ധി ദൈവത്തിൽ നിന്ന് ലഭിച്ച ആത്മീയ ഗുരുവായിരുന്നു അദ്ദേഹം.

## എന്താണ് സിദ്ധി?

'കരിസ്മ' എന്ന ഗ്രീക്ക് പദത്തിന്റെ ഇംഗ്ലീഷ് വിവർത്തനമായ കാരിസം എന്ന വാക്കാണ് മലയാളത്തിൽ സിദ്ധി. സിദ്ധി എന്നാൽ 'നല്കപ്പെട്ടത്' എന്നർത്ഥം. കരിസ്മ എന്ന ഗ്രീക്ക് പദത്തിന് ആഴമുള്ള വിവിധ അർത്ഥതലങ്ങളുണ്ട്. ഒരു വ്യക്തിക്ക് ലഭിച്ച ഒരു പ്രത്യേകത കൊണ്ട് അയാൾക്ക് അനുഗാമികളും അനുയായികളും ഉണ്ടാകാം. അയാളുടെ ആശയങ്ങളും ആദർശങ്ങളും ആളുകൾ ഉൾക്കൊള്ളുന്നതിനാൽ വൻജനാവലി തന്നെ അയാളിലേക്ക് ആകർഷിക്കപ്പെട്ടേക്കാം. മറ്റൊരു തലം കൂടി കരിസ്മയ്ക്കുണ്ട്. ഒരു പ്രത്യേക ദൗത്യത്തിനായി ദൈവം ഒരുവനെ തെരഞ്ഞെടുത്ത് അതിനുവേണ്ട കൃപാവരം അയാളിൽ നിക്ഷേപിക്കുന്നു. അഥവാ നൽകപ്പെടുന്നു. ഇവിടെ വിവക്ഷിക്കുന്ന സിദ്ധി അത്തരം ഒന്നാണ്. വേദഗ്രന്ഥങ്ങളിൽ ഇത്തരം സിദ്ധി ലഭിച്ച ഒട്ടനവധി വ്യക്തികളുണ്ട്.

ദൈവത്തിൽ നിന്ന് നേരിട്ട് വ്യക്തിപരമായി സിദ്ധിയെ സ്ഥിരീകരിച്ചവനാണ് വി. പൗലോസ് (നടപടി 9/15*f*). വിശ്വാസികളുടെ പിതാവായ അബ്രഹാം, മോശ, പ്രവാചകന്മാർ, ദീർഘദർശികൾ, സ്നാപകയോഹന്നാൻ, ശിഷ്യന്മാർ, രക്തസാക്ഷികൾ, വിശുദ്ധർ, സഭാപിതാക്കന്മാർ അങ്ങനെ പോകുന്നു സിദ്ധി ലഭിച്ചവരുടെ നീണ്ട പട്ടിക. ശത്രുപക്ഷത്തുനിന്ന് പ്രധാന പടത്തലവനെ ഒരപൂർവ്വ ഇടപെടലിലൂടെ സ്വന്തപക്ഷത്തേക്ക് ബലം പ്രയോഗിച്ചുതന്നെ യേശു പിടിച്ചെടുക്കുന്നതാണ് നടപടി പുസ്തകത്തിൽ നാം കാണുന്നത് (നടപടി 9/15). വചനം പ്രഘോഷിച്ച് തന്റെ സഭയെ വളർ

www.malankaralibrary.com



ത്താൻ ഉള്ള ദൗത്യനിർവ്വഹണത്തിന് പൗലോസിന് സിദ്ധി നൽക പ്പെടുന്നു. തുടർന്നുള്ള വി. പൗലോസിന്റെ പ്രവർത്തനങ്ങളിൽ നൽകപ്പെട്ട ഈ സിദ്ധിയുടെ ദൈവശക്തി നാം കാണുന്നു.

പഴയനിയമത്തിൽ മൂശയ്ക്ക് ലഭിച്ച സിദ്ധിയും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. അടിമത്തത്തിൽ നിന്ന് തന്റെ ജനത്തെ വിടുവിച്ചുകൊണ്ടുവരാനുള്ള ദൗത്യം ദൈവം ഒരിടയച്ചെറുക്കനായ മൂശയെ ഏൽപ്പിച്ച് വിടുന്നു. ദൈവം നൽകിയ സിദ്ധിയാൽ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ പോലും മൂശയ്ക്ക് കഴിയുന്നു (പുറപ്പാട് 3/9*f*). ഇസ്രായേലിന്റെ രാജാവായി സോളമൻ അവരോധിക്കപ്പെട്ടപ്പോൾ അദ്ദേഹം ദൈവത്തോട് പ്രാർത്ഥിച്ചത് ജ്ഞാനം എന്ന വരത്തിനു വേണ്ടിയായിരുന്നു. "ജ്ഞാനവും വിവേകവും ഞാൻ നിനക്ക് നൽകുന്നു" (1 രാജാ. 3/28) എന്ന് യഹോവ അരുളിച്ചെയ്തു. ഏലിയ, ഏലീഷ, ജറമിയ തുടങ്ങി എല്ലാ പ്രവാചക ന്മാരേയും ദീർഘദർശിമാരേയും രാജാക്കന്മാരേയും നേതാക്കന്മാ രേയും ദൈവം തെരഞ്ഞെടുത്ത് അവരവരുടെ ദൗത്യനിർവ്വഹണ ത്തിനുള്ള വരം അഥവാ സിദ്ധി നൽകുന്നതായി പഴയനിയമത്തിന്റെ ഏടുകളിൽ കാണാം.

യേശു തന്റെ ശിഷ്യന്മാരെ ഏൽപ്പിച്ച ദൗത്യനിർവ്വഹണ ത്തിന് ആവശ്യമായ സിദ്ധിയുടെ ഉറവിടമായ പരിശുദ്ധാത്മാവിനെ തന്നെ അവർക്കു നൽകുന്ന ഒരൽഭുതപ്രവർത്തി നാം പുതിയനിയമ ത്തിൽ വായിച്ചറിയുന്നു (നടപടി 2/1-4). ആദിമ നൂറ്റാണ്ടിലെ സഭയുടെ അത്ഭുതാവഹമായ വളർച്ചയ്ക്ക്, സിദ്ധി ലഭിച്ച അനേകം പേർ രക്തസാക്ഷികളാകേണ്ടിവന്നു. സഭയുടെ ശക്തീകരണ ത്തിനും ശുദ്ധീകരണത്തിനും വേണ്ടി ദൈവം പ്രത്യേകം വിളിച്ച വിശുദ്ധന്മാരും വേദപാരംഗതരുമായ ആത്മാവിൽ നിറഞ്ഞവരുമായ ഒട്ടനവധി പ്രതിഭകളെ ചരിത്രത്തിൽ കാണാം. സഭയിൽ കാലാകാല ങ്ങളിൽ വന്നു ചേർന്ന വഴിവിട്ട ചിന്തകളെയും ദുർനടപടികളെയും ഒക്കെ തിരുത്തി, കാലത്തിന്റെ ആവശ്യങ്ങളും ചുവരെഴുത്തുകളും മനസ്സിലാക്കി പ്രവർത്തിക്കാനും പ്രാർത്ഥിക്കാനും സന്യാസശ്രേഷ്ഠ ന്മാരെ അവശ്യ സന്ദർഭങ്ങളിൽ ദൈവം സഭയിൽ ഉയർത്തികൊണ്ടു

www.malankaralibrary.com



വരുന്നു. വി. ഫ്രാൻസിസ് അസ്സീസ്സി, പാദുവായിലെ വി. അന്തോണിയോസ്, വി. അഗസ്റ്റീനോസ്, വി. അപ്രേം, വി. ബസേലിയോസ്, വി. ഇഗ്നേഷ്യസ് ലയോള, വി. അൽഫോൻസ് ലിഗോരി, കുരിശിന്റെ വി. യോഹന്നാൻ, വി. അമ്മ ത്രേസ്യാ, വി. കൊച്ചു ത്രേസ്യാ, വി. എവുപ്രാസ്യേമ്മ, വി. അൽഫോൻസാമ്മ തുടങ്ങി ഒരായിരം പേരേ ദൈവം തെരഞ്ഞെടുത്ത് അവരവരുടെ ദൗത്യനിർവ്വഹണത്തിന് ആവശ്യമായ സിദ്ധി നൽകുന്നതായി കാണാം. തനിക്ക് ലഭിച്ച സിദ്ധിയാൽ പ്രചോദിതയായി കൽക്കട്ടായിലെ തെരുവുകളിൽ ആരംഭിച്ച് ദേശീയവും അന്തർദേശീയവുമായ അതിരുകൾക്കപ്പുറം സർവ്വ ഭൂഖണ്ഡങ്ങളിലേയും ചേരിപ്രദേശങ്ങളിലുള്ള അവശർക്കും ആലംബഹീനർക്കും എല്ലാമെല്ലാം ആയിത്തീർന്ന വി. മദർ തെരേസാ ലോകത്തിന്റെ മുമ്പിൽ ഒരത്ഭുത പ്രതിഭയായി നിൽക്കുന്നു.

ക്രിസ്തീയ ദർശനങ്ങൾക്ക് പുറത്തും സിദ്ധി ലഭിച്ച പ്രഗത്ഭരായ വ്യക്തികൾ ഉണ്ടെന്ന് പറയാനാകുമോ? 19-ാം നൂറ്റാണ്ടിൽ പാശ്ചാത്യദേശങ്ങളിൽ രൂപം കൊണ്ട നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രേരണാശക്തിയാൽ ഭാരതത്തിലും, ദേശീയ പ്രാദേശീയ തലങ്ങളിലും ഒട്ടനവധി നവോത്ഥാന പ്രസ്ഥാനങ്ങൾ രൂപം കൊണ്ടതായി കാണുന്നു. ആത്മീയ സാമൂഹ്യമേഖലകളിൽ ആഴത്തിൽ മാറ്റം വരുത്തിയ ജനനേതാക്കളെ നമുക്കറിയാം. സത്യവും നീതിയും അഹിംസയും ആയുധങ്ങളാക്കി വിദേശാധിപത്യത്തെ കീഴ്പ്പെടുത്തിയ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മഗാന്ധി, സതി പോലുള്ള ദുരാചാരങ്ങൾക്കെതിരെ പടവെട്ടിയ രാജാറാം മോഹൻ റോയി, സ്വാമി ദയാനന്ദ സരസ്വതി, മത സാമൂഹ്യനവീകരണത്തിനായി തന്റെ ജീവിതം മുഴുവൻ കാഴ്ചവച്ച സ്വാമി വിവേകാനന്ദൻ, ഒരു ജാതി ഒരു മതം എന്നുൽഘോഷിച്ച് താഴേക്കിടയിലെ സാധുജനങ്ങൾക്കുവേണ്ടി ജീവിച്ച് മരിച്ച ശ്രീനാരായണഗുരു, മനുഷ്യൻ സത്തയിൽ ആത്മീയ ജീവിയാണെന്നും, അവന്റെ ആത്മാവ് പരമാത്മാവിൽ ലയിക്കുന്നതാണ് മോക്ഷപ്രാപ്തിയെന്നും സത്യം, സ്നേഹം, കരുണ, ക്ഷമ എന്നിവയൊക്കെ ഈശ്വരനെ ഉപാസിക്കുന്നവന്റെ

www.malankaralibrary.com



ലക്ഷണങ്ങളാണെന്നും ഒക്കെ പഠിപ്പിച്ച ശ്രീരാമകൃഷ്ണ പരമ ഹംസൻ, അരവിന്ദേ, രവീന്ദ്രനാഥ ടാഗോർ, എന്നിൽ വസിക്കുന്ന ഈശ്വരൻ ഞാൻ തന്നെയാണെന്നും ഞാനും ഈശ്വരനും രണ്ടല്ല ഒന്നാണെന്നും ഉള്ള അദ്വൈത സിദ്ധാന്തത്തിലൂടെ ഭാരതീയ ആത്മീയതയുടെ അടിത്തട്ടിൽ വ്യാപരിച്ച ശ്രീ ശങ്കരാചാര്യർ എന്നീ ആത്മീയ ആചാര്യന്മാരെ നയിച്ച അലൗകീക ചൈതന്യത്തിന് എന്തു പേരു വിളിക്കും.

## മാർ ഈവാനിയോസിന്റെ സിദ്ധി

നമ്മുടെ പിതാവ് ദൈവദാസൻ മാർ ഈവാനിയോസ് ഒരു പ്രത്യേക സിദ്ധിയാൽ അനുഗൃഹീതനായിരുന്നു എന്ന് നിസംശയം പറയാം. മലങ്കര ഓർത്തഡോക്സ് സഭയുടെ നവോത്ഥാനവും ബഥനി സന്യാസ സന്യാസിനി സമൂഹങ്ങളുടെ സ്ഥാപനവും മലങ്കര കത്തോലിക്കാ സഭയുടെ പിറവിയും അതിന്റെ അസാധാരണമായ വളർച്ചയും ഒക്കെ തനിക്ക് ലഭിച്ച സിദ്ധിയാൽ നേടിയെടുത്തതാണ്.

## സിദ്ധിയും സഹനവും

സിദ്ധി എവിടെയുണ്ടോ അവിടെ സഹനവും ഉണ്ട്. സിദ്ധി ലഭിച്ചിട്ടുള്ളവരെല്ലാം സഹനത്തിന്റെ മരുഭൂമിയിലൂടെ യാത്ര ചെയ്തിട്ടുള്ളവരാണ്. സിദ്ധിയുടെ അകമ്പടിയായി വന്ന സഹനത്തിന്റെ മധുര ചഷകം മാർ ഈവാനിയോസ് ഊറ്റി കുടിച്ചവനാണ്. ഈ സിദ്ധന്റെ ജീവിതത്തിൽ ഗദ്സമെനിയുടെ മൂർച്ചയുള്ള മുഹൂർത്തങ്ങൾ ഒട്ടനവധിയാണ്. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നപ്പോൾ സ്കൂളിന്റേയും തദ്വാരാ സഭയുടേയും ഉന്നമനത്തിനായി അശ്രാന്തം പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ എതിർകക്ഷിയായ ബാവാകക്ഷിക്കാരുടെ നീചവും നിഷ്ഠൂരവുമായ പ്രവൃത്തികളിൽ സ്വന്തം ജീവന് പോലും ഭീഷണിയായ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ശീമയിൽ നിന്ന് മലങ്കര സഭാസന്ദർശനാർത്ഥം എത്തിയ അബ്ദുള്ള പാത്രിയർക്കീസ് മലങ്കരയിലെ ലൗകീകാധികാരത്തെ കൂടെ പിടിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ അതിനു വഴങ്ങാത്ത

www.malankaralibrary.com



മലങ്കരയിലെ മെത്രാൻ ദിവന്നാസിയോസിനേയും കൂട്ടരേയും മുടക്കിയ ശേഷം തിരിച്ചുപോയി. സുറിയാനി സഭയിലുണ്ടായ ഭിന്നിപ്പും അനിശ്ചിതത്വവും ഒക്കെ തീർത്ത് ഇവിടെ ഒരു കാതോലിക്കാ സിംഹാസനം സ്ഥാപിക്കാൻ എത്തിയ അബ്ദേദ്മിശിഹ ബാവ ചില ബാഹ്യ പ്രേരണകൾക്ക് വശംവദനായി മനസ്സു മാറിയെങ്കിലും എം.എ. അച്ചന്റെ അസാധാരണമായ കഴിവുകൊണ്ട്, ബാവാതിരുമനസ്സ് മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിച്ചു. ഈ ചരിത്ര സംഭവത്തിന്റെ അരങ്ങത്തും അണിയറയിലും രക്തം വിയർത്ത് രാവും പകലും പണിയെടുത്ത എം.എ. അച്ചൻ അനുഭവിച്ച മാനസിക സമ്മർദ്ദങ്ങൾക്കും ക്ലേശങ്ങൾക്കും എന്തു പകരം വയ്ക്കും. ഓർത്തഡോക്സ് സഭാധ്യക്ഷനായ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിന്റെ വലംകൈയ്യായിരുന്ന എം.എ. അച്ചൻ താൻ ഏതു സഭയ്ക്കുവേണ്ടി ജീവൻ പോലും ബലികഴിക്കാൻ തയ്യാറായോ ആ സഭാ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനമേഖലകളെ തൽക്കാലത്തേക്കെങ്കിലും മാറ്റിവച്ച് സെറാംപൂർ കോളേജിലെ അധ്യാപകനായി പോകേണ്ടിവന്ന സന്ദർഭം ഫാദർ മരിയദാസ് ഒ.ഐ.സി. യുടെ വാക്കുകളിൽ ഒരു ഗദ്സമെനി അനുഭവമായിരുന്നു (രണ്ടാമത്തെ ഉടുപ്പ്).

സെറാംപൂർ കോളേജിൽ പ്രൊഫസർ ആയിരിക്കുമ്പോഴാണ് ആശ്രമജീവിതം എന്ന ആശയം എം.എ. അച്ചനിൽ മുള പൊട്ടിയത്. ഒരു സുപ്രഭാതത്തിൽ ആകസ്മികമായി അങ്കുരിച്ച ഒരാശയമല്ല ഇത്. ആഴത്തിലുള്ള ചിന്തയിലും തീക്ഷ്ണമായ നിരന്തര പ്രാർത്ഥനയിലും ദൈവതിരുമുമ്പാകെ കളിമണ്ണെന്നപോലെ കുഴച്ചു വച്ച തന്റെ ഹൃദയത്തിന് രൂപവും ഭംഗിയും ക്രമേണ ഉണ്ടായി എന്ന് അദ്ദേഹം തന്നെ സാക്ഷിക്കുന്നു (ഗിരിദീപം പേജ് 69). തീവ്രമായ ആഗ്രഹപ്രാപ്തിക്കായി എല്ലാ സ്ഥാനമാനങ്ങളും വെടിഞ്ഞ് സെറാംപൂർ കോളേജ് ജീവിതത്തിന്റെ പടി ഇറങ്ങി സന്യാസത്തിന്റെ പരുക്കൻ കാവി വസ്ത്രങ്ങളും മണ്ണിന്റെ മണമുള്ള കർഷകന്റെ സംസ്കൃതിയും, ദൈവസേവനത്തേക്കാൾ ദൈവസമ്പാദനത്തിനുള്ള പ്രാർത്ഥനാധ്യാനങ്ങളും, കൂട്ട ജീവിതത്തിലെ മധുരിമയും

www.malankaralibrary.com



അനുഭവിക്കാൻ മുണ്ടൻമല കയറുകയായിരുന്നു. സന്യാസ ദാരിദ്ര്യത്തിന്റേയും ഇല്ലായ്മയുടേയും അകത്തളങ്ങളിലായിരുന്നു അവരുടെ വാസം. ആശ്രമാധ്യക്ഷനും ശിഷ്യന്മാരും അക്ഷരാർത്ഥത്തിൽ ഭിക്ഷയെടുത്തും സഹൃദയരുടെ സഹായം കൊണ്ടുമാണ് ഉപജീവനം നടത്തിയിരുന്നത്. കുടിവെള്ളത്തിനായി കഠിന ദേഹദണ്ഡം ചെയ്യേണ്ടിവന്നു. അത്താഴക്കഞ്ഞിക്ക് അരിയില്ലെന്നറിഞ്ഞപ്പോഴും, പട്ടിണിയിലും നമുക്ക് ദൈവത്തെ സ്തുതിക്കാം എന്നു പറയുമ്പോൾ പട്ടിണി കിടക്കേണ്ടിവന്ന മക്കളെ ഓർത്ത് ചങ്കുപൊട്ടുന്ന ഒരമ്മയുടെ ഹൃദയമായിരുന്നു ആശ്രമാധ്യക്ഷൻ ആബോ ഗീവറുഗ്ഗീസിന്റേത്. ആർക്കുവേണ്ടിയാണോ സന്യാസത്തിന്റെ ഈ മല കയറിയത് ആ കർത്താവിന്റെ കരുണയും കരുതലും അവിടുത്തേ അത്ഭുതപ്രവർത്തനങ്ങളിലൂടെ അവർ അനുഭവിച്ചറിഞ്ഞത്, ചരിത്രത്തിന്റെ താളുകളിലുണ്ട് (ഗിരിദീപം പേജ് 102-107). പണ്ടേ മനസിൽ കത്തിച്ചുവച്ച സത്യത്തിന്റെ ഒരു തരി വെട്ടത്തെ നിരന്തരമായ പ്രാർത്ഥനയും ഗഹനമായ പഠനവും കൊണ്ട് കൂടുതൽ പ്രകാശമയമാക്കിയപ്പോൾ അതിന്റെ പൂർണ്ണതയെ പ്രാപിക്കാനായി മാതൃസഭയാകുന്ന ഹോറേബ് മല കയറാൻ, ഒരു മുണ്ടൻമല ഇറങ്ങാൻ തീരുമാനിച്ചു. അതിരൂക്ഷമായ വിമർശനങ്ങളും നിന്ദയും ചേരിതിരിവും ഒക്കെ ആയിരുന്നു അതിന് വിലയായി കൊടുക്കേണ്ടി വന്നത്. ഇത്തരം ഒരു ആഭ്യന്തര കലഹ സാഹചര്യത്തിൽ തന്റെ ജീവാംശവും ആത്മാംശവുമായ ബഥനി രണ്ടായി വെട്ടി പിളർന്നപ്പോൾ വ്യഥാധിക്യത്താൽ പിളർന്നുപോയത് ബഥനി മെത്രാന്റെ ഹൃദയമായിരുന്നു.

1930 ഓഗസ്റ്റ് 19 സന്ധ്യ. അന്നത്തെ പകലിന് ദൈർഘ്യം കുറഞ്ഞതുപോലെ. പടിഞ്ഞാറെ ചക്രവാളത്തിൽ അന്തിച്ചമയങ്ങളൊന്നും ഒരുക്കാതെ കരഞ്ഞുതീർക്കാൻ കാത്തുകിടക്കുന്ന കുറെ കരിമേഘങ്ങളെ ആകാശത്ത് സാക്ഷി നിർത്തിയിട്ട് സൂര്യൻ ആഴിയുടെ ആഴങ്ങളിലേക്ക് മറഞ്ഞുപോയി. പതുക്കെ പതുക്കെ പകൽ രാവിന് വഴിമാറി. മുണ്ടൻമലയുടെ പാദസ്വരമായ കക്കാട്ടാറ് ശാന്തമായി ഒഴുകികൊണ്ടേയിരുന്നു. സന്ധ്യായാമം ഇരുട്ടിലേക്ക് വഴുതിവീണു. ആശ്രമസ്ഥരുടെ യാമപ്രാർത്ഥനയ്ക്കുള്ള മണി മുഴങ്ങി.

www.malankaralibrary.com



പതിവില്ലാത്ത ചിലമ്പിയ ശബ്ദം. എന്തോ ദുഃസൂചന പോലെ കുറുനരികളുടെ ഓലി ഒപ്പം കേട്ടു. ചീവീടുകളുടെ കൂട്ടക്കരച്ചിൽ നത്തുകളും നരിച്ചീറുകളും കരഞ്ഞു വിളിക്കുന്നു. സംഭ്രമിപ്പിക്കുന്ന ഒരന്തരീക്ഷം. പ്രാർത്ഥന നയിച്ച മാർ ഈവാനിയോസിന്റെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. ദുഃഖഭാരത്താൽ അദ്ദേഹം വിവശനായിരുന്നു. കാരണമറിയാതെ സന്യാസിമാർ പരസ്പരം നോക്കി പകച്ചു നിന്നു. എല്ലാവരേയും കണ്ണീർകയത്തിലാഴ്ത്തികൊണ്ട് ആ വിവരം അവരെ അറിയിച്ചു. “ഈ ബഥനി മലയിൽ നിന്നും നാളെ രാവിലെ തന്നെ ഇറങ്ങുവാൻ നാമും മാർ തിയോഫിലോസും തീരുമാനിച്ചു....” ബഥനി മെത്രാൻ പറഞ്ഞു നിർത്തി. വിതുമ്പിയാണെങ്കിലും നിശ്ചയദാർഢ്യത്തിന്റെ ശബ്ദമായിരുന്നു അത്. ഇടിവെട്ടേറ്റതു പോലെ സന്യാസിമാരെല്ലാം ജീവശ്ചവങ്ങളായി നിന്നുപോയി. ഗുരുവിന്റെ നിർദ്ദേശത്തിന് വഴങ്ങി മുണ്ടൻമല വിട്ടിറങ്ങാൻ ഏറിയ പങ്കും നിശ്ചയിച്ചെങ്കിലും കൂടെ വരുമെന്ന് പ്രതീക്ഷിച്ച ചിലരൊക്കെ മാറി നിന്നതിൽ ഗുരുവിന്റെ മനം നൊമ്പരപ്പെട്ടു. പിളർപ്പിന്റെ ഒരു വൻമതിൽ അവരുടെ ഇടയിൽ ഉയരുകയായിരുന്നു. സന്യാസിമാർക്കെല്ലാം ആ രാത്രി ഒരു കാളരാത്രിയുടെ അനുഭവമായിരുന്നു. രാത്രിയുടെ ഏകാന്തയാമങ്ങളിൽ ചാപ്പലിൽ തന്നെ ചെലവഴിച്ചു. കോളുകൊണ്ട് ഇളകി മറിയുന്ന ഒരു സമുദ്രസമാനമായിരുന്നു ആ ഹൃദയമപ്പോൾ. നൊമ്പരം പെയ്തിറങ്ങിയ മൗനത്തിന്റെ നീണ്ട നിമിഷങ്ങളിൽ കഴിഞ്ഞകാല സംഭവങ്ങളെല്ലാം ഓരോന്നോരോന്നായി ഓർമ്മകളുടെ ചിറകിലേറി വന്നുകൊണ്ടിരുന്നു. “നിന്റെ ഇഷ്ടം നിറവേറട്ടെ” എന്നുള്ള ഗത്സമനി അനുഭവമായിരുന്നു അദ്ദേഹത്തിനപ്പോൾ. തന്റെ കൂടെ എപ്പോഴും കാണുമെന്ന് താൻ കരുതിയിരുന്ന ഫാ. അലക്സിയോസിന്റെ പിൻമാറ്റം ബഥനി മെത്രാന്റെ ഹൃദയത്തിൽ തുളച്ചുകയറിയ ഒരു വാളായിരുന്നു.

മുണ്ടൻമലയോടു യാത്ര പറഞ്ഞിറങ്ങുന്ന ഹൃദയസ്പർശിയായ രംഗത്തിന് ആ മലമുകൾ സാക്ഷിനിന്നു. പൊട്ടി വിടരുന്ന പൊൻപുലരി മൗനദുഃഖത്തിലമർന്നുപോയി. വിഷാദരാഗം പാടി പറവകൾ കൂടുവിട്ട് പറന്നുപോയി. പൊട്ടി വിടർന്ന് പുഞ്ചിരി

www.malankaralibrary.com



തൂകാതെ പ്രഭാത പൂക്കൾ മടിച്ചു നിന്നു. ഇളം കുളിർകാറ്റിന് പൂമണമില്ലായിരുന്നു. പ്രഭാത സൂര്യന്റെ കിരണങ്ങൾക്ക് തങ്കനിറം കുറഞ്ഞതുപോലെ ദുഃഖം തളംകെട്ടിയ ആശ്രമാന്തരീക്ഷം.

"നമ്മൾ ദരിദ്രരായി ഇവിടെ വന്നു ദരിദ്രരായി ഇറങ്ങി പോകുന്നു" (ബഥനി മിശിഹാനുകരണ സന്യാസസഭയുടെ ചരിത്രസംക്ഷേപം, പേജ് 170, ഫാ. ബർസ്ലീബ). ഹൃദയം മുറിക്കുന്ന മുൾമുകളായിരുന്നു ഗുരുവിന്റെ ഈ വാക്കുകൾ. കരളിലെ കരിമേഘങ്ങൾ പെയ്തിറങ്ങിയ അവരുടെ കണ്ണുനീരിന് ചങ്കുകീറിയ ചോരയുടെ നിറവും, ഭാവിയിൽ മാതൃസഭയ്ക്ക് ഉറകൂട്ടാനുള്ള ഉപ്പിന്റെ രസവും ആയിരുന്നു. ബഥനി മലയിലെ തങ്ങളുടെ അന്തിമ നിമിഷങ്ങൾ. മുണ്ടൻ മലയോട്, മല മുകളിലെ സസ്യലതാദികളോട്, വനമേഘങ്ങളോട്, വനജീവജാലങ്ങളോട്, ആശ്രമത്തോട്, ആശ്രമനിവാസികളോട്, എല്ലാം വിട പറയുന്ന ശോകാർദ്ര നിമിഷങ്ങൾ, മനം പൊട്ടി പുറത്തുവന്നു, ആ വിലാപസങ്കീർത്തനം 'പുശ്ബശ്ലോമോ' (സമാധാനത്താലെ വസിക്ക). ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിച്ചവന്റെ ശിഷ്യൻ ശത്രുപക്ഷക്കാരനായ ഫാ. അലക്സിയോസിനോട്, സ്നേഹത്തിന്റെ ഭാഷയിൽ യാത്ര പറയുന്നത് മാതൃകാപരമാണ്. സ്വച്ഛമായ പച്ച പുൽത്തകിടി തേടി ഇടയന്റെ പുറകെ പോകുന്ന ചെറിയ ആട്ടിൻകൂട്ടത്തെപ്പോലെ സന്യാസിമാർ ബഥനിമലയിൽ നിന്നും നടന്നുനീങ്ങി. ഈജിപ്തിലെ അടിമത്തത്തിൽ നിന്നും സന്തോഷത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും, സമൃദ്ധിയുടെയും കാനാൻ ദേശത്തേക്ക് ഇസ്രായേൽ ജനതയെ മൂശ നയിച്ചുകൊണ്ടുപോകുന്ന പുറപ്പാടിന്റെ ഒരു പുനരാവിഷ്കാരം. കൺകോണുകളിൽ കെട്ടി നിൽക്കുന്ന കണ്ണീർമുത്തുകൾ പ്രഭാതസൂര്യന്റെ കിരണങ്ങളേറ്റ് തിളങ്ങിനിന്നു. അവർ മലയിറങ്ങി താഴ്‌വാരത്തെത്തി. വികാരവായ്പ്പോടെ ചിലരെങ്കിലും, പിന്നിൽ ഉപേക്ഷിച്ച ആ മലമുകളിലേക്ക് ഒരു വട്ടം കൂടെ തിരിഞ്ഞു നോക്കിക്കാണും. ഉള്ളിൽ നിന്നും ഉയർന്നുവന്ന നെടുവീർപ്പിന്റെ കാരണം അവർക്കു മാത്രമറിയാം. സന്യാസിമാരുടെ തുടർന്നുള്ള യാത്രയ്ക്ക് കക്കാട്ടാറിന്റെ കടവിൽ

www.malankaralibrary.com



ചെറുവള്ളങ്ങൾ ഒരുക്കിയിരുന്നു. ചന്ദനക്കുളിരുള്ള കക്കാട്ടാറിലെ സ്ഫടിക തുല്യമായ ജലം ചിലരൊക്കെ ഇരുകരങ്ങളും ചേർത്ത് വാരിക്കോരി കരഞ്ഞു കലങ്ങിയ കണ്ണുകളും മുഖവും കഴുകിയപ്പോൾ ആത്മശരീരങ്ങൾക്ക് ഒരു പുത്തൻ ഉണർവ്. കലഹത്തിന്റേയും വിദ്വേഷത്തിന്റെയും അന്ധകാരത്തിൽ നിന്നും, സത്യവെളിച്ചത്തിലേക്കുള്ള ആ യാത്രയിലും ഏതോ ഒരു നോവിന്റെ കരിനിഴൽ അവരെ പിൻതുടരുന്നുണ്ടെന്ന് തോന്നും.

മൂശ നയിച്ച ഇസ്രായേൽ ജനതയുടെ ചെങ്കടലിനരികിലെ ഭീതിയും, യുദ്ധങ്ങളിലെ ജയാപരാജയങ്ങളും, കൊള്ളയടിക്കപ്പെട്ടതിലുള്ള അപമാനങ്ങളും, ഇല്ലായ്മയിലും, ഉള്ളായ്മയിലും ഉള്ള സംതൃപ്തിയും, മാറായിലെ മധുരജലത്തിലുള്ള കരുതലും, പട്ടിണിയിലെ മന്നയും കാടപക്ഷിയും, പൊള്ളുന്ന മരുഭൂമിയിലെ തണലും, ഇരുട്ടിലെ അഗ്നിത്തൂണും എല്ലാം എല്ലാം ഈ രണ്ടാം പുറപ്പാടിലും തനി ആവർത്തനമായിരുന്നു. റോമാസഭയിൽ ചേരാൻ ബഥനി മെത്രാനും കൂട്ടരും മുണ്ടൻമല വിട്ടിറങ്ങിയെന്ന വാർത്ത നാട്ടിലെങ്ങും പാട്ടായി. പുതിയ ഇസ്രായേലിന്റെ ഇടത്താവളങ്ങളായ വെണ്ണിക്കുളം മേമല സ്കൂളും പുല്ലാട്ടുമൊക്കെ യാതനകളുടെ, ഇല്ലായ്മയുടെ കൂടാരങ്ങളിലായിരുന്നു അവരുടെ വാസം. വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് എന്ന അനുഭവമായിരുന്നു അവർക്ക്.

മുണ്ടൻമല വിട്ടിറങ്ങി മാതൃസഭയിൽ പ്രവേശിക്കും വരെയുള്ള കാലയളവ് ആത്മസംഘർഷത്തിന്റെ ദിനങ്ങളായിരുന്നു സന്യാസിമാർക്ക്. വൈരാഗ്യമനോഭാവത്തിന്റെ കൊടുംകാറ്റടിച്ച കഴിഞ്ഞ കാലങ്ങളിലൂടെ അനശ്ചിതത്വത്തിന്റെയും അവ്യക്തതയുടേയും ഇരുട്ടു വ്യാപിച്ചിരുന്ന നാളുകളിലൂടെ, ക്ലേശങ്ങളും കഷ്ടതകളും മാത്രമുള്ള വർത്തമാന കാലത്തിലൂടെ ആയിരുന്നു ബഥനിയുടെ കാലചക്രം തിരിഞ്ഞുകൊണ്ടിരുന്നത്. മുണ്ടൻമല വിട്ടിറങ്ങിയ ബഥനി മെത്രാന് ഓർത്തഡോക്സ് സഭാമേലധ്യക്ഷൻ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിൽ നിന്ന് മുടക്കുകല്പന ലഭിച്ചപ്പോഴും

www.malankaralibrary.com



കൂദാശാനുഷ്ഠാന പരികർമ്മങ്ങളുടെ ന്യായീകരണത്തെക്കുറിച്ചോ സംശയമില്ലാത്ത ഒരു മനഃസാക്ഷിയായിരുന്നു, മാർ ഈവാനിയോസിന്റേത്.

ഒന്നാം മാസം 10-ാം ദിവസം ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം ദൈവത്തിന്റെ വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചു (ജോഷ്വാ 5). 1930 സെപ്തംബർ 20 ബഥനിമെത്രാന്റെ ചിരകാല സ്വപ്നം യാഥാർത്ഥ്യമായ ദിവസം. ബഥനി സന്യസ്ഥരുടെ പ്രതിനിധികളായ മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ബഹു. ജോൺ ഒ.ഐ.സി. അച്ചൻ, അലക്സാണ്ടർ ശെമ്മാശൻ, കിളിലേത്ത് ചാക്കോച്ചൻ എന്നിവരടങ്ങുന്ന ചെറുസംഘം ഒരു സഭയുടെ മുഴുവൻ പ്രതീകമായി കൊല്ലം മെത്രാൻ ബൻസിഗർ തിരുമേനിയുടെ മുന്നിൽ മുട്ടുകുത്തി വിശ്വാസസത്യപ്രതിജ്ഞ ചെയ്തപ്പോൾ ആഗോള കത്തോലിക്കാ സഭാ മാതാവിന് മലങ്കര സുറിയാനി കത്തോലിക്ക സഭ എന്ന നവജാത ശിശുവിനെ ലഭിച്ച സദ്വാർത്ത റോമിലെ ദൈവാലയ മണികൾ മുഴങ്ങി ലോകത്തെ വിളിച്ചറിയിച്ചു.

ശിശു അനുഭവിച്ചറിഞ്ഞ ബാലാരിഷ്ടതകളുടെ തീവ്രത വാക്കുകളിൽ ഒതുക്കാൻ കഴിയുന്നതല്ല. ബഥനി മെത്രാനും കൂട്ടരും മാതൃസഭയിൽ പുനഃസംഗമിച്ചതിലുള്ള ഓർത്തഡോക്സ് കക്ഷിയുടെ വാശിയും വൈരാഗ്യവും അഗ്നിപോലെ ആകാശത്തോളം ആളികത്തുകയായിരുന്നു. അതിന്റെ തീച്ചൂടിൽ മലങ്കര സഭ കത്തി അമരുമെന്ന് എതിർകക്ഷികൾ വ്യാമോഹിച്ചപ്പോൾ സഭ അനുദിനം തഴച്ചുവളരുകയായിരുന്നു. ബഥനിയുടെ സഹനത്തിന്റെ വസന്തകാലമായിരുന്നു അത്. പ്രതിഷേധലഹരിയിൽ അവർ ഉറഞ്ഞു തുള്ളി. അസഭ്യവും പരിഹാസവും നിറഞ്ഞ വാക്കുകളുടേയും ക്രൂരമായ പീഡനമുറകളുടേയും ഘോഷയാത്രയായിരുന്നു ബഥനിക്കെതിരെ വന്നത്. സാമൂഹ്യദ്രോഹികളായ ഗുണ്ടകളുടെ പിൻബലത്തിൽ വെണ്ണിക്കുളം, കടമാൻകുളം തുടങ്ങിയ സ്ഥലങ്ങളിലെ ബഥനി പ്പള്ളികൾ കൈവശപ്പെടുത്തിയത് തികച്ചും അപലപനീയ മാർഗ്ഗത്തിലൂടെ ആയിരുന്നു. ബഥനിയെ പ്രത്യേകിച്ചും ബഥനി മെത്രാനെ പരസ്യമായി നിന്ദിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് ശത്രു

www.malankaralibrary.com



പക്ഷത്തിന്റെ നിത്യത്തൊഴിലായിരുന്നു. മാർ ഈവാനിയോസിന്റെ ജീവിതത്തെപ്പോലും അപകടത്തിലാക്കാൻ ശ്രമിക്കാതിരുന്നില്ല അവർ. യാത്രാമധ്യേ അദ്ദേഹത്തെ അപായപ്പെടുത്താൻ ഡ്രൈവർക്ക് 500 രൂപ വാഗ്ദാനം ചെയ്യുന്നത് നിഷേധിച്ചെന്നറിഞ്ഞ മാർ ഈവാനിയോസ് തന്റെ ജീവന് 500 രൂപയുടെ വിലയേ ഉള്ളോ എന്ന് പ്രതികരിച്ചത് ചരിത്രസംഭവമാണ്. കടത്തുവഞ്ചിയിൽ യാത്ര ചെയ്ത ബഥനി വൈദികരെ വള്ളം മറിച്ച് അപായപ്പെടുത്താൻ ശ്രമിച്ചതുമൊക്കെ ചരിത്രപുസ്തകങ്ങളിൽ തെളിഞ്ഞുകിടക്കുന്നു. (ബഥനി മിശിഹാനുകരണ സന്യാസസഭയുടെ ചരിത്ര സംക്ഷേപം - ഫാ. ബർസ്ലീബാ ഒ.ഐ.സി.) നിന്ദയും പരുഷവാക്കുകളും കേട്ട് തഴമ്പിച്ചതാണ് ബഥനി മെത്രാന്റേയും കൂട്ടരുടേയും കാതുകൾ. നൊമ്പരപ്പാടുകളാൽ പൊതിഞ്ഞതായിരുന്നു അവരുടെ മനസ്സും ശരീരവും. സന്യാസസഭയിലേക്ക് പ്രവേശിച്ചവർക്കെതിരെ ഓർത്തഡോക്സ് കക്ഷികൾ മുഴക്കിയ യുദ്ധകാഹള നാദം നാടെങ്ങും മുഴങ്ങി കേൾക്കാമായിരുന്നു. വ്യാസമുനിയുടെ കാവ്യമായ മഹാഭാരതത്തിലെ കുരുക്ഷേത്രയുദ്ധത്തിന്റെ ഒരു പ്രതീകം ഇവിടെ ഉണ്ടെന്ന് തോന്നുന്നു. സത്യം, നീതി, സമാധാനം, സ്നേഹം, സഹിഷ്ണുത തുടങ്ങിയ ഏതാനും ചില കവണക്കല്ലുകളുമായി പഴയ ഒരു ഇടയ ചെറുക്കനെ പോലെ ഒരു ചെറുസംഘം ഒരു വശത്തും, പക, വിദ്വേഷം, പരിഹാസം, നിന്ദ, കുറ്റപ്പെടുത്തൽ, ശാപവാക്കുകൾ, വിലക്കുകല്പനകൾ തുടങ്ങിയ ബ്രഹ്മാസ്ത്രങ്ങളുമായി സഹോദര സൈന്യത്തിന്റെ വലിയ ഒരു നിര മറുവശത്തുമായി ഭീകരയുദ്ധം അരങ്ങേറി. ആൾബലവും, ആയുധബലവും യുദ്ധവീരന്മാരുമുള്ള കൗരവസൈന്യം, ഈശ്വരചൈതന്യം നയിച്ച ധർമ്മിഷ്ഠരായ പാണ്ഡവരുടെ മുമ്പിൽ ശൂന്യമാക്കപ്പെട്ടതു പോലെ മലങ്കരയിലെ കുരുക്ഷേത്രയുദ്ധത്തിലും സംഭവിച്ചതിന് കാലം സാക്ഷി. ബഥനി മെത്രാനും കൂട്ടരും ചെയ്ത കഠിനാധ്വാനത്തിലെ വിയർപ്പും ആത്മനൊമ്പരത്തോടെയുള്ള പ്രാർത്ഥനയും, സുകൃതസഹനത്തിന്റെ നൊമ്പരപ്പാടുകളിൽ നിന്നൊഴുകിയ രക്തത്തുള്ളിയും വളമായി വലിച്ചെടുത്ത് സഭ വളർന്നുവലുതായി, വടവൃക്ഷമായി,

www.malankaralibrary.com



പിൻതലമുറക്കാർ അതിന്റെ മധുരഫലങ്ങൾ അനുഭവിക്കുകയും ശീതളഛായയിൽ വിശ്രമിക്കുകയും ചെയ്യുന്നു. സഭയ്ക്കു വേണ്ടി താനും സഹപ്രവർത്തകരും അനുഭവിച്ച ക്ലേശങ്ങളെയും സങ്കടങ്ങളെയുംകുറിച്ച് മാർ ഈവാനിയോസ് തന്നെ സാക്ഷ്യപ്പെടുത്തുന്നു. "മനുഷ്യർക്ക് ദുർഘടങ്ങൾ ഉണ്ടാകുന്നതും, ക്ലേശങ്ങൾ സംഭവിക്കുന്നതും, ആപത്തുകൾ വരുന്നതും ദൈവത്തിന്റെ അറിവോടുകൂടിയാണെന്നുള്ളതു നിസ്തർക്കമത്രെ. ഇവ മൂലം മനുഷ്യഹൃദയത്തെ അവിടുന്ന് ശുദ്ധീകരിക്കുന്നു. കണ്ണുനീരിൽ മുക്കികൊണ്ടുതന്നെ ദൈവം മനുഷ്യനെ സ്ഫുടം ചെയ്തെടുക്കുകയും ചെയ്യുന്നു. അതിനാൽ ക്ലേശങ്ങളിൽ നമുക്ക് നിരാശയില്ല. ദുഃഖങ്ങളിൽ നമുക്ക് സങ്കടമില്ല. ബഥനി ആരുടേതോ അവിടുന്നതിനെ നോക്കിക്കൊള്ളും" (ഗിരിദീപം പേജ് 54).

## ബഥനിയുടെ സഹനം

സഭാജീവിതത്തിന്റെ ആരംഭം മുതൽ അവസാനം വരെ തനിക്ക് നേരിട്ട എല്ലാ ദുഃഖങ്ങളെയും വേദനകളെയും സ്നേഹത്തിന്റെ പുളിമാവ് ചേർത്ത് സഹനങ്ങളാക്കി അതിൽ നിന്ന് ഊറിവന്ന തേൻ കണങ്ങളെ നുകർന്ന് മാർ ഈവാനിയോസ് തന്റെ ജീവിതം മധുരതരമാക്കി. തനിക്ക് ലഭിച്ച സഹനസിദ്ധി തന്നിൽ മാത്രം ഒതുങ്ങി കൂടുന്നതല്ലെന്നും താൻ ഉൾപ്പെട്ട ബഥനികൂട്ടത്തിന് പൊതുവായി നൽകപ്പെട്ടതാണെന്നും മാർ ഈവാനിയോസ് വിശ്വസിച്ചു. സെറാംപൂറിലെ ശൈശവാശ്രമകാലത്തും, ബഥനി മലയിലെ സന്യാസ ജീവിതവേളയിലും മുണ്ടൻമല വിട്ടിറങ്ങിയ സമയം മുതൽ പുനരൈക്യം വരെയും, പുനരൈക്യത്തിനുശേഷം പ്രത്യേകിച്ചും സഹനത്തിന്റെ പെരുമഴക്കാലമായിരുന്നു. അപ്പോഴെല്ലാം ഒന്നായിട്ടാണ് ഈ സഹനസിദ്ധിയെ സ്വീകരിച്ചിരുന്നത് എന്ന് അവരുടെ ജീവിതം തന്നെ സാക്ഷ്യപ്പെടുത്തുന്നു. ആശ്രമാധ്യക്ഷന്റെ നെടുവീർപ്പുകളുടെ നൊമ്പരമറിഞ്ഞത് ആശ്രമകൂട്ടായ്മയിലായിരുന്നു. ആശ്രമസ്ഥരുടെ ദുഃഖദുരിതങ്ങൾ മുറിവുണ്ടാക്കിയിരുന്നത് ആശ്രമപിതാവിന്റെ ചങ്കിലായിരുന്നു. അവരൊന്നിച്ച് സഹനത്തിന്റെ മരു

www.malankaralibrary.com




ഭൂമിയിലൂടെ യാത്ര ചെയ്തു. വ്യക്തികളുടെ അല്ല ബഥനിയുടെ സഹന മായി കാണുമ്പോൾ സഹനത്തിന്റേതായ ഈ സിദ്ധി മാർ ഈവാനി യോസിൽ മാത്രമായി ഒതുങ്ങി കൂടുന്നതല്ല, മറിച്ച് ബഥനിക്ക് ലഭിച്ച ഒരപൂർവ്വ കൃപയായിട്ടേ കാണാൻ കഴിയൂ.

ആശ്രമജീവിതത്തിന്റെ ആരംഭകാലങ്ങളിൽ ആത്മീയ സമ്പത്തിന്റെ ധാരാളിത്തത്തിൽ ലൗകീക ദാരിദ്ര്യത്തെ നിസ്സാരമായി കണ്ടു. കാലചക്രം തിരിഞ്ഞുമാറി ഇന്ന് ലൗകീക സമ്പത്തിന്റെ ധാരാളിത്തത്തിൽ ആത്മീയ ദാരിദ്ര്യത്തെ നിസ്സാരമാക്കുന്നു എന്ന് തോന്നിപ്പോകുന്നു. സഹനസിദ്ധിയുടെ നിറവും ഗുണവും ആധുനി കതയ്ക്കൊത്ത് മാറുന്നോ എന്നൊരു സംശയം. പുതിയനിയമത്തിന്റെ വെളിച്ചത്തിൽ ആത്മാവിൽ ദരിദ്രരായ ഭാഗ്യവാന്മാരായി (ദാരിദ്ര്യം വ്രതം–മത്തായി 5/13). എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടത്തിന് വഴങ്ങി (അനുസരണം–മത്താ. 26/39) ആത്മാവിലും ശരീരത്തിലും വിശുദ്ധി ഉള്ളവരായി (ബ്രഹ്മചര്യം–മത്തായി 19/12; റോമ. 8/8,12)) സന്യാസ ത്തിന്റെ രക്തസാക്ഷികളായി ജീവിക്കുമ്പോൾ ബഥനിയുടെ സഹനസിദ്ധിക്ക് തിളക്കം കൂട്ടുന്നു. കാലാകാലങ്ങളിൽ ദൈവം പ്രത്യേകമായി തെരഞ്ഞെടുക്കുന്നവർക്ക് സഹനത്തെ കൊടുക്കു മ്പോൾ അത് ഒരു ദൈവസമ്മാനമായി കരുതി ജീവിക്കുന്നവർ സഹനസിദ്ധിയുടെ ഖനികളാണ്. ചുരുക്കത്തിൽ ബഥനിയുടെ ഈ സിദ്ധി തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കരകവിഞ്ഞ് ഒഴുകികൊണ്ടിരിക്കുന്ന ഒരു നീർച്ചാലാണ്.



www.malankaralibrary.com

# 3



# പ്രകൃതിയുടെ താളം

www.malankaralibrary.com

# പ്രകൃതിയുടെ താളം

താളം അത് സുന്ദരമാണ്. എല്ലാ ചലനങ്ങളും താളാത്മകമാണ്. അതുകൊണ്ടുതന്നെ ചലനങ്ങളും സുന്ദരമാണ്. സുന്ദരപദചലനങ്ങൾ സ്ത്രീസൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നു എന്നാണ് സങ്കൽപം.

ഉടരാജമുഖി – ചന്ദ്രനെപ്പോലെയുള്ള മുഖത്തോടു കൂടിയവൾ
മൃഗരാജകടി – സിംഹത്തിന്റേതുപോലെ ഇടുപ്പുള്ളവൾ
ഗജരാജവിരാജിത മന്ദഗതി – ഗജരാജന്റെ താളത്തിനൊത്ത നടത്തയുള്ളവൾ

എന്നാണല്ലോ കവിഭാഷ്യം.

സംഗീതകലയിൽ താളത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. വാദ്യസംഗീതം എന്നൊരു താളശാഖ തന്നെയുണ്ട്. എന്താണ് താളം? "കാലയളവിനെ കൃത്യമായും ക്രമമായും കണക്കാക്കുന്ന ഒരു പ്രവൃത്തി വിശേഷമാണ് താളങ്ങൾ. അതിസൂക്ഷ്മമായ കാലയള വിനെ അടിസ്ഥാനമാക്കിക്കൊണ്ടാണ് താളങ്ങൾ രൂപവൽക്കരിച്ചി രിക്കുന്നത്" (ദക്ഷിണേന്ത്യൻ സംഗീതം പേജ് 36–എ.കെ. രവീന്ദ്രനാഥ്).

കർണ്ണാടക ശാസ്ത്രീയ സംഗീതത്തിൽ അടിസ്ഥാന താള ങ്ങൾ ഏഴ്:–

www.malankaralibrary.com



1. ധ്രുവതാളം
2. മഠ്യതാളം
3. ഝംപതാളം
4. ത്രിപുടതാളം
5. അടതാളം
6. രൂപതാളം
7. ഏകതാളം

ഈ ഏഴു താളങ്ങൾക്കും,

1) തിശ്രം (3)
2) ചതുരശ്രം (4)
3) ഖ‌ഝം (5)
4) മിശ്രം (7)
5) സങ്കീർണ്ണം (9)

എന്നിങ്ങനെ അയ്യഞ്ചുവകഭേദങ്ങൾ അടക്കം 35 താളങ്ങളുണ്ട്. എന്നാൽ ഏകതാളത്തിനാണ് കൂടുതൽ ജനപ്രീതി എന്ന് കരുതുന്നു. താളവും ശ്രുതിയും തമ്മിൽ അഭേദ്യബന്ധമാണ്, സംഗീതത്തിൽ. കർണ്ണാടക സംഗീത പദ്ധതി അനുസരിച്ച് 16 സ്വരസ്ഥാനങ്ങൾ ഉണ്ട്. ഇവയെ ഷോഡസി ശ്രുതി സ്ഥാനങ്ങൾ എന്ന് പറയുന്നു. എന്നാൽ ഹിന്ദുസ്ഥാനീ സംഗീതത്തിൽ 12 സ്വരങ്ങളെയുള്ളൂ ഇവയെ ദ്വാദശശ്രുതി സ്ഥാനങ്ങൾ എന്നു പറയുന്നു. സംഗീതത്തിന് ജന്മം കൊടുക്കുന്നത് ശ്രുതിയാണെന്ന് പറയാം. 'ശ്രുതിയമ്മ, ലയമച്ഛൻ, മകളുടെ പേരോ സംഗീതം' (യൂസഫലി കച്ചേരി - മധുരനൊമ്പരക്കാറ്റ്) എന്നാണ് സംഗീത ഭാഷ. ശ്രുതിയില്ലെങ്കിൽ സംഗീതമില്ല.

സംഗീതത്തെ ഓടുന്ന തീവണ്ടിയോട് സാമ്യപ്പെടുത്തിയാൽ ഇത് കൂടുതൽ വ്യക്തമാകും. തീവണ്ടി സുരക്ഷിതമായി ഓടുന്ന പാളങ്ങളാണ് ശ്രുതി. പാളം തെറ്റിയാൽ വണ്ടി മറിയുന്നതുപോലെ ശ്രുതി തെറ്റിയാൽ സംഗീതം അപശ്രുതിയിലാകും. സംഗീതത്തിന്റെ മറ്റൊരു അവിഭാജ്യഘടകമാണ് സ്വരങ്ങൾ. സ, രി, ഗ, മ, പ, ധ, നി എന്നീ സപ്തസ്വരങ്ങൾ സംഗീതത്തെ ആസ്വാദ്യകരമാക്കുന്നു. സംഗീതത്തിലെ ഏഴു സ്വരങ്ങളും ഒരു പക്ഷിയുടേയോ മൃഗത്തിന്റേയോ ശബ്ദത്തോട് ചേർത്ത് ക്രമീകരിച്ചിരിക്കുന്നതായി കാണുന്നു.

| | | | | |
|---|---|---|---|---|
| ഷഡ്ജം | - | സ | - | മയൂരനാദം |
| രിഷഭം | - | രി | - | ധേനുനാദം |

www.malankaralibrary.com



| | | | | |
|---|---|---|---|---|
| ഗാന്ധാരം | - | ഗ | - | അജനാദം |
| മധ്യമം | - | മ | - | കുരുവിനാദം |
| പഞ്ചമം | - | പ | - | കുയിൽ നാദം |
| ധൈവതം | - | ധ | - | അശ്വനാദം |
| നിഷാദം | - | നി | - | ഗജനാദം |

പ്രകൃതിയിലെ ചില ജീവജാലങ്ങളുടെ സ്വരങ്ങൾ സംഗീതത്തിലെ സപ്തസ്വരങ്ങളുടെ ക്രമീകരണത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. പ്രൗഢഗംഭീര്യത്തോടെ മന്ദം മന്ദം ക്രമത്തിലും ചിട്ടയിലും നടന്നു നീങ്ങുന്ന ഗജവീരന്റെ പദചലനങ്ങൾക്ക് സംഗീതശാസ്ത്രപ്രകാരം ഏഴു മാത്രകൾ ആകുമ്പോൾ ത്രിപുട താളത്തിലും ഏഴു മാത്രകൾ തന്നെയെന്ന് മനസിലാകും. ഏകതാളത്തിലെ നാലു മാത്രകൾ തന്നെയാണ് കുതിരയുടേയും ആടിന്റേയും പദചലനങ്ങൾക്കുള്ളത്. ചുരുക്കത്തിൽ സംഗീതത്തിലെ സപ്തസ്വരങ്ങളും സപ്തതാളങ്ങളും ചിട്ടപ്പെടുത്തിയതിൽ ചില പക്ഷികളുടേയും മൃഗങ്ങളുടേയും ശബ്ദത്തിന്റേയോ പദചലനങ്ങളുടേയോ സ്പഷ്ടമായ സ്വാധീനമുണ്ടെന്ന് പറയാം. സ്വരശ്രുതിലയ താളങ്ങളുടെ സമഞ്ജസസമ്മേളനമാണ് ദൈവിക കലയായ സംഗീതമെന്നതിൽ സംശയമില്ല.

പ്രപഞ്ചം സുന്ദരമാണ്. മനോഹരമാണ്. മനോഹരമായതേ ഇവിടെയുള്ളൂ. കാരണം ഈശ്വരൻ സൃഷ്ടിച്ചതെല്ലാം സുന്ദരമെന്ന്, നല്ലതെന്ന് സ്രഷ്ടാവുതന്നെ സാക്ഷ്യപ്പെടുത്തുന്നു (ഉല്പ. 1/4,10,12, 18,21,25) ഈ പ്രപഞ്ചത്തിന് ഒരു താളമുണ്ട്. കാരണം ചലനമുള്ളിടത്ത് താളമുണ്ട്, സൃഷ്ടിയുടെ താളം. സൃഷ്ടികളിലെ ചലനവും താളവും സ്രഷ്ടാവിന്റെ തന്നെ ചലനവും താളവുമാണ്. ദൈവം, ചലിക്കാത്ത, ചലിപ്പിക്കുന്നവനാണ് (അരിസ്റ്റോട്ടിൽ 384-322 BC).

രാവും പകലും ഉൾപ്പെടുന്ന ഒരു ദിവസം ഭൂമിയുടെ കൃത്യവും ക്രമവുമായ ചലനത്തിന്റെ ഫലമെങ്കിൽ, ഭൂമി സൂര്യനെ ഒരു പ്രാവശ്യം വലംവയ്ക്കുന്ന താളാത്മക ചലനത്തിന്റെ ഫലമാണ് ഒരു വർഷം. ഈ നിശ്ചിത താളത്തിനോ ചലനത്തിനോ മാറ്റമില്ലതാനും. ആകാശ

www.malankaralibrary.com



ഗോളങ്ങളും നക്ഷത്ര കോടികളുൾകൊള്ളുന്ന എണ്ണമറ്റ സൗരയൂഥങ്ങൾക്കും അതിന്റേതായ താളചലനങ്ങൾ ഉണ്ട്. ബ്രഹ്മാണ്ഡമായ ഈ പ്രപഞ്ചത്തിന്റെ ഒരു കോണിൽ ഭൂമിയെ ദൈവം ക്രമീകരിച്ചു നിർത്തിയിരിക്കുന്നു. കരയും കടലും ആകാശവും വരമായി കിട്ടിയ ഒരു ഭൂമി. മണൽ മെത്തകൊണ്ട് അതിരിട്ട കടൽ, ആയിരമായിരം തരത്തിലും ഇനത്തിലുമുള്ള ജലജീവികൾ, മുത്തും പവിഴവും കൊണ്ട് സമ്പന്നമായ അടിത്തട്ടും അടങ്ങുന്ന വിശാലമായ ആഴക്കടൽ. കടലിന്റെ ഗാംഭീര്യമുള്ള മുഴക്കത്തിന് ഒരു താളമുണ്ട്. നീലിമയാർന്ന കടൽപ്പരപ്പിൽ നിന്ന് ഓടിയെത്തി കരയെ ചുംബിച്ച് മടങ്ങുന്ന തിരയുടെ താളത്തിന് ഒരു സൗന്ദര്യമുണ്ട്. തിരയുടെ മാറിനെ മറികടന്ന് ഒഴുകി നീങ്ങുന്ന ചെറുവള്ളങ്ങളും ഓടങ്ങളും കടൽകാറ്റിൽ തുള്ളിക്കളിക്കുമ്പോഴുള്ള താളത്തിനൊത്താകും കടൽക്കരയിലെ ആസ്വാദകന്റെ ഹൃദയമിടിപ്പും.

എണ്ണിയാൽ തീരാത്ത ജീവജാലങ്ങളും സസ്യലതാദികളും, കാവും കാടും, കുന്നും മലയും താഴ്‌വാരങ്ങളും, അരുവികളും തോടുകളും പുഴകളും കായൽപ്പരപ്പുകളും ഒക്കെ കൊണ്ട് സമൃദ്ധമായി അനുഗ്രഹിക്കപ്പെട്ട, മനം കവരുന്ന ഒരു കര ഭൂമി. ഓരോ ഇനത്തിനും അതതിന്റേതായ ഒരു താളക്രമമുണ്ട്. പ്രകൃതിയുടെ മുറ്റത്ത് നിത്യം പൂക്കളം തീർക്കുന്ന വർണ്ണപൂക്കൾക്ക് ഒരു താളമുണ്ട്. പൂമണം ചിറകിലേറ്റി വരുന്ന കുഞ്ഞിളം കാറ്റിനുമുണ്ടൊരു താളം. താണ്ഡവനൃത്തം ചവിട്ടുന്ന കൊടുങ്കാറ്റിനും ചുറ്റിയടിക്കുന്ന ചുഴലിക്കാറ്റിനും താളം വെവ്വേറെ. ഋതുഭേദങ്ങൾക്കെല്ലാം അതിന്റേതായ താളം. മഴയ്ക്കും ചാറൽമഴയ്ക്കും പേമാരിയ്ക്കും, ഇളംമഞ്ഞിനും തുഷാരബിന്ദുവിനും മൂടൽമഞ്ഞിനും കോടമഞ്ഞിനും വ്യത്യസ്തതാളങ്ങൾ. കാടിനും കാട്ടാറിനും ഉണ്ട് താളം. മുളങ്കാടിനും അടിമുടി പൂക്കുന്ന ഇല്ലിക്കാടിനും വ്യത്യസ്ത താളസംഗീതം. മലയുടെ മകളായി പിറന്ന് താഴ്‌വാരങ്ങളിൽ വളർന്ന്, കാടിനോടും കാറ്റിനോടും കിന്നാരം പറഞ്ഞ് പാറക്കെട്ടുകളിൽ തട്ടിമുട്ടി പതഞ്ഞൊഴുകുന്ന കാട്ടാറിന്റെ സ്വരതാളലയ സംഗീതത്തിൽ മനം കുളിരണിയും. കവി വയലാറിന്റെ വരികളിലെ,

www.malankaralibrary.com



"പൊന്നരിഞ്ഞാണം ഭൂമിക്കു ചാർത്തും

പുഴയുടെ ഏകാന്തപുളിനത്തി" (നദി) ന്റെ താളം ആരേയും ആകർഷിക്കും. മാനം മുട്ടി നിൽക്കുന്ന പർവ്വതനിരകളും മലകളും താഴ്വരയിൽ നില്ക്കുന്നവന്റെ മനസ്സിനെ സ്വർഗ്ഗത്തിലെത്തിക്കുന്ന ഏകാന്തതയുടെ ഒരു താളത്തിലാണെപ്പോഴും. മരകൊമ്പിൽ ശീർഷാസനം ചെയ്യുന്ന സർപ്പങ്ങളുള്ള കാവിനും വന്യമൃഗങ്ങൾ മേയുന്ന ഘോരവനാന്തരങ്ങൾക്കുമുണ്ട് ഭയപ്പെടുത്തുന്ന ഒരു ധ്രുവ താളം. അങ്ങ് ഉയരെ വിശാല വിഹായസ്സിൽ പരുന്തും കഴുകനും ചിറകു നിവർത്തി പറന്നൊഴുകുന്ന താളം ഇങ്ങ് താഴെ അത് നോക്കി നിൽക്കുന്നവന്റെ ഹൃദയമിടുപ്പിനെ ശാന്തമാക്കും. ആകാശ ക്കോണിൽ മഴക്കാറ് കൊള്ളുമ്പോൾ ആനന്ദനൃത്തമാടുന്ന മയിലിന്റെ പദചലനങ്ങളുടെ താളത്തിനൊത്ത് മനുഷ്യമനസ്സിലും മയിലാട്ടം. കഴുത്തു നീട്ടി, നീണ്ട കൂർത്ത ചുണ്ടുകൊണ്ട് മത്സ്യ കുഞ്ഞുങ്ങളെ കൊത്തിയെടുക്കാൻ കുളക്കരയിലും പാടത്തും പതുങ്ങി നടക്കുന്ന കൊക്കുകളുടെ ചുവടുതാളം കാവ്യാത്മകമാണ്. വൃക്ഷക്കൊമ്പിലിരുന്ന് പഞ്ചമം പാടുന്ന കുയിലിണകൾക്കും ആകാശപ്പരപ്പിൽ പാടിപ്പറക്കുന്ന വാമ്പാടിക്കും, താഴെ ഭൂമിയിൽ കലപില പറഞ്ഞ് പാടുന്ന കുരുവിക്കും തത്തമ്മയ്ക്കും, മൈനയ്ക്കും, കരിയിലക്കിളിക്കും ചകോരത്തിനും ഓലത്തുമ്പിൽ ഊഞ്ഞാലാടുന്ന ഓലഞ്ഞലിക്കും ഇരട്ടവാലനും, മഞ്ഞക്കിളിക്കും, നത്തിനും, മൂങ്ങയ്ക്കും ഒക്കെയുണ്ട് അവരവരുടെ സ്വരതാളങ്ങൾ. ഗജരാജന്റെ താളമല്ല, മൃഗരാജന്റെ ചുവടുകൾക്ക് ശ്വാനപദമല്ല അശ്വപദചലനത്തിന് കുഞ്ഞാടിന്റെ തുള്ളിച്ചാട്ടത്തിന്റെ താളമല്ല കാട്ടുകുതിരയുടെ മന്ദഗതിക്കും, പുള്ളിപ്പുലിയുടെ ശീഘ്രഗതിക്കു മുള്ളത്. ഓരോ നാൽക്കാലികൾ ക്കും, ഇരുകാലികൾക്കും ഓരോരോ പദചലന താളങ്ങൾ. കുഞ്ഞിക്കാറ്റെത്തുമ്പോൾ ഓലത്തുഞ്ചാണി ത്തുമ്പിലും വൃക്ഷത്തലപ്പിലും വാഴക്കൈയ്യിലും ആറ്റുവക്കത്തെ കൈതത്തഴക്കും വെവ്വേറെ താളങ്ങൾ.

മനസ്സിന് നിറം പകരുന്ന ഉത്സവകാലങ്ങൾക്ക് ഓരോരോ താളമേളങ്ങളാണ് ഉള്ളത്. തിരുവോണകന്യക മലനാടിന്റെ തിരുമുറ്റ

www.malankaralibrary.com



ത്തെത്തുമ്പോൾ എന്തൊരു മുഖശ്രീയാണ് മലയാളത്തിന്. എന്തൊരു നിറമാണ് ജീവനിലാകെ. അത്തം തൊട്ട് പത്തു നാളത്തെ പൂക്കളത്തിനും, പൂവേ പൊലി പൂവേ പൂവിളിയ്ക്കും ഊഞ്ഞാൽപ്പാട്ടിന്റെ ഈണത്തിനും തുമ്പിതുള്ളലിനും തിരുവാതിരകളിക്കും ഒക്കെയുണ്ട് താളത്തിന്റെ മേളക്കൊഴുപ്പ്. ഉയർന്നു പൊങ്ങുന്ന വാദ്യതാളത്തിനൊത്ത് പുലി കളിക്കാർ ചുവടുവയ്ക്കുമ്പോൾ കാണികളുടെ മനസ്സിലും അതേ താളം. മലയാളത്തിന്റെ സ്വന്തമായ ജലോത്സവങ്ങൾ താളമേളങ്ങളുടെ പൂരപ്പറമ്പാണ്. ആർപ്പുവിളിയുടെ അകമ്പടിയോടെ വഞ്ചിപ്പാട്ടിന്റെ ഈണത്തിനും താളത്തിനുമൊത്ത് തുഴയെറിയുന്ന തുഴക്കാരുടെ ആവേശം തന്നെയാണ് ഇരുകരകളും നിറഞ്ഞുനിൽക്കുന്ന കാണികളിലും, വർണ്ണാലംകൃതമായ കളിവള്ളങ്ങൾ കായൽപ്പരപ്പിലെ കുഞ്ഞോളങ്ങളെ കീറിമുറിച്ച് ലക്ഷ്യസ്ഥാനത്തേക്ക് മത്സരിച്ചു കുതിച്ചു പായുന്ന കാഴ്ച അവാച്യമായ ഒരനുഭൂതിയാണ് നൽകുന്നത്.

ചക്രം ചവിട്ടി വെള്ളം തേകിയ പാടത്ത് ഞാറു നടുന്ന പെണ്ണാളിന്റെ ഞാറ്റുവേലപ്പാട്ടിന് കുപ്പിവളകൾ താളമിടുമ്പോൾ പാടത്താകെ ഒരു പുത്തൻ ഉണർവ്. വിളവെടുപ്പുത്സവത്തിന് മറ്റൊരു താളമാണ്. ആഹ്ലാദത്തിമിർപ്പിൽ നെൽകതിരുകൾ കൊയ്തെടുക്കുമ്പോഴുള്ള കൊയ്ത്തുപാട്ടിന്റെ താളവും മെതിച്ചെടുത്ത നെൽമണികൾ വാരിക്കൂട്ടുമ്പോൾ ചുറ്റും നിന്ന് കാറ്റിനൊത്ത് മുറം വീശിപ്പാടുന്ന താളവും ലഹരി പകരുന്നതാണ്.

ചാകര-കൊയ്ത്തു കാലത്തിന്റെ താളമേളങ്ങളിൽ കടലും കടലിന്റെ മക്കളും ഓളവും തീരവും ഉന്മത്തരാകും. വള്ളം നിറയെ മത്സ്യവുമായി തുഴഞ്ഞുവരുന്ന അരയനെ സ്വപ്നം കണ്ടുറങ്ങുന്ന അരയത്തിപ്പെണ്ണിന്റെ ഹൃദയതാളത്തിന് കാമിനീഭാവം. മീൻ വാരി നിറച്ച കുട്ടയുമായി താളം ചവിട്ടി ഇടവഴിയിലൂടെ നടന്നു നീങ്ങുന്ന മീൻകാരിപ്പെണ്ണ് വിറ്റൊഴിഞ്ഞ കുട്ടയുമായി കുടിലിലേക്ക് അന്തിക്ക് ധൃതിയിൽ മടങ്ങുമ്പോഴത്തെ അവളുടെ മടിശ്ശീല കിലുക്കത്തിന്റെ താളം ശ്രുതി മധുരമാണ്.

www.malankaralibrary.com



ധനുമാസക്കുളിരിന്റെ ചിറകിലേറി വരുന്ന ക്രിസ്മസ് രാത്രികൾക്ക് ഭക്തിയുടെ ചെപ്പിലൊതുക്കിയ ആഹ്ലാദത്തിമിർപ്പിന്റെ താളമാണ്. കത്തുന്ന മെഴുകുതിരിയുടേയും കുന്തിരിക്കത്തിന്റേയും എഴിമ്പുല്ലിന്റേയും സുഗന്ധമുള്ള രാവുകൾ. എങ്ങും എവിടെയും, പുൽക്കൂടിന്റേയും നക്ഷത്രവിളക്കുകളുടേയും വർണ്ണപ്പകിട്ട്, രാത്രികളുടെ അന്ത്യയാമങ്ങളിലും മുഴങ്ങികേൾക്കുന്ന ഭക്തിനിർഭരമായ കരോൾ ഗാനങ്ങൾക്കും, ദേവാലയങ്ങളിൽ നിന്നുയരുന്ന മണിനാദത്തിനും ഒരു താളമുണ്ട്.

ദൈവത്തിന്റെ സൃഷ്ടികളിലെല്ലാം ഓരോരോ താളങ്ങളുണ്ട്. സൃഷ്ടിയുടെ മകുടമായ മനുഷ്യനും ഉണ്ടൊരു താളം. ശാരീരികവും മാനസ്സീകവും ആത്മീകവും സാമൂഹ്യവുമായ സുസ്ഥിതിയിലാണ് ഈ താളം നിലനിൽക്കുന്നത്. പ്രകൃതിയുടെ താളവും മനുഷ്യന്റെ താളവും ഒത്തുപോയെന്നാൽ ജീവിതം ആനന്ദമയമാകും. പ്രകൃതിയിൽ, പ്രകൃതിയോടൊത്ത് ഒരു ജീവിതശൈലി-പ്രകൃതി ജീവനം, സ്വീകരിക്കുന്നവന്റെ ജീവിതതാളം ശ്രുതി മനോഹരമായിരിക്കും. പ്രകൃതി ജീവനത്തിൽ എന്തെങ്കിലും അപാകതയോ അസ്വസ്ഥതയോ നേരിട്ടാൻ അവയെ തിരുത്തി പ്രകൃതിയുടെ താളത്തിനൊത്ത് തുടരാൻ മനുഷ്യനെ സഹായിക്കുന്ന ചികിത്സാരീതിയാണ് പ്രകൃതിചികിത്സ. രോഗം വരാതെ സൂക്ഷിക്കുകയും, വന്നാൽ ചിട്ടയായ യോഗാഭ്യാസം, സസ്യഭക്ഷണരീതി, ഉപവാസം, ധ്യാനം പഞ്ചഭൂതങ്ങളെ (മണ്ണ്, വെള്ളം, വായു, അഗ്നി, ആകാശം) കൊണ്ടുള്ള ചികിത്സാരീതികൾ എന്നിവയിലൂടെ ആത്മീയ- ശാരീരിക സൗഖ്യം പ്രാപിച്ച് പ്രകൃതി ജീവനിലേക്ക്, പ്രകൃതിയിലേക്ക് മനുഷ്യനെ തിരികെ എത്തിക്കുന്നു.

എപ്പോൾ മനുഷ്യന്റെ സ്വാർത്ഥതയും ആർത്തിയും അതിമോഹവും ഫണമുയർത്തിയോ, അപ്പോൾ അവന്റെ സ്വാഭാവിക താളം തെറ്റി മാനസ്സീക, ശാരീരിക രോഗിയാകുന്നു. അവൻ പ്രകൃതിയെ കടന്നാക്രമിക്കുകയും, സ്വാർത്ഥലാഭത്തിനുവേണ്ടി പ്രകൃതിയെ ചൂഷണം ചെയ്ത് അതിന്റെ സ്വാഭാവികതാളത്തെ അവതാളത്തിലാക്കുന്നു. കായലും നദീതടങ്ങളും നികത്തി സ്വന്തം ഭൂമിയുടെ അതിർത്തി

www.malankaralibrary.com



വിസ്യതിമാക്കുന്നു. ആർത്തിയോടെ ആവശ്യത്തിലധികം മണൽ വാരി പുഴകളെയും നദികളെയും തോടുകളെയും കൊന്നുകളയുന്നു. കുളങ്ങളും തണ്ണീർതടാകങ്ങളും നികത്തി മണിമാളികകളും ഫ്ളാറ്റുകളും പണിത് ലാഭം കൊയ്യുന്നു. കുന്നുങ്ങളും മലകളും ഇടിച്ചുനിരത്തി പഞ്ചനക്ഷത്രഹോട്ടലുകളും റിസോർട്ടുകളും നിർമ്മിച്ചു സന്തോഷിക്കുന്നു. പച്ചക്കറിയിലൂടെ, ഫലവർഗ്ഗങ്ങളിലൂടെ കൊടുംവിഷം കുടിപ്പിച്ച് മണ്ണിനേയും മനുഷ്യനേയും കൊലയ്ക്ക് കൊടുക്കാൻ മടിയ്ക്കുന്നില്ല. കാടുകൾ വെട്ടിത്തെളിച്ച് കാലാവസ്ഥ യുടെ താളം തെറ്റിക്കുന്നു. ഫലമോ ഭീകരമായ പ്രകൃതിക്ഷോഭങ്ങളു ടേയും, ദുരന്തങ്ങളുടേയും, നാശനഷ്ടങ്ങളുടേയും, അകാലമരണ ങ്ങൾ മണ്ണിൽ ഉപേക്ഷിച്ചിട്ടു പോയ ചീഞ്ഞഴുകിയ മൃതദേഹങ്ങളു ടേയും ദാരുണമായ നേർക്കാഴ്ചകൾ.

പ്രപഞ്ചവും അതിലെ ചരാചരങ്ങളും ദൈവസൃഷ്ടികളാണെ ന്നും അവ ഓരോന്നിന്റേയും ചലനങ്ങളും താളങ്ങളും സൃഷ്ടാവിൽ നിന്നുള്ളതാണെന്നുമുള്ള തിരിച്ചറിവ് സൃഷ്ടി-സ്രഷ്ടാവ് ബന്ധത്തെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കും. സൃഷ്ടികളിലൂടെ സ്രഷ്ടാ വിലേക്ക് എന്ന അസ്സീസ്സിയിലെ വി. ഫ്രാൻസിസിന്റെ ആശയം കൂടുതൽ പഠനത്തിനും ധ്യാനത്തിനും വിഷയമാകേണ്ടതാണ്.

താളം തെറ്റി അസ്വസ്ഥമായ മനുഷ്യമനസ്സിനേയും ശരീരത്തേ യും സാന്ത്വനപ്പെടുത്തി സൗഖ്യം നൽകാനുള്ള ശക്തി പ്രകൃതിയുടെ താളത്തിലുണ്ടെന്ന അനുഭവസ്ഥർ സാക്ഷിക്കുന്നു. കണ്ണെത്താ ദൂരം വരെ പരന്നുകിടക്കുന്ന നീലക്കടലിനെ, കരയെ വാരിപ്പുണർന്ന് നുരമുത്തുമാലയണിച്ച് മടങ്ങുന്ന കാമുക ഹൃദയമുള്ള തിരകളെ നോക്കിയിരിക്കുമ്പോൾ, കായൽപരപ്പിൽ ആലോലമാടുന്ന കുഞ്ഞോള ങ്ങളോട് സൗഹൃദം പുലർത്തുമ്പോൾ, കുളക്കരയിലിരുന്ന് കല്ലുകഷ ണങ്ങൾ വെള്ളത്തിലെറിയുമ്പോളുണ്ടാകുന്ന ഓളവളയങ്ങൾ വളർന്ന് വലുതാകുന്നത് കണ്ട് ആസ്വദിക്കുമ്പോൾ കണ്ണാടിപ്പുഴക്കര യിലെ ആളൊഴിഞ്ഞ കുളിക്കടവിൽ ഒഴുകി മാറുന്ന വെള്ളത്തിൽ പാദങ്ങൾ രണ്ടും നീട്ടിയിരിക്കവേ മത്സ്യകുഞ്ഞുങ്ങൾ വന്നു കൊത്തി ഇക്കിളിയിടുമ്പോൾ കോളുകൊണ്ടിളകി മറിയുന്ന ഏത് മനസ്സാണ്

www.malankaralibrary.com




ശാന്തമാകാത്തത്. അതെല്ലെങ്കിൽ ഇനത്തിലും തരത്തിലും നിറത്തിലും വ്യത്യസ്തങ്ങളായ ഒരായിരം പൂക്കൾ പൂവനത്തിൽ പുഞ്ചിരിച്ച് ഇളംകാറ്റിൽ നൃത്തം വയ്ക്കുമ്പോൾ ഏത് അസ്വസ്ഥമനസിലും സാന്ത്വനത്തിന്റെ പൂക്കൾ വിരിയും. ഗർവോടെ തലയുയർത്തി നിൽക്കുന്ന മലനിരയുടെ താഴ്വാരത്തിൽ നിന്ന് ഉച്ചത്തിൽ ഓംകാര മന്ത്രം ഉരുവിടുമ്പോഴുള്ള പ്രതിധ്വനിയിൽ ലയിച്ചു നിൽക്കുമ്പോൾ, കാടിന്റെ കനത്ത ഏകാന്തതയിലൂടെ ഏകനായി നടന്നു നീങ്ങുമ്പോൾ, ചിലങ്ക കെട്ടിയൊഴുകുന്ന കാട്ടാറിന്റെ കരയിൽ ഇരുന്ന് അതിന്റെ മധുരസംഗീതം നുകരുമ്പോൾ സംഘർഷവും, സംഘട്ടനവും നിറഞ്ഞ ഏതു മനസ്സിലെ കരിമേഘങ്ങളാണ് പെയ്തൊഴിയാത്തത്. സ്വർഗ്ഗത്തെ തൊട്ടുനിൽക്കുന്ന ഗിരിശൃംഗത്തിലെത്തുമ്പോഴുള്ള ദൈവസാന്നിധ്യാനുഭവത്തിന്റെ നിർവൃതിയിൽ ഏതു മനസിലാണ് ശാന്തിയുടേയും സമാധാനത്തിന്റേയും പനിമഞ്ഞ് പൊഴിയാത്തത്. നിലാവു പെയ്യുന്ന, നിശയുടെ നിശബ്ദതയിൽ, ആകാശപ്പൊയ്കയിൽ പൂത്തുനിൽക്കുന്ന നക്ഷത്രപ്പൂക്കളെ വെറുതേ നോക്കിയിരിക്കുമ്പോൾ അഭൗമമായ ആനന്ദം പൊട്ടിവിടരും.

ദൈവം ആകാശത്തേയും ഭൂമിയേയും ഭൂമിയിലെ സകല ചരാചരങ്ങളെയും സൃഷ്ടിച്ച് മനുഷ്യനെ അവയുടെയെല്ലാം അധിപനായി വാഴിച്ചു (ഉല്പ. 1/28, 2/15). അടക്കി ഭരിക്കാനല്ല, സംരക്ഷിച്ച് പരിപാലിച്ച് അവയുടെ പരിശുദ്ധിയിലും സ്വാഭാവികതയിലും നിലനിർത്താൻ. മനുഷ്യന്റെ ആധിവ്യാധികളെ അകറ്റി സമഗ്ര ആരോഗ്യത്തെ പ്രദാനം ചെയ്യാൻ തക്കശക്തി പ്രകൃതിക്കും അതിലെ പഞ്ചഭൂതങ്ങൾക്കും ഉണ്ടെന്നുള്ളത് തെളിയിക്കപ്പെട്ടതാണ്. പ്രകൃതിയുടെ നിലനിൽപ്പ് മനുഷ്യനേയും മനുഷ്യന്റെ നിലനിൽപ്പ് പ്രകൃതിയേയും ആശ്രയിച്ചിരിക്കുന്നു. പ്രകൃതിയുടെ താളത്തിനൊത്ത് മനുഷ്യൻ ജീവിക്കുമ്പോൾ അവന്റെ ജീവിതം ശ്രുതിതാളലയസംഗീതം പോലെയാകും.



www.malankaralibrary.com

# 4



# ശ്രുതി

www.malankaralibrary.com

# ശ്രുതി

ശ്രുതി എന്ന് കേൾക്കുമ്പോൾ മനസ്സിൽ ഓടിയെത്തുന്നത്, സംഗീതത്തിന് ജന്മം കൊടുത്ത് ആദിമദ്ധ്യാന്തം അതിനെ മനോഹരമാക്കുന്ന, അടിസ്ഥാനഘടകമായ ശ്രുതിയാണ്. എന്നാൽ ഇവിടെ വിവക്ഷിക്കുന്നത് 'കേട്ടത്' എന്നർത്ഥം വരുന്ന ശ്രുതിയാണ്.

**ഹൈന്ദവമതം:-**

ഗിരിശൃംഗങ്ങളിലേയും കുന്നിൻചരിവുകളിലേയും അഗാധമായ ഏകാന്തതയിൽ കനത്ത മൗനത്തിന്റെ പ്രാകാരങ്ങളിൽ പ്രവേശിച്ച് നിരന്തര ഈശ്വര സമ്പർക്കത്തിലും സംസർഗ്ഗത്തിലും കഴിഞ്ഞിരുന്ന ഭാരതഋഷിമാരും താപസശ്രേഷ്ഠൻമാരും ഉപാസനയിലൂടെ അനുഭവിച്ചറിഞ്ഞ ദൈവീക രഹസ്യങ്ങളുടെ വെളിപ്പെടുത്തലുകളാണ് ശ്രുതി. ദൈവീക ഉറവിടമായതുകൊണ്ട് തന്നെ ശ്രുതി ദൈവീകമാണ്. "ഉപാസന എന്ന് പറയുന്നത് ബോധപൂർവ്വമായ ചിന്തയിലൂടെ വസ്തുവുമായി തന്മയീഭാവം പ്രാപിക്കുന്ന പ്രകൃതിയെയാണ്" (തൈത്തീരിയോപനിഷത്ത് ശിക്ഷാവല്ലി, ഉപനിഷദ് സ്വാദ്ധ്യായം. ഡോ. സുവർണ്ണ നാലപ്പാട്ട്).

ഒന്നിനെത്തന്നെ ധ്യാനിച്ച് അതിൽത്തന്നെ മനസ്സുറപ്പിച്ച് അതായിതീരുന്ന ഉപാസനയിലൂടെ പരമാത്മാവിൽ വിലയം പ്രാപി

www.malankaralibrary.com



ക്കുന്ന ജീവാത്മാവിന് ലഭ്യമാകുന്നതാണ് ശ്രുതി. പതഞ്ജലി മഹർഷിയുടെ യോഗസൂത്രത്തിൽ ക്രമീകരിച്ചിരിക്കുന്ന അഷ്ടാംഗ യോഗയിലെ (യമ, നിയമ, ആസന, പ്രാണയാമ, പ്രത്യാഹാര, ധാരണ, ധ്യാന, സമാധി) 'സമാധിയിലും (യോഗസൂത്ര, പതഞ്ജലി, സാധന പാദ, സൂത്ര 29) അന്നമയ കോശ, പ്രാണമയ കോശ, മനോമയ കോശ, വിജ്ഞാനമയ കോശ, ആനന്ദമയ കോശ എന്നീ പഞ്ചകോശങ്ങളിലെ (തൈത്തീരിയോപനിഷദ് ബ്രഹ്മാനന്ദവല്ലി, അനുവാകം 5) ആനന്ദമയകോശത്തിലുമാണ്, ഉപാസനയിലൂടെയുള്ള ജീവാത്മ, പരമാത്മ ഒത്തുചേരലിൽ ഈ ശ്രുതി ഉപാസകന് അനുഭവവേദ്യമാകുന്നത്. ഭാരതീയ ആത്മീയതയുടെ ഉറവിടമായ ഈ ശ്രുതി കാലങ്ങളോളം വാമൊഴിയായി കൈമാറി കൊണ്ടിരുന്നത്, ബി.സി. 3000–600നുമിടയ്ക്ക് അക്ഷരരൂപത്തിലായി. അവയെ വേദങ്ങൾ എന്ന് അറിയപ്പെടുന്നു.

1. ഋഗ്വേദ - സ്തുതിപ്പുകളും ദിവ്യപ്രചോദനങ്ങളും ഉൾക്കൊള്ളുന്നു.
2. യജൂർവേദ - ആരാധനാനുഷ്ഠാനങ്ങളും, ഗദ്യങ്ങളും മന്ത്രങ്ങളും
3. സാമവേദ - കീർത്തനങ്ങളും ഗീതങ്ങളും
4. അഥർവ്വവേദ - അനുദിന ജീവിതത്തിലെ അനുഷ്ഠാനങ്ങൾ.

വേദങ്ങളുടെ കാലഘട്ടങ്ങളെ നാലായി തിരിക്കാം.

1. സംഹിതകൾ
2. ബ്രാഹ്മണങ്ങൾ
3. ആരണ്യകങ്ങൾ
4. ഉപനിഷത്തുകൾ

വേദസമുദ്രം മഥിച്ചെടുത്ത അമൃതാണ് ഉപനിഷത്ത് എന്ന് ശ്രീ ശങ്കരാചാര്യർ അഭിപ്രായപ്പെടുന്നു. ഹൈന്ദവ കാനോനിക മതഗ്രന്ഥങ്ങായി ഈ വേദങ്ങൾ നിലനിൽക്കുന്നു.

www.malankaralibrary.com



എല്ലാ മതങ്ങളിലും ദൈവീകരഹസ്യങ്ങളുടെ വെളിപ്പെടുത്തലുകൾ (ശ്രുതി) തെരഞ്ഞെടുക്കപ്പെട്ടവരിലൂടെ ലഭിക്കുകയും അതിൽ നിന്ന് ഉടലെടുക്കുന്ന, അതാതു മതത്തിന്റെ മതഗ്രന്ഥങ്ങളുമുണ്ട്.

**ബുദ്ധമതം:-**

ഒരു പ്രഭു കുടുംബത്തിൽ ജനിച്ച സിദ്ധാർത്ഥനെ (ബി.സി. 563-483) ബാലനായിരിക്കുമ്പോൾ തന്നെ വളരെയധികം ചിന്തിക്കാൻ പ്രേരിപ്പിച്ചത് രോഗം, വാർദ്ധക്യം, മരണം എന്നീ സത്യങ്ങളാണ്. മനുഷ്യനെ അടിമയാക്കിയിരിക്കുന്ന രോഗത്തിന്റെ കാരണം തേടി ലോകം മുഴുവൻ സഞ്ചരിച്ചുവെങ്കിലും മറുപടി ലഭിക്കാതെ വന്നപ്പോൾ സിദ്ധാർത്ഥൻ ബോധിവൃക്ഷച്ചുവട്ടിലിരുന്ന് കഠിന തപസാരംഭിച്ചു. ഈ ഉപാസനയിലൂടെ തനിക്ക് ലഭിച്ച ദൈവിക വെളിപാടുകൾ (ശ്രുതി) ദർശനമാക്കികൊണ്ട് ശ്രീബുദ്ധഭഗവാനായി പുറത്തുവന്നു. അദ്ദേഹത്തിന്റെ ദർശനങ്ങളും, പ്രബോധനങ്ങളും, ഉപദേശങ്ങളും, അനുയായികൾ വാമൊഴിയായി കാത്തുസൂക്ഷിച്ചിരുന്നത് കാലക്രമത്തിൽ പാലി ലിപിയിൽ അക്ഷരരൂപം പ്രാപിച്ച ബുദ്ധമതഗ്രന്ഥം ത്രിപിടകങ്ങൾ എന്നറിയപ്പെടുന്നു.

**ഖുറാൻ:-**

തന്റെ കാലത്തുണ്ടായിരുന്ന സാമൂഹികാചാരങ്ങളും ദുഃസ്ഥിതികളും കണ്ട് മനം മടുത്ത മഹമ്മദ്, മെക്കയുടെ പ്രാന്തപ്രദേശത്തുള്ള ഹീറ എന്ന ഗുഹയിൽ അഭയം പ്രാപിച്ച് അവിടെ ധ്യാനത്തിൽ ഏറെനാൾ ചെലവഴിച്ചു (എ.ഡി. 610-632). പല സന്ദർഭങ്ങളിലായി കഠിനതപസ്സിലൂടെ മഹമ്മദിന് അല്ലാഹുവിൽ നിന്ന് നേരിട്ടു ലഭിച്ചിട്ടുള്ള സന്ദേശങ്ങളും ഉപദേശങ്ങളും ക്രോഡീകരിച്ചെടുത്തതാണ് ഇസ്ലാംമതഗ്രന്ഥമായ ഖുറാൻ. 'പാരായണം' എന്നാണ് ഖുറാന്റെ വാച്യാർത്ഥം. എഴുതപ്പെട്ടത് അറബിഭാഷയിലും. ഇസ്ലാം എന്ന വാക്കിന്റെ ഉത്ഭവം 'സലാം' (സമാധാനം) എന്ന അറബി വാക്കിൽ നിന്നാകുമ്പോൾ ഇസ്ലാം മതത്തിന്റെ ദൈവം അല്ലാഹു 'അൽ" (the) എന്നതിനോട് 'ഇല്ലാഹ്' (God) ദൈവം എന്ന പദം

www.malankaralibrary.com



ചേർന്നതാണ്. 6506 സൂക്തങ്ങൾ ഉൾക്കൊള്ളുന്ന ഖുറാനിൽ 114 അദ്ധ്യായങ്ങളുണ്ട്. അല്ലാഹുവിൽ നിന്ന് ലഭിച്ച സന്ദേശങ്ങൾ (ശ്രുതി) മൂന്നു രീതികളിലാണെന്ന് ഖുറാൻ സാക്ഷിക്കുന്നു. (1) മനുഷ്യ രൂപത്തിൽ ഒരു മാലാഖ നിബിയോട് നേരിട്ട് സംസാരിക്കുന്നു. (2) ഖുറാൻ സന്ദേശം അശരീരി വാക്കുകളായി നബിക്ക് ലഭിക്കുന്നു (3) സന്ദേശം അല്ലാഹുതന്നെ നബിയുടെ മനസ്സിൽ തോന്നിപ്പിക്കുന്നു (ഖുറാൻ 42/5). നബിയുടെ കാലത്ത് ഖുറാൻ വാമൊഴിയായി നിലനിന്നിരുന്നത് കാലങ്ങൾക്കുശേഷം ഖലീഫ അബുബക്കറിന്റെ നിർദ്ദേശപ്രകാരം ഹസ്രത്ത് സെയ്ദ ഇബനുതാസിക് വാമൊഴികളും പാരമ്പര്യങ്ങളും സമാഹരിച്ച് ഒറ്റഗ്രന്ഥമാക്കിയതാണ് ഇന്നു കാണുന്ന ഖുറാൻ. ആത്മീയതയുടെ അടിത്തറയായി മുസ്ലീം വിശ്വാസികൾ കരുതുന്ന ഖുറാൻ (അപ്പാടെ) അക്ഷരംപ്രതി അനുവർത്തിച്ചുവരുന്നു.

**ബൈബിൾ:-**

"പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരുന്നു" (ഹെബ്രായർ 1/1-2). മനുഷ്യ ബുദ്ധിക്കതീതനും അപ്രാപ്യനുമായ ദൈവത്തേയും ദൈവിക രഹസ്യങ്ങളെയും കുറിച്ചുള്ള വെളിപ്പെടുത്തലുകൾ ബൈബിളിൽ ധാരാളമായി കാണാം.

"നന്മ സ്വരൂപിയും ബുദ്ധിതന്നെയുമായ ദൈവം സ്വയം വെളിപ്പെടുത്താനും നമുക്ക് അജ്ഞാതമായ അവിടുത്തെ തിരുവിഷ്ടം നമ്മെ അറിയിക്കുവാനും തിരുമനസ്സായി" (ദൈവവിഷ്കരണം, 2 രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ). ഇത്തരം വെളിപ്പെടുത്തലുകൾ വാക്കിലൂടെയും പ്രവൃത്തികളിലൂടെയും ആകുമ്പോൾ ദൈവികരഹസ്യങ്ങളുടെ അർത്ഥതലങ്ങൾ എളുപ്പത്തിൽ മനസിലാക്കാൻ സാധിക്കുന്നു. സൃഷ്ടികർമ്മത്തിലൂടെയുള്ള ദൈവാവിഷ്കരണത്തിന് വളരെ മുമ്പുതന്നെ ദൈവിക വെളിപ്പെടുത്തലു

www.malankaralibrary.com



കൾ കാണാമെന്ന് തോന്നുന്നു. "ദൈവത്തിന്റെ ചൈതന്യം വെള്ള ത്തിൻ മീതെ ചലിച്ചുകൊണ്ടിരുന്നു" (ഉല്പത്തി 1/2). ആകാശത്തേ യും, ഭൂമിയേയും, പ്രപഞ്ചത്തെ മുഴുവനും അവയിലെ സകല ചരാ ചരങ്ങളെയും സൃഷ്ടിച്ചശേഷം ദൈവം സ്വന്തം ഛായയിൽ മനുഷ്യ നേയും സൃഷ്ടിച്ച് സ്വയം വെളിപ്പെടുത്തുന്നു. ഒരു സുഹൃത്തി നോടെന്നപോലെ ദൈവം മനുഷ്യനോട് സംവദിക്കുന്നു (ഉല്പ. 1/ 28, 29, 30, 2/16, 3/8-13, 16-19).

ദൈവം ഗോത്രപിതാക്കന്മാരായ അബ്രഹാമിനേയും, ഇസഹാ ക്കിനേയും, യാക്കോബിനേയും തെരഞ്ഞെടുത്ത് അവർക്ക് സ്വയം വെളിപ്പെടുത്തുകയും മൂശവഴി സ്വന്തജനതയെ അടിമത്തത്തിൽ നിന്ന് വീണ്ടെടുത്ത് അവരെ സ്വന്തമാക്കുകയും ചെയ്യുന്ന മഹാ സംഭവത്തിലൊക്കെ ദൈവിക വെളിപ്പെടുത്തലുകളുടെ ഒരു പ്രവാഹം തന്നെയുണ്ട്.

മൂശ നയിച്ച ദൈവ ജനതയുടെ 'പുറപ്പാടിലും' പിന്നീടുള്ള അവരുടെ ജീവിതത്തിലെ വിജയപരാജയങ്ങളിലും അവർ ദൈവ ത്തെ വിട്ടുപേക്ഷിച്ചപ്പോഴുള്ള ശിക്ഷണങ്ങളിലും അവിടുന്ന് അവരു മായി നടത്തിയ ഉടമ്പടികളിലുമെല്ലാം ദൈവാവിഷ്കരണത്തിന്റെ പരമ്പര തന്നെയുണ്ട്. ദൈവം നിയോഗിച്ചു വച്ച പ്രവാചകന്മാർ, ന്യായാധിപൻമാർ, രാജാക്കന്മാർ, നേതാക്കന്മാർ എന്നിവരിലൂടെ യെല്ലാം അവിടുന്ന് സ്വന്ത ജനത്തോട് സംസാരിക്കുന്നതായി നാം വി. ഗ്രന്ഥത്തിൽ കാണുന്നു. അവസാനം തന്റെ പുത്രൻ വഴി ദൈവം നമ്മോട് സംസാരിക്കുന്നു. ദൈവിക വെളിപ്പെടുത്തലുകളുടെ പൂർണ്ണത നാം കാണുന്നത് ക്രിസ്തുവിലാണ്.

"സ്വസാന്നിദ്ധ്യത്താലും പ്രത്യക്ഷത്താലും, വാക്കാലും, പ്രവൃ ത്തിയാലും, അടയാളത്താലും, അത്ഭുതങ്ങളാലും പ്രത്യേകിച്ച് അവി ടുത്തെ മരണത്താലും മൃതരിൽ നിന്നുള്ള മഹത്വമേറിയ ഉത്ഥാന ത്താലും, അവസാനം പരിശുദ്ധാത്മാവിന്റെ പ്രേഷണത്താലും ക്രിസ്തു ദൈവീക വെളിപാട് പൂർണ്ണമാക്കി" (ദൈവാവിഷ്കരണം 4. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ). ദൈവ

www.malankaralibrary.com



വചനങ്ങളിലൂടെയുള്ള ദൈവാവിഷ്കാരം അപ്പസ്തോലന്മാർ വഴിയും തുടർന്ന് ക്രിസ്തു സ്ഥാപിച്ച സഭയിലൂടെയും ലോകാവസാനം വരെ തുടർന്നുകൊണ്ടേയിരിക്കും.

ക്രിസ്തുമതം ഒഴിച്ച് മറ്റു ഒട്ടുമിക്ക ലോകമതങ്ങളിലും ദൈവത്തെ അന്വേഷിച്ചിറങ്ങിയ ചില വ്യക്തികൾ തങ്ങളുടെ കഠിന തപസ്സിലൂടെ ദൈവിക വെളിപ്പെടുത്തലുകൾ നേടിയെടുക്കുന്നതായി കാണാം. അവരുടെ പ്രവൃത്തിയുടെ ഫലമെന്നോണം ഇത്തരം ദൈവിക ദർശനങ്ങൾ അവർ സ്വായത്തമാക്കുന്നു. എന്നാൽ ക്രിസ്തു മതദർശനത്തിൽ ഇത്തരം വെളിപ്പെടുത്തലുകൾക്ക് ദൈവം തന്നെ മുൻകൈയ്യെടുത്ത് ദൈവം തെരഞ്ഞെടുക്കുന്ന വ്യക്തികൾക്കോ, സമൂഹത്തിനോ കൊടുക്കുന്ന ഒരു വരമാണ്.

ഭാരത ഋഷിമാരേപ്പോലെ, ശ്രീബുദ്ധനേപ്പോലെ, മുഹമ്മദ് നബിയേ പോലെ നിശാന്ത നിശബ്ദതയിൽ ശരീരത്തേയും മനസ്സിനേയും ബുദ്ധിയേയും നിയന്ത്രിച്ചു നിർത്തി ആത്മാവിന്റെ ചിറകിൽ ദൈവത്തിലേക്ക് പറന്നുയർന്ന് അവിടുത്തെ സംസർഗ്ഗത്തിൽ ആയിരിക്കുമ്പോഴുള്ള ദൈവീക വെളിപാടിന്റെ അനുഭവത്തിന് ഒരു ആരോഹണക്രമമാണ് ഇതരമതങ്ങളിൽ എങ്കിൽ മനുഷ്യരോടുള്ള സ്നേഹത്താൽ പ്രേരിതനായ ദൈവം മാനുഷികതലത്തിലേക്ക് ഇറങ്ങിവന്ന് സ്വയം മനുഷ്യന് വെളിപ്പെടുത്തുന്ന അവരോഹണ ക്രമമാണ് ക്രിസ്തുമതദർശനത്തിൽ. മറ്റൊരു തരത്തിൽ മനുഷ്യനേ തേടി വരുന്ന ഒരു ദൈവത്തെ ഇവിടെ കാണുമ്പോൾ ദൈവത്തെ തേടി പോകുന്ന മനുഷ്യനെ മറുഭാഗത്തും കാണാം.

മാനവചരിത്ര പുസ്തകത്തിലെ പൊടിപിടിച്ച ആദ്യതാളുകളിൽ മാറാല പുതച്ചുറങ്ങുന്ന കുറെ ചരിത്രകഥകളല്ല ഇത്തരം വെളിപാടുകൾ മറിച്ച് മിനുമിനുക്കും പുറംമോടിയും അസ്വസ്ഥതയും കൈമുതലാക്കി എങ്ങോട്ടോ പരക്കം പായുന്ന ശബ്ദകോലാഹലങ്ങളുടെ ആധുനിക ലോകത്തും ഇത്തരം ദൈവീക വെളിപാടുകൾക്ക് പ്രസക്തിയുണ്ട്. കന്യകാമഠത്തിലെ നാലു ചുവരുകൾക്കുള്ളിലെ ഏകാന്ത മൗനത്തിലുള്ള ഉപാസനയിലൂടെ ലഭിച്ച വെളി

www.malankaralibrary.com



പാടുകളെ ഹൃദയത്തിലേറ്റി കൽക്കട്ടയിലെ തെരുവീഥികളിലേക്ക് ഇറങ്ങിച്ചെന്ന മദർ തെരെസയുടെ കഥ നമുക്ക് അജ്ഞാതമല്ല. ഇത്തരം എത്രയെത്ര തെരേസമാരാണ് ലോകത്തിന്റെ പല കോണുകളിലും തങ്ങൾക്ക് ലഭിച്ച വെളിപാടനുസരിച്ച് ജീവിതം ഹോമിച്ചുകൊണ്ടിരിക്കുന്നത്. അസ്സീസ്സിയിലെ ഫ്രാൻസിസും പാദുവായിലെ അന്തോണീസും, ഇഗ്നേഷ്യസ് ലയോളയും, കുരിശിന്റെ വി.യോഹന്നാനും, അമ്മ ത്രേസ്യായും, ക്ലാരയും, ഫാദർ ഡാമിയനും, ബഥനിയുടെ മാർ ഈവാനിയോസും തുടങ്ങി ഒട്ടനവധി കഥാപാത്രങ്ങൾ തങ്ങളുടെ ജീവിതം ബലിയാക്കിയത് ഇത്തരം ഒരു വെളിപ്പെടുത്തലിന്റെ പ്രേരണയാലാണ്. സാമൂഹ്യ അനീതിക്കും അസമത്വത്തിനും അടിമത്തത്തിനും ജാതി സ്പർദ്ധയ്ക്കും എതിരായി പടവാളേന്താൻ ചില ജനനേതാക്കൾക്ക് ഉൾക്കരുത്തേകിയത് അവർക്കു ലഭിച്ച ദൈവീക വെളിപ്പെടുത്തലുകളാല്ലാതെ മറ്റെന്താണ്. ഒരു നെൽസൺ മണ്ടേലയെ! ഒരു ഗാന്ധിജിയെ ഒരു ടാഗോറിനെ, ഒരു ശ്രീ ശങ്കരനെ, ഒരു ശ്രീനാരായണ ഗുരുവിനെ, ലോകത്തിന് ലഭിച്ചത് ഇത്തരം വെളിപ്പെടുത്തലുകൾ അനുസരിച്ച് അവർ ജീവിച്ചതുകൊണ്ടാണ്. മേൽപ്പറഞ്ഞ വീരപുരുഷന്മാർക്കുള്ള അസാധാരണ കഴിവുകളൊന്നും ഇല്ലാത്ത സാധാരണക്കാർക്കും ദൈവിക വെളിപ്പെടുത്തലുകൾ സാദ്ധ്യമാണെന്നതിൽ സംശയമില്ല. ജീവിതത്തിൽ വഴിമുട്ടിനിൽക്കുന്ന ചില സന്ദർഭങ്ങളിൽ പരിശുദ്ധമായ മനഃസാക്ഷിയുടെ മന്ത്രണം ദൈവിക വെളിപ്പെടുത്തലുകളുടെ മറുരൂപമാണെന്നതിൽ സംശയമില്ല.

## മൗനവും ദൈവീകവെളിപ്പെടുത്തലുകളും

അഗാധമൗനത്തിന്റെ പരിശുദ്ധിയിലേക്ക് ദൈവം ഇറങ്ങിവന്ന് തന്റെ ദിവ്യരഹസ്യങ്ങളെ വെളിപ്പെടുത്തിക്കൊടുക്കും. ദൈവം സമീപസ്ഥനാണെന്ന് അനുഭവിച്ചറിയുന്ന ശ്രീകോവിലാണ് മൗനം. ആരാധകനും, ആരാധ്യനുമെ ഇവിടെയുള്ളൂ. ആരാധ്യനിൽ ലയിച്ച് ഒന്നായിതീരും. മൗനത്തിന്റെ ഉച്ചസ്ഥായിയായ സമാധിലെത്തുമ്പോൾ ആരാധകൻ ആരാധ്യനിൽ ലയിച്ചു ഒന്നായിതീരും.

www.malankaralibrary.com



മൗനത്തിൽ ദൈവം നമ്മോട് സംസാരിക്കുന്നത് മൗനത്തിൽ മാത്രമേ നമുക്ക് കേൾക്കാനാവൂ. ശബ്ദം മനുഷ്യന്റെ ഭാഷയും മൗനം ദൈവത്തിന്റെ ഭാഷയും എന്ന് ഏലിയാപ്രവാചകന്റെ അനുഭവം വി.ഗ്രന്ഥത്തിൽ തെളിഞ്ഞുകിടക്കുന്നു. മലകളെ പിളർത്തുന്ന, പാറകളെ തകർക്കുന്ന കൊടുംകാറ്റിലും, ഭീകര ഭൂകമ്പത്തിലും, കത്തിനശിക്കുന്ന അഗ്നിയിലും ദൈവം ഇല്ലായിരുന്നു. പിന്നീടെത്തിയ മൗനത്തിന്റെ ശാന്തതയിൽ ദൈവത്തിന്റെ മൃദുസ്വരം ഏലിയാ കേട്ടു (1 രാജാ 19/11-13). മൗനത്തിന്റെ പ്രതീകമായ മേഘസ്തംഭത്തിൽ ദൈവം മൂശയോടും ഇസ്രായേൽ ജനതയോടും സംസാരിക്കുന്നതായി പുറപ്പാടു പുസ്തകത്തിൽ കാണാം (പുറപ്പാട് 19/16, 21). യേശുവിന്റെ മൂന്നുവർഷത്തെ പരസ്യജീവിതത്തിന്റെ ഊർജ്ജം മുഴുവൻ സമ്പാദിച്ചത് 30 വർഷത്തെ മൗനജീവിതത്തിൽ നിന്നും പ്രത്യേകിച്ച് 40 ദിവസത്തെ കഠിന ഉപവാസത്തോടുകൂടിയ മൗനത്തിലുള്ള ദൈവസംസർഗ്ഗത്തിൽ നിന്നുമായിരുന്നു. ദൈവിക രഹസ്യങ്ങളെ പ്രതീകങ്ങളിലൂടെ വി.യോഹന്നാന് വെളിപ്പെട്ടു കിട്ടുന്നത് പത്മോസ് ദ്വീപിലെ ഏകാന്ത മൗനത്തിന്റെ കൂടാരങ്ങളിലാണ്.

അസ്തിത്വത്തിൽ ദൈവം മൗനമാണ്. ഈ മൗനത്തിന് ഭാവഭേദങ്ങളോ വകഭേദങ്ങളോ ഉണ്ടെന്ന് തോന്നുന്നു. സൃഷ്ടികർമ്മവും, രക്ഷാകര കർമ്മവും, പരിപാലന കർമ്മവും (സൃഷ്ടിസ്ഥിതി സംഹാരം) ഈ മൗനത്തിന്റെ വകഭേദങ്ങളാണെന്ന് പറയാം. ആറു ദിവസത്തേ സൃഷ്ടികർമ്മത്തിനുശേഷം ഏഴാം ദിനം ദൈവം വിശ്രമിക്കുന്നതായി (മൗനം) വി. ഗ്രന്ഥം സാക്ഷിക്കുന്നു (ഉല്പത്തി 1/1-18). ഈ മൗനത്തിന് സ്ഥലകാല ശബ്ദരൂപ ഭാവങ്ങളില്ലെങ്കിലും മൗനത്തിന് ഇവയെ സ്വീകരിച്ച് ദൈവിക വെളിപ്പെടുത്തലുകൾ സാധ്യസിദ്ധമാക്കാം. മൗനത്തിന്റെ ഇത്തരം വ്യത്യസ്ത ഭാവങ്ങളെ കൊണ്ട്  വി. ഗ്രന്ഥം നിറഞ്ഞിരിക്കുന്നു. കാലത്തിന്റെ തികവിൽ അവിടുന്ന് (മൗനം) മനുഷ്യരൂപം പ്രാപിച്ച് (യോഹ. 1/1f) മനുഷ്യരുടെ ഇടയിൽ വസിച്ചുകൊണ്ട് ദൈവിക വെളിപാടുകളെ അതിന്റെ പൂർണ്ണതയിലെത്തിക്കുന്നു.

www.malankaralibrary.com



മൗനത്തെ പുണ്യമായിക്കണ്ട് അതിൽ സന്യാസത്തിന്റെ പൂർണ്ണത ദർശിക്കുന്ന ഒരു മിസ്റ്റിക്കാണ് ബഥനിയുടെ മാർ ഈവാനിയോസ്. 'സന്യാസ ജീവിത സഹായി' എന്ന തന്റെ പുസ്തകത്തിന്റെ രണ്ടാം പകുതിയിൽ സന്യാസത്തിലെ വി. മൗനത്തെ കുറിച്ചും അത് സ്വായത്തമാക്കാനുള്ള ജീവിതക്രമങ്ങളെക്കുറിച്ചും ധ്യാനമുറകളെപ്പറ്റിയും വിശദമായി പറഞ്ഞുവച്ചിരിക്കുന്നു. പ്രത്യേകിച്ചും ഭജനയിലൂടെ മൗനത്തിന്റെ ഉന്നതപദവിലെത്തി ദൈവത്തിൽ ഒന്നാകുന്നത് സ്വ അനുഭവത്തിന്റെ വെളിച്ചത്തിൽ വെളിവാക്കിയിരിക്കുന്നു. കേവലം സംസാരത്തിൽ നിന്ന് വിട്ടുനിൽക്കുന്നതല്ല മൗനം മറിച്ച് ശാരീരിക, മാനസിക, ആത്മീയതലങ്ങളിലെ മൗനത്തിലാണ് ദൈവവുമായി സംവദിക്കുന്നത്.

ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ നിന്നും ഏതു തരത്തിലുള്ള ആശയവിനിമയവും ഉപേക്ഷിച്ചുള്ള ശാരീരിക മൗനത്തിൽ നിന്നുയർന്ന് സകലവിധ മാനസിക ബൗദ്ധിക പ്രവൃത്തികളിൽ നിന്നുള്ള വിടുതൽ വഴി ലഭിക്കുന്ന മനസിന്റെ മൗനത്തിലേക്കും അവിടെനിന്നും ജപധ്യാനങ്ങളിലൂടെയുള്ള ആത്മാവിന്റെ മൗനത്തിന്റെ തലവും കടന്ന് ചെന്ന് ദൈവത്തിൽ ഒന്നാകുന്നതാണ് മൗനത്തിന്റെ പരമലക്ഷ്യം. മൗനത്തിന്റെ ഇത്തരം അവസ്ഥയിൽ ശരീരത്തിന്റെയോ, മനസ്സിന്റെയോ, ആത്മാവിന്റെയോ യാതൊരു പ്രവൃത്തിയുമില്ല. ആത്മാവ് ദൈവത്തിൽ ഒന്നാകുന്ന ഈ അവസ്ഥ കുരിശ്ശിന്റെ വി. യോഹന്നാന് നിർവൃതിയും (Ecstasy), വി. ഫ്രാൻസിസ് അസ്സീസ്സി, അമ്മ ത്രേസ്യ, അൽഫോൻസ തുടങ്ങിയവർക്ക് ആത്മീയ പാരവശ്യവുമാണ്; മരണാനന്തരം ദൈവത്തിൽ ആയിരിക്കുന്ന നിത്യതയുടെ മുൻ ആസ്വാദനത്തിന്റെ ചില നിമിഷങ്ങൾ.

സ്ഥലകാലങ്ങൾക്ക് അതീതനായ ദൈവം താൻ തെരഞ്ഞെടുക്കുന്ന വ്യക്തികൾക്കോ സമൂഹങ്ങൾക്കോ ദൈവിക രഹസ്യങ്ങളെ സ്ഥലകാലങ്ങളിൽ വെളിപ്പെടുത്തുന്നു. വി. ലിഖിതങ്ങൾക്ക് അകത്തും പുറത്തും എല്ലാ മതവിഭാഗങ്ങൾക്കും ഇത്തരം വെളിപ്പെടുത്തലുകൾ ലഭിക്കുന്ന വ്യക്തികളും സമൂഹങ്ങളും ഉള്ളതായി ചരിത്രം

www.malankaralibrary.com



സാക്ഷിക്കുന്നു. ദൈവിക വെളിപ്പെടുത്തലുകൾ (ശ്രുതി) എല്ലാം തന്നെ അഗാധമായ മൗനത്തിന്റെ വാല്മീകത്തിലാണ് സംഭവിക്കുന്നത്. കാരണം മൗനം വിശുദ്ധമാണ്. മൗനത്തെ ഭയപ്പെടുന്നവൻ എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കും എന്ന് പ്രസിദ്ധ എഴുത്തുകാരൻ ഖലിൽ ജിബ്രാൽ അഭിപ്രായപ്പെടുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖയിൽ, എല്ലാ മതവിഭാഗങ്ങളിലും ദൈവാവിഷ്കരണത്തിന്റെ രശ്മികൾ കാണാം. എന്നാൽ ക്രിസ്തുവിൽ ഉള്ള അതിന്റെ പൂർണ്ണത സഭയിലാണെന്ന് കാണാം. (രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ ദൈവാവിഷ്കാരം-4).



www.malankaralibrary.com

# 5



# അഞ്ചിതൾ പൂവിനു മരണമില്ല

www.malankaralibrary.com

# അഞ്ചിതൾ പൂവിനു മരണമില്ല

ഒരു ധനുമാസകുളിരുള്ള പുലരി. ഭൂപാളരാഗം പാടി കൊണ്ട് കിളികൾ കൂടുവിട്ടു പുറത്തുവന്നു. പരുക്കൻ സ്വരത്തിൽ സുപ്രഭാതം ചൊല്ലി, കാക്കകൾ പുലരിയുടെ വരവറിയിച്ചു. കിടക്കവിട്ടെഴുന്നേറ്റ് ദൈവനാമകീർത്തനത്തിന് ആഹ്വാനമെ ന്നോണം പൂവൻകോഴികൾ കഴുത്തുനീട്ടി ഉച്ചസ്ഥായിയിൽ കൂവി വിളിക്കുന്നു. വാകമരച്ചില്ലയിലിരുന്ന് കുയിലിണകൾ സ്തുതിഗീതം ആലപിക്കുന്നു. കിഴക്കേ ദിക്കിൽ നിന്ന് തങ്കത്തേരിൽ എഴുന്ന ള്ളുന്ന പകലോനെ വരവേൽക്കാൻ ഇരുട്ടിന്റെ പുതപ്പ് മെല്ലെ മടക്കി മാറ്റി പുലരിപ്പെണ്ണ് മഞ്ഞിൽ കുളിച്ചൊരുങ്ങി നിൽക്കുകയാണ്. പള്ളിമണിയുടെ നേർത്ത ശബ്ദം അങ്ങ് ദൂരത്തുനിന്ന് കേൾക്കാം. പ്രഭാത പുഷ്പങ്ങളെ തഴുകിത്തലോടി മനം കുളിരുന്ന പൂമണ വുമായി കുളിർകാറ്റെത്തുന്നു.

വീതി കുറഞ്ഞ് നീണ്ടു കൂർമ്പിച്ച ഇലകൾ ഉള്ള ഒരു ചെടി ആരാലും ശ്രദ്ധിക്കപ്പെടാതെ മരകൊമ്പുകളുടെ അടുത്തായി നിൽപ്പുണ്ട്. ചെടിയുടെ നെറുകയിൽ പൂവായി പിറന്ന് വീഴാൻ തപസ്സിരിക്കുന്ന ഒരു മുകുളം ആകാശത്തെ നോക്കി തൊഴുതു നിൽക്കുന്നു. നിമിഷങ്ങൾ കൊഴിഞ്ഞുവീണു. ഇളംമഞ്ഞിൻ കുളിരുമായി വന്ന ഒരു കുസൃതിക്കാറ്റിന്റെ തലോടലിൽ അവളൊരു

www.malankaralibrary.com



പൂവായി വിടർന്നു. 'അഞ്ചിതൾ പൂവ്'. ഭൂമിദേവിയ്ക്ക് ഇന്ന് മുടിയിൽ ചൂടാനൊരു പ്രഫുല്ല പ്രസൂനം. ഉള്ളിൽ സൂക്ഷിച്ചിരുന്ന മനം മയക്കുന്ന സുഗന്ധം പരിസരമാകെ പടർന്നുപൊങ്ങി. ഒരുന്മാദ ലഹരിയിൽ കാറ്റിന്റെ കൈകളിൽ അവൾ ആലോലമാടി. പ്രഭാത സൂര്യന്റെ തങ്കക്കതിരുകളിൽ പൊതിഞ്ഞപ്പോൾ അവൾ സുന്ദരി യായി. അതിഥികളായി, പൂവീച്ചകളോ, തേനീച്ചകളോ, വണ്ടത്താൻ മാരോ എത്തിയിട്ടില്ല. ഒരുപാട് മോഹങ്ങളോടെയാണ് അവളൊരു മലരായി വിരിഞ്ഞത്. അഞ്ചിതൾ പൂവിന്റെ മനം നൊമ്പരപ്പെട്ടു. എന്തായിരിക്കുമോ തന്റെ വിധി. ജന്മനിയോഗത്തെയോർത്ത് അവൾ ആകുലചിത്തയായി. ഒരുപക്ഷെ ഏതെങ്കിലും ഒരു കാമുകൻ മുടിയിൽ ചൂടാനായി കാമുകിയ്ക്ക് സമ്മാനിക്കുന്ന സ്നേഹത്തിന്റെ പ്രതീകമാകുമോ താൻ? ഭക്തി പരവശയായ സ്ത്രീ തന്റെ ഇഷ്ട ദേവന് അർപ്പിക്കുന്ന ഒരു പൂജാപുഷ്പമാകുമോ? അതോ വിവാഹ വേദിയിൽ നവവധു തന്റെ പ്രാണപ്രിയന്റെ മാറിൽ അർപ്പിക്കുന്ന വരണമാല്യത്തിന്റെ കോണിൽ ഒളിഞ്ഞിരിക്കുന്ന ഒരു പൂവാകുമോ? അതുമല്ലെങ്കിൽ അകാലത്തിൽ പൊലിഞ്ഞുപോയ ഒരു യൗവന ക്കാരന്റെ പാദാന്തികത്തിൽ സ്നേഹിച്ചവളർപ്പിക്കുന്ന പുഷ്പചക്ര ത്തിലെ ഒരംഗമാകുമോ? കോളുകൊണ്ടിളകിമറിയുന്ന ആഴിപോലെ യായി അവളുടെ മനസ്സ്. ഒരിളംകാറ്റ് അവളെ തൊട്ടുരുമ്മി കടന്നുപോയി, ഒരു ശാന്തത അനുഭവപ്പെട്ടു. രഥചക്രങ്ങൾ ഉരുളുന്ന നേരിയ ശബ്ദം അവൾ കേട്ടതുപോലെ.

ആകാശത്തിനക്കരെ നിന്നും സ്വർണ്ണരഥത്തിൽ ഇറങ്ങി വരുന്ന ഗന്ധർവനെ പോലെ കുഞ്ഞിച്ചിറകുകൾ വീശി ഉയരത്തിൽ നിന്ന് ഒരു തേൻകിളി അവളുടെ അരികിലേക്ക് പറന്നിറങ്ങി, തൊട്ടടുത്ത മരകൊമ്പിലിരുന്നു. നേർത്ത് നീണ്ട ചുവന്ന ചുണ്ടും, വെള്ളയും ചുവപ്പും ഇടകലർന്ന ചെറുതൂവലുകൾ കൊണ്ട് പൊതിഞ്ഞ ഒതുങ്ങിയ ശരീരവും ചുവന്ന കാൽ നഖങ്ങളും, ഒറ്റനോട്ടത്തിൽ ആരാലും ആകർഷിക്കപ്പെടുന്ന രൂപം, തേൻകിളി അരികത്ത് നിൽക്കുന്ന അഞ്ചിതൾ പൂവിന്റെ നേരെ ദൃഷ്ടികളയച്ചു. മൗനത്തിന്റെ നിമിഷങ്ങളിൽ അവർ എന്തൊക്കെയോ പറയാതെ പറഞ്ഞു. ഒരു പ്രണയകഥയുടെ തുടക്കം. മധുരാനുഭവങ്ങൾ മാത്ര മുള്ള ആരംഭമാണെങ്കിലും ക്രമേണ കയ്പിന്റെ അനുഭവങ്ങളിൽ

www.malankaralibrary.com



പ്രണയം പലപ്പോഴും മരിച്ചുവീഴുന്നു. അത് മനുഷ്യന്റെ കഥ. ഹൃദയത്തിന്റെ ഉള്ളറകളിൽ സൂക്ഷിച്ചിരുന്ന തേൻകണങ്ങൾ നീണ്ട ചുണ്ടുകൊണ്ട് തേൻകിളി വലിച്ചു കുടിക്കുമ്പോൾ അവൾ ഏതോ നിർവൃതിയിലായിരുന്നു. നിമിഷങ്ങൾക്കകം അവൻ പറന്നുയർന്നു. ഒരു നഷ്ടസ്വർഗ്ഗത്തിന്റെ വിഷാദം അവളിലേക്ക് ഇരമ്പികയറി. കൈവന്ന സൗഭാഗ്യം കൈവിട്ടു പോയതുപോലെ. അവളുടെ മനസു നിറയെ അവൻ മാത്രമായിരുന്നു. അവൾക്കൊരു ഉൾഭയം. എങ്കിലും അവന്റെ ആകർഷണ വലയത്തിൽ അകപ്പെട്ടതുപോലെ.

പിറ്റേന്ന് പുലർന്നപ്പോൾ തേൻകിളിയുടെ വരവിനായി അഞ്ചിതൾ പൂവ് കൊതിച്ചുനിന്നു. തന്റെ ഹൃദയവിചാര വികാരങ്ങളെ അവനുമായി പങ്കുവയ്ക്കാൻ അവൾ വെമ്പുകയായിരുന്നു. ഒരു ചെറുകാറ്റിന്റെ അകമ്പടിയോടെ കുഞ്ഞിചിറകുകൾ വീശി അവൻ എത്തി. ആ മരകൊമ്പിലിരുന്നു. അവളുടെ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. ഇരുഹൃദയങ്ങളിലും വികാരാവേശങ്ങളുടെ കുത്തൊഴുക്ക്. ആരാദ്യം പറയും, ഒരു മത്സരമായിരുന്നു അവരുടെ ഇടയിൽ. വാചാലമായ നീണ്ട മൗനം ഭഞ്ജിച്ചുകൊണ്ട് അവന്റെ കണ്ണുകളിലേക്ക് നോക്കി, മുറിഞ്ഞു വീഴുന്ന വാക്കുകളിൽ അവൾ പറഞ്ഞു തുടങ്ങി. “അങ്ങ് ദൂരെ ഉയരങ്ങളുടെ ഉയരത്തിൽ നിന്ന് താഴേക്ക് പറന്നു വന്ന ഗന്ധർവൻ, സ്നേഹഗന്ധർവനാണ്. സ്നേഹമെന്നാണ് നിന്റെ മറുനാമം. സുന്ദരനാണ്, സുരൂപനാണ് നീ. ഞാൻ ഈ മണ്ണിന്റെ മകളും. എന്റെ വർഗ്ഗത്തിന് ഒരിക്കൽ കിട്ടിയ ശാപത്തിന്റെ വൈരൂപ്യമാണെനിക്ക്. എന്നിട്ടും നീ എന്നെ സ്നേഹിക്കാൻ വന്നു. നിന്റെ മുമ്പിൽ ആ സ്നേഹത്തിന് പകരം വയ്ക്കാൻ നൊമ്പരപ്പാടുകളുള്ള ഒരു കൊച്ചു ഹൃദയം മാത്രം.” സ്നേഹത്തിന്റെ നനവുള്ള അവളുടെ വാക്കുകളെ ഒരിക്കലും മായാത്തവിധം അവൻ തന്റെ ഹൃദയത്തോട് ചേർത്തു വച്ചു. യാചനാ സ്വരത്തിൽ അവൾ തുടർന്നു “എനിക്ക് നിന്റെ നിറം കിട്ടിയിരുന്നെങ്കിൽ, നിന്നെപ്പോലെ ഞാനും ആയിരുന്നെങ്കിൽ, നിന്റെ ഭാവം എനിക്കു വേണം.” ആത്മാർത്ഥത നിറഞ്ഞ അവളുടെ ഹൃദയാഭിലാഷങ്ങൾക്ക് തന്റെ ജീവന്റെ വിലയാണ് അവൻ കൊടുത്തത്. എന്തോ ദൃഢനിശ്ചയമെടുത്തതുപോലെ മരകൊമ്പിൽ നിന്ന് തേൻകിളി ചിറകടിച്ചെഴുന്നേറ്റ് അഞ്ചിതൾ പൂവിന്റെ മുകളിൽ പറന്നു നിന്ന്, പനിമഞ്ഞ് വീണ്

www.malankaralibrary.com



നനഞ്ഞ അവളുടെ ദളങ്ങളെ തുടച്ചുണക്കി ചുംബിച്ചു. അവരുടെ സ്നേഹ ഉടമ്പടിക്ക് മുദ്രയെന്നോണം അവൾ വികാര വിവശയായി. മരകൊമ്പിൽ വന്നിരുന്ന തേൻകിളി അവളുടെ കണ്ണുകളിലേക്ക് നോക്കി. സ്നേഹത്തിന്റെ ആഴക്കടലാണ് ആ കണ്ണുകളിൽ അവൻ കണ്ടത് "നീ എന്റേതാണ്, ഞാൻ നിന്റേതും നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കും" അവന്റെ അധരപുടങ്ങളിൽ നിന്ന് അടർന്നു വീണ തേൻ മൊഴികൾ അവളെ കോരിത്തരിപ്പിച്ചു. അവൾക്കൊന്നും മനസിലായില്ല. അവൻ ആകെ അസ്വസ്ഥനായതുപോലെ കാണപ്പെട്ടു. ചുണ്ടുകൾ അനക്കി അവൻ എന്തോ പറഞ്ഞശേഷം തൊട്ടു മുകളിലുള്ള മരച്ചില്ലയിലേക്ക് കയറി അവൾക്ക് മുകളിലായി ഇരുന്നു. അങ്ങ് ആകാശത്തേക്ക് തല ഉയർത്തി കണ്ണുകൾ അടച്ച് അവൻ എന്തൊക്കെയോ പറയുന്നുണ്ട്. അവളുടെ ഭയം വർദ്ധിച്ചു വരുന്നു. തേൻകിളി തന്റെ കാൽ നഖങ്ങളെ മരകൊമ്പിൽ ചേർത്ത് ചുറ്റിപിടിച്ച് താഴേക്ക് ചരിഞ്ഞ് കിടന്ന് ചുണ്ടുകൊണ്ട് അവന്റെ ചങ്ക് കൊത്തിക്കീറി. ഒഴുകി വന്ന ചോര അഞ്ചിതൾ പൂവിലേക്ക് ഇറ്റിറ്റ് വീണു. ഭയവും പരിഭ്രാന്തിയും കൊണ്ട് അവൾ വിറയ്ക്കുന്നുണ്ടായിരുന്നു. ദുഃഖഭാരം താങ്ങാനാവാതെ അവൾ അലറികരഞ്ഞു. ചോരവീണ് ചുവന്നു തുടുത്ത് അവൾ അവന്റെ നിറമായി മാറി. താൻ സ്നേഹിച്ച തന്നെ സ്നേഹിച്ച തേൻകിളിയുടെ ചങ്കിലെ അവസാനതുള്ളി ചോരയും അവളിൽ വീണു കഴിഞ്ഞു. മോഹിച്ചതൊക്കെ സാധിച്ചുകൊടുത്തവന്റെ തിരുപാധിക സ്നേഹത്തിന്റെ ആഴമളക്കാൻ അവൾക്കായില്ല. മരകൊമ്പിൽ പിടഞ്ഞുമരിച്ച് എന്നേക്കുമായി അടഞ്ഞുകഴിഞ്ഞ അവന്റെ കണ്ണുകളെ ആണ് അവൾ കണ്ടത്. വേദനയുടെ അഗ്നികുണ്ഡത്തിൽ ഉരുകുന്ന അവൾ വിതുമ്പി കൊണ്ട് ചോദിച്ചു "നിന്റെ ജീവൻ വിലയാക്കിയാണോ എന്നെ നിന്നെപ്പോലെ ആക്കിയത്?" സ്നേഹിതനുവേണ്ടി ജീവൻ കൊടുക്കുന്നതിൽ വലിയ സ്നേഹമില്ലെന്ന പരമസത്യം മരക്കൊമ്പിൽ തൂങ്ങിക്കിടന്ന് കൊണ്ട് അവൻ ലോകത്തോടു വിളിച്ചു പറയുകയായിരുന്നു. താങ്ങാനാവാത്ത ദുഃഖം കടിച്ചിറക്കി അവൾ കുനിഞ്ഞിരുന്നു. ഒരു തണുത്ത കാറ്റ് ആ വഴി വന്ന് അവളെ ആശ്വസിപ്പിച്ചിട്ട് പോയി. അഞ്ചിതൾ പൂവ് നിവർന്ന് ആ മരകൊമ്പിലേക്ക് നോക്കി. മരിച്ച് മരവിച്ച അവൻ ഭൂമിയുടെ അഗാധങ്ങളിലേക്ക് വീണു

www.malankaralibrary.com



കഴിഞ്ഞു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അവൾക്ക് കിട്ടിയ ആയുസ് കുറഞ്ഞ നിമിഷങ്ങളെ ഓർത്ത് അവൾ സംതൃപ്തയായി. "അവൻ മരിച്ചിട്ടില്ല. അവൻ വരും നാളെയും വരും....വരും....വരും..." മന്ത്രോച്ചാരണം പോലെ അവൾ ഉരുവിട്ടുകൊണ്ടിരുന്നു. പകൽ പോയി രാവായി.

അവനെ എതിരേൽക്കാൻ, ഇരുട്ടായിരിക്കുമ്പോൾ തന്നെ രാക്കുളിരിൽ കുളിച്ചൊരുങ്ങി നിന്നു. അവൾക്കിപ്പോൾ അവന്റെ നിറമാണ്, അവന്റെ ഭാവവും, ഓരോ കോശങ്ങളിലും അവന്റെ ജീവൻ ത്രസിക്കുന്നു, അവളുടെ സിരകളിൽ ഒഴുകുന്നത് അവന്റെ പ്രാണനും. താൻ സ്നേഹിക്കുന്നവനെ കുറിച്ചുള്ള ചിന്ത ഉപാസനയിലേക്കും ഉപാസനയിൽ നിന്നുയർന്ന് നിർവൃതിയിലും എത്തി നിന്നു. അവൻ അവളിലും അവൾ അവനിലും, ഇനി അവൾ രണ്ടല്ല, ഒന്നുമാത്രം...

കുയിലുകളുടെ പ്രഭാത കീർത്തനം കേട്ട് അവൾ ഞെട്ടി ഉണർന്നു. അപ്പോഴും അവൾ മന്ത്രിക്കുന്നുണ്ടായിരുന്നു "അവൻ വരും". കേൾക്കാൻ കാതോർത്തിരുന്ന ആ ചിറകടി ശബ്ദം അവൾ കേട്ടു. അവൾക്കുവേണ്ടി അവൻ ഒരിക്കൽ കൂടി വന്നു. പ്രകാശ ത്തിന്റെ ചിറകിലേറി വന്ന അവൻ പ്രഭാപൂരിതനാണ്. ആ പ്രകാശ വലയത്തിലേക്ക് അവൾ നോക്കി. അവൻ ആകെ മാറിയിരിക്കുന്നു. സാന്ദ്രമായ ഒരു മധുരശബ്ദം അവൾ കേട്ടു. "അഞ്ചിതൾപൂവേ" സന്തോഷത്തിന്റെ വേലിയേറ്റത്തിൽ അവൾ പ്രതിവചിച്ചു. "നാഥാ" – വികാരഭരിതയായി സ്നേഹത്തിന്റെ ഉൾപ്രേരണയിൽ അവനെ വാരിപ്പുണരാൻ അവൾക്ക് കഴിഞ്ഞില്ല. കാരണം അവൻ പഞ്ചേ ന്ദ്രിയങ്ങൾക്ക് അതീതനായിരുന്നു. "എന്റെ കൂട്ടിലേക്ക് നിന്നെ കൂട്ടി കൊണ്ടു പോകാനാണ് ഞാൻ വന്നത്. അവളുടെ ഹൃദയാഗാധങ്ങളി ലേക്ക് തേനായി ഒലിച്ചിറങ്ങിയ വാക്കുകൾ. അവൻ അവളെ തന്റെ ചിറകിലേറ്റി വാനമേഘങ്ങൾക്കപ്പുറത്തേക്ക് പറന്നുപൊങ്ങി. അഞ്ചിതൾ പൂവിന് ഇനി മരണമില്ല.

*നസ്രത്തിലെ ഒരു തച്ചന്റെ മകൻ സ്നേഹിക്കാനേ അവനറിയൂ. ആ സ്നേഹഗന്ധർവന്റെ ഇടനെഞ്ചിൽ ചേക്കേറാൻ വെമ്പുന്ന ഏതൊരാത്മാവിന്റേയും കഥയാണിത്.*

# 6



# "ഇതാ നിന്റെ അമ്മ"

www.malankaralibrary.com

# "ഇതാ നിന്റെ അമ്മ"

ഏതൊരു മനുഷ്യ ജീവനും ഈ ഭൂമിയിലേക്ക് പിറന്നു വീഴുന്നത് കരഞ്ഞുകൊണ്ടാണ്. അമ്മയുടെ ഗർഭപാത്രത്തിൽ പരിപൂർണ്ണ സുരക്ഷിതത്വത്തിന്റെ കൂടുകെട്ടി കഴിഞ്ഞിരുന്ന അവനെ പ്രകൃതി ഈ മണ്ണിലേക്ക് തള്ളിവിട്ടപ്പോൾ താൻ ഇനി സുരക്ഷിതനല്ലെന്ന് തോന്നിക്കാണും. മാംസവും രക്തവും ജീവനും പുക്കിൾ കൊടിയിലൂടെ പങ്കിട്ടിരുന്ന അമ്മയിൽ നിന്ന് തന്നേ മുറിച്ചുമാറ്റിയതിന്റെ ദുഃഖം കൊണ്ടാവാം അതുമല്ലെങ്കിൽ വിശുദ്ധിയുടെ വിശുദ്ധ സ്ഥലത്തു നിന്നും പാപക്കുഴിയായ ഈ ലോകത്തിലേക്ക് നിപതിച്ചതുകൊണ്ടാവാം. എന്തായാലും അവൻ കരയും.

ബേത്ലഹേമിലെ കാലിതൊഴുത്തിൽ മേരിയുടെ മകനായി ഈ മണ്ണിലേക്ക് ജനിച്ചുവീണ കുഞ്ഞോമനയും കരഞ്ഞിട്ടുണ്ടാകും, മറ്റേതൊരു നവജാതനേയും പോലെ. കുഞ്ഞ് കരയുമ്പോൾ അമ്മ ചിരിക്കും, അതാണ് അമ്മയുടെ പ്രകൃതം. ഏതൊരമ്മയും അങ്ങനെയാണ്. സ്ത്രീത്വത്തിന്റെ പൂർണ്ണതയിലെ സന്തോഷത്തിമിർപ്പ്, അവളുടെ ജീവിതത്തിലെ മറ്റൊരദ്ധ്യായത്തിന്റെ നിറമുള്ള തുടക്കം, ആടിത്തീർക്കാനുള്ള ജീവിത അരങ്ങത്തെ മറ്റൊരു വേഷം, അമ്മ.

www.malankaralibrary.com



കരയുന്ന കുഞ്ഞിനെ മാറോട് ചേർത്തുപിടിക്കുമ്പോൾ അവന്റെ കരച്ചിലടങ്ങും. മാതൃസ്നേഹത്തിന്റെ മാസ്മരശക്തി. അമ്മയുടെ ഇടനെഞ്ചിലെ സ്നേഹത്തിന്റെ ചൂടും മടിത്തട്ടിലെ ലാളനയുടെ കുളിരും, മാറിലെ ജീവാമൃതത്തിന്റെ ഊർജ്ജവും ഏറ്റു അവൻ വളരുന്നു. കുഞ്ഞിനെ കൊഞ്ചിക്കുന്ന അമ്മയുടെ മുഖത്തേ പുഞ്ചിരി കണ്ട് അവന്റെ മുഖത്തും പുഞ്ചിരിപ്പൂക്കൾ വിടരാൻ തുടങ്ങുന്നു. "അമ്മയുടെ മുത്തല്ലേ," "അമ്മയുടെ പൊന്നല്ലേ" ആ താരാട്ടു പാട്ട് അവന്റെ ഉള്ളിലെവിടെയോ പ്രതിധ്വനിക്കും. അന്നൊരിക്കൽ മടി ത്തട്ടിൽ കിടന്ന്, പുഞ്ചിരിക്കുന്ന അമ്മയുടെ മുഖത്തേക്ക് നോക്കി കുഞ്ഞികൈകാലുകൾ ഇളക്കി അവൻ പതുക്കെ അവ്യക്തമായി കൊഞ്ചി പറഞ്ഞു "അമ്മ". തന്നിലേക്ക് ഒലിച്ചിറങ്ങുന്ന സ്നേഹ ത്തിന്റെ ഉറവയ്ക്ക് അവൻ പോലും അറിയാതെ അവൻ പേരിട്ടു വിളിച്ചു "അമ്മ". ഈ മണ്ണിൽ പിറന്ന് വീഴുന്ന ഏതൊരു മനുഷ്യ ജീവനും ഉരുവിടുന്ന ആദിമന്ത്രം, അക്ഷരമന്ത്രം, അക്ഷയമന്ത്രം, 'അമ്മ' ഹർഷപുളകിതയായ അമ്മ ഓമന മകനെ വാരിയെടുത്ത് ചുംബനം കൊണ്ട് പൊതിയും. മാതൃസ്നേഹത്തിന്റെ നിർവൃതിയി ലായ അവൾക്ക് ഒരമ്മയായതിൽ തികഞ്ഞ അഭിമാനം, അവാച്യമായ ആനന്ദം.

വചനം മാംസമായ ലോകരക്ഷകന് ദൈവഹിതത്തിന് കീഴ് വഴങ്ങി ജന്മം കൊടുത്ത അവൾക്ക് ആത്മാവിൽ ആനന്ദം. അമ്മ യുടെ സ്നേഹലാളനകളിലും അച്ഛന്റെ കരുതലുകളിലും അവൻ വളർന്നുവന്നു. "പൈതൽ പ്രായത്തിലും ജ്ഞാനത്തിലും വളർന്നു, ദൈവകൃപയും അവനോടൊപ്പമുണ്ടായിരുന്നു" (ലൂക്കാ. 2/40).

അമ്മയുടെ മടിത്തട്ട് ഉപേക്ഷിച്ച് അച്ഛന്റെ വിരൽത്തുമ്പു പിടിച്ച് അവൻ നടന്നു തുടങ്ങി. ഇറയത്തും മുറ്റത്തും ഓടിക്കളിച്ചു. അയൽപക്കത്തെ കുട്ടികളോടൊത്ത് കിളിച്ചും ചിരിച്ചും അവർക്കെ ല്ലാം അവൻ കളിക്കൂട്ടുകാരനായി. പ്രകൃതിയിൽ നിന്നും മാതാപിതാ ക്കളിൽ നിന്നും, ഗുരുഭൂതരിൽ നിന്നും അവൻ ജ്ഞാനം ഏറെ സമ്പാ

www.malankaralibrary.com



ദിച്ചു. സുന്ദര സുരഭിലമായ ബാല്യകാലവും കൗമാരപ്രായവും കഴിഞ്ഞ് യൗവനത്തിലേക്ക് പ്രവേശിച്ച യേശു തന്റെ ദൗത്യനിർവ്വഹണത്തിനായുള്ള ഒരുക്കത്തിലായിരുന്നു. 30 വർഷത്തെ അകന്ന ഒരുക്കവും 40 ദിവസത്തെ മരുഭൂമിയിലെ ഒരുക്കവും കഴിഞ്ഞ് പരസ്യജീവിതം ആരംഭിക്കുകയായി. തന്റെ "സമയ"മായെന്നറിഞ്ഞ് ലോകത്തിന്റെ മുഴുവൻ പാപഭാരവും തോളിലേറ്റി സ്വയം പരിഹാര ബലിയാകാൻ ഗാഗുൽത്താ കയറി, മുപ്പത്തിമൂന്നുകാരൻ നസ്രായൻ യേശു. വാർത്തയറിഞ്ഞ് അമ്മ തന്റെ ഹൃദയഭാരവുമായി കുരിശിൻ ചുവട്ടിലേക്കോടി. ശരീരം മുഴുവൻ ഒരൊറ്റ മുറിവായി രക്തത്തിൽ കുളിച്ച് കുരിശിൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്ന അർദ്ധപ്രാണനായ തന്റെ ഓമന മകനെയാണ് അവൾ അവിടെ കണ്ടത്. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും എന്ന് ശെമയോന്റെ പ്രവചനം നിവർത്തിയായത് അമ്മ അനുഭവിച്ചറിഞ്ഞു (ലൂക്കാ. 2/35). മരണം പതിയിരിക്കുന്ന, പാതി അടഞ്ഞ തന്റെ പ്രിയ പുത്രന്റെ കണ്ണുകളിലേക്ക് അവൾ നോക്കി. ദുഃഖത്തിന്റെ നീർച്ചുഴിയിലായതു പോലെ. കുരിശിൻ ചുവട്ടിൽ ദുഃഖാർത്തരായി നിൽക്കുന്ന തന്റെ മാതാവിനേയും പ്രിയശിഷ്യനേയും കണ്ട് യേശു അവളോട്, "ഇതാ നിന്റെ മകൻ" എന്നും കൺകോണുകളിലൂടെ ശിഷ്യനെ നോക്കി "ഇതാ നിന്റെ അമ്മ" എന്നും ശാന്തസ്വരത്തിൽ മൊഴിഞ്ഞു. പണ്ടെങ്ങോ കേട്ടു മറന്ന മധുരമൊഴികൾ, ഓർമ്മയുടെ ചിറകിലേറി അവൾ 33 വർഷം പുറകോട്ട് പറന്നുപോയി. അന്നൊരിക്കൽ അമ്മയുടെ ഇടനെഞ്ചിലെ ചൂടുപറ്റി കിടന്ന അവൻ അമ്മയുടെ കണ്ണുകളിലെ ആഴിയുടെ ആഴമുള്ള മാതൃസ്നേഹം രുചിച്ചറിഞ്ഞ് ആ മന്ത്രം ആവർത്തിച്ചു, 'അമ്മ'. വെൺനിലാപുഞ്ചിരി പടർന്ന ഓമനപ്പുത്രന്റെ മുഖത്തേ നക്ഷത്രകണ്ണുകളിലേക്ക് നോക്കി നിർവൃതിയിലായ അമ്മയ്ക്ക് അവൻ സ്വയം പരിചയപ്പെടുത്തി; 'ഇതാ നിന്റെ മകൻ' പുത്രവാൽസല്യത്തിന്റെ ആൾരൂപമാണമ്മ എന്ന് അനുഭവിച്ചറിഞ്ഞു കൊണ്ടിരിക്കുന്ന ആ മകൻ അവളെ നോക്കി സ്വയം മന്ത്രിച്ചു. 'ഇതാ നിന്റെ അമ്മ'. ആനന്ദത്തിന്റെ തിരയിളകിയ ആ

www.malankaralibrary.com



ഹൃദയത്തിൽ ഇന്ന് തുളച്ചുകയറിയത് മൂർച്ചയുള്ള വാൾമുന. അന്ന് സന്തോഷത്തിന്റെ മധുരം നുണഞ്ഞിറക്കിയെങ്കിൽ ഇന്ന് കുടിച്ചിറക്കിയത് ദുഃഖത്തിന്റെ പാനപാത്രം. ഒരു നിമിഷം മിഴികൾ പൂട്ടി നിന്നശേഷം കുരിശിൽ കിടക്കുന്ന പുത്രന്റെ കണ്ണുകളിലേക്ക് നോക്കി, എന്നേക്കുമായി അടഞ്ഞ കണ്ണുകൾ. ഞെട്ടിത്തരിച്ച്, ഒരു ജീവച്ഛവമായി അവൾ നിന്നു. ഹൃദയത്തിലേക്ക് കുത്തികയറിയ വാൾ ആഴമുള്ള മുറിവ് അവൾക്ക് സമ്മാനിച്ചു. സ്വയം ബലിയായി കൊണ്ട് മകൻ മനുഷ്യകുലത്തിന്റെ രക്ഷകനായപ്പോൾ, മനുഷ്യമക്കളൊക്കെയും അവളുടെ മക്കളും, അവൾ അവരുടെയെല്ലാം അമ്മയുമായി. അപ്പോഴും അവളുടെ ഉള്ളിന്റെ ഉള്ളിൽ ആ ശബ്ദം പ്രതിധ്വനിക്കുന്നുണ്ടായിരുന്നു; 'ഇതാ നിന്റെ അമ്മ'



www.malankaralibrary.com

# 7



# ആത്മസഖി

www.malankaralibrary.com

# ആത്മസഖി

സുഖദുഃഖ സമ്മിശ്രമാണ് ജീവിതം. കുന്നും, കുഴിയും കളിയും, ചിരിയും, കണ്ണുനീരുമൊക്കെയുണ്ടവിടെ. "മുള്ളും, തീയും ചേർന്നതാണ് ജീവിതം അത് ഒരു പക്ഷെ നമ്മെ പ്രകാശിപ്പിക്കും, അല്ലെങ്കിൽ ചാരമാക്കും" കസാൻദസാക്കിസിന്റെ വാക്കുകളാണിവ. നാം സ്വയം പ്രകാശിക്കുമ്പോൾ മറ്റുള്ളവരേയും പ്രകാശമയമാക്കും. ഈ പ്രകാശത്തിൽ ഈശ്വരത്വമുണ്ട്. അഗ്നിയിൽ ജീവിതം ശുദ്ധീകരിക്കപ്പെടുന്നു, സ്വർണ്ണം ഉലയിൽ എന്നപോലെ. ചില ജീവിതങ്ങളെ ഈ തീയ് ചാരസമമാക്കുന്നതിനാൽ അത് അർത്ഥ ശൂന്യവും, ലക്ഷ്യരഹിതവും ആക്കുന്നു. ജീവിതത്തെ പ്രതിഷേധാത്മകവും നരക തുല്യവുമാക്കുന്നു. കടുത്ത നിരാശയുടെ പടുകുഴിയിലാഴ്ത്തുന്നു. മുള്ളുകൾ ചില ജീവിതങ്ങളെ കുത്തി നൊമ്പരപ്പെടുത്തുന്നു. നൊമ്പരം ഏറി വരുമ്പോൾ ജീവിതം പരാതികളുടേയും ആവലാതികളുടേയും കൂമ്പാരമാകും. ജീവിതത്തെ ശപിച്ചുതള്ളും, ഒപ്പം സ്വയത്തേയും. എന്നാൽ മുള്ളുകളുടെ നൊമ്പരം തേനൂറും ജീവിതാനുഭവമാക്കുന്നവർ തങ്ങളുടെ ജീവിതം ആസ്വദിക്കും, നൊമ്പരപ്പാടുകളെ ആശ്ലേഷിച്ച് ആനന്ദിക്കും. ജീവിതം ഈ കൂട്ടർക്ക് സ്വർഗ്ഗതുല്യമാണ്.

www.malankaralibrary.com



ജീവിതത്തിന്റെ അർത്ഥം മനസിലാക്കി, സത്യവും, സ്നേഹവും, ധർമ്മവും മാർഗ്ഗങ്ങളായി സ്വീകരിച്ച് പരമസത്യവും പരമസ്നേഹവുമായ ഈശ്വരനിലേക്ക് ഒരുവന്റെ ജീവിതയാത്രയിൽ അവനെ പ്രോത്സാഹിപ്പിക്കുകയും, പ്രചോദിപ്പിക്കുകയും, ഉത്തേജിപ്പിക്കുകയും ചെയ്യുന്ന ഏതോ ഒന്ന്, ആരോ ഒരാൾ ഉണ്ടെങ്കിൽ അത് അവന്റെ സുഹൃത്തോ, ജീവിതപങ്കാളിയോ, അതുമല്ലെങ്കിൽ ഒരാദർശമോ, ദർശനമോ ആകാം. ജീവിതത്തിൽ വഴിമുട്ടി നിൽക്കുന്ന സന്ദർഭങ്ങളിൽ കൈപിടിച്ച് നേർവഴി നടത്താനും ഇരുൾ മൂടിയ പാതകളിൽ പ്രകാശം പരത്താനും ഒരാൾ കൂടെയുണ്ടാവണം.

വർഷങ്ങൾക്ക് മുമ്പ് തികച്ചും ആകസ്മികമായിട്ടാണ് അത് സംഭവിച്ചത്. സ്വന്തം അഭിരുചിക്കും അഭിലാഷത്തിനുമനുസരിച്ച് പടുത്തുയർത്തിയ പ്രതീക്ഷകളുടേയും മോഹങ്ങളുടേയും കണ്ണാടി മാളിക ആ വൻ ദുരന്തം തച്ചുടച്ചു. സ്വന്തം നിഴൽ പോലും കൂട്ടിനില്ലാതെ മനവും, തനുവും തളർന്നവനായി കിടക്കയോട് പറ്റിപ്പിടിച്ച് കിടന്ന് രാവും പകലും കണ്ണുനീരുകൊണ്ട് തന്റെ മെത്ത അവൻ ഈറനാക്കി. ഭാവിയെക്കുറിച്ചുള്ള ചിന്തയുടെ കനം കൂടിയപ്പോൾ കടുത്ത ദുഃഖവും നിരാശയും അവന് കൂട്ടിനെത്തി. മനഃസംഭ്രാന്തിയിൽ കവിയോടൊത്ത് അവൻ ചോദിച്ചു,

“മനുഷ്യനെ സൃഷ്ടിച്ചതീശ്വരനാണെങ്കിൽ
ഈശ്വരനോടൊരു ചോദ്യം
കണ്ണുനീർക്കടലിലെ കളിമൺ ദ്വീപിത്
ഞങ്ങൾക്കെന്തിനു തന്നു?
പണ്ടു നീ ഞങ്ങൾക്കെന്തിനു തന്നു?

മനുഷ്യനെ തീർത്തത് ചെകുത്താനാണെങ്കിൽ
ചെകുത്താനോടൊരു ചോദ്യം
സ്വർഗ്ഗത്തിൽ വന്നൊരു കനി നീട്ടി ഞങ്ങളെ
ദുഃഖകടലിലെറിഞ്ഞു. എന്തിനീ
ദുഃഖകടലിലെറിഞ്ഞു? (വയലാർ - തുലാഭാരം)

www.malankaralibrary.com



ഉത്തരത്തിനായി വൃഥാ അവൻ കാത്തുകിടന്നു. ഫീനിക്സ് പക്ഷിയേ പോലെ വെന്തു മരിച്ച ചാരകൂമ്പാരത്തിൽ നിന്ന് ഉയർത്തെഴുന്നേല്പിന്റെ പ്രഭാതത്തെ സ്വപ്നം കണ്ട് അവൻ ഉറങ്ങി. ഏകാന്തതയിലെ അവന്റെ ഓരോ നിമിഷങ്ങൾക്കും നൂറ്റാണ്ടിന്റെ ദൈർഘ്യം ഉണ്ടായിരുന്നു. ഉള്ളിൽ ഊർന്നു കൂടുന്ന നോവിൽ നിന്നുയരും നെടുവീർപ്പിന്റെ ശോകരാഗത്തിൽ സ്വയം അലിഞ്ഞു ചേർന്ന ഒരു മുഹൂർത്തത്തിലാണ് അവൻ അവളെ കണ്ടുമുട്ടിയത്. പ്രഥമദൃഷ്ട്യാ പ്രണയമല്ല അവന് തോന്നിയത്. കാഴ്ചയ്ക്ക് വിരൂപിണിയായിരുന്ന അവൾ ആടയാഭരണ വിഭൂഷിതയായിരുന്നില്ല. ദുഃഖത്തിന്റെ പ്രതീകമായ കറുത്ത ചേല വാരിചുറ്റിയിരുന്നതായി അവന് തോന്നി. തന്റെ ജീവിതത്തിലേക്ക് നിനച്ചിരിയാതെ കടന്നു വന്ന അവളോട് വെറുപ്പായിരുന്നു അവന്. അവളുടെ സാന്നിദ്ധ്യം അരോചകമായി അനുഭവപ്പെട്ടു. ഉൾക്കൊള്ളാൻ തയ്യാറാകാതെ ഉപേക്ഷിക്കാൻ നിശ്ചയിച്ചുറപ്പിച്ചപ്പോൾ, നസ്രത്തിലെ ജോസഫിന് പ്രത്യക്ഷപ്പെട്ട അതേ മാലാഖയുടെ ശബ്ദം അവനും കേട്ടു. അവളെ സ്വീകരിക്കാൻ മടിക്കണ്ട, പരിശുദ്ധാത്മാവ് നിറഞ്ഞവളാണവൾ. ഉറക്കം വരാത്ത രാത്രികൾ ഇഴഞ്ഞുനീങ്ങി....അമാനുഷികമായ ഏതോ ഒരു പ്രേരണയാൽ ഒടുവിൽ അവളെ സ്വന്തമായി സ്വീകരിക്കാൻ തീരുമാനിച്ചു. അവളുടെ സാന്നിധ്യം ക്രമേണ അയാളുടെ ചിന്തകൾക്കും, ഭാവങ്ങൾക്കും മാറ്റം വരുത്തി.

ജീവിതത്തെ തകിടം മറിച്ച ആ ദുരന്തം വിധിയുടെ ക്രൂര വിനോദമായിട്ടല്ല, മറിച്ച് അനാദിമുതലേ ക്രമീകരിക്കപ്പെട്ട ദൈവിക പദ്ധതിയുടെ സ്ഥലകാലങ്ങളിലെ നിറവേറലാണെന്ന് അയാൾ വിശ്വസിക്കാൻ തുടങ്ങി. അയാളുടെ മാനസീക ഭാവങ്ങളും വാക്കുകളും, പ്രവൃത്തികളും ആ വിശ്വാസത്തെ പ്രോജ്ജ്വലിപ്പിച്ചു. ഉള്ളിൽ നടന്നിരുന്ന ആന്തരികയുദ്ധത്തിന്റെ രൂക്ഷഭാവം ചിലപ്പോഴെങ്കിലും അയാളുടെ മുഖത്ത് നിഴൽ വീശി. മനസും ശരീരവും പ്രജ്ഞയറ്റു കിടക്കുമ്പോഴും ജീവിതത്തോട് തോറ്റുകൊടുക്കാൻ അയാൾ തയ്യാറായില്ല. നടുക്കടലിൽ തിമിംഗലുമായി ഏറ്റുമുട്ടിയ വൃദ്ധൻ തന്റെ

www.malankaralibrary.com



ശത്രുവിനോട്, നിനക്ക് എന്നെ കൊന്നുകളയാം പക്ഷേ തോൽപി ക്കാനാവില്ലെന്ന് ആക്രോശിച്ച മനോബലമായിരുന്നു അയാൾക്ക്, (കിഴവനും കടലും - ഏണസ്റ്റ് ഹെമിംഗ്‌വേ). ജീവൻ തന്ന് ഈ ഭൂമിയിലേക്ക് വിട്ടവന്റെ ഹിതത്തിനൊത്ത് ജീവിതത്തെ ക്രമീകരിച്ച്, അതിൽ സന്തോഷിക്കാൻ അവൾ അവനെ പഠിപ്പിച്ചു. അലൗകീക മായ ഒരനുഭൂതി അവളുടെ സാന്നിദ്ധ്യത്തിൽ അവനനുഭവിച്ചു. അവളിൽ നിന്നൊഴുകി എത്തിയ സ്നേഹവും സന്തോഷവും അവ നിൽ നിറഞ്ഞ് മറ്റുള്ളവരിലേക്കും ഒഴുകി. കരുണയും കരുതലും അവന്റെ മാനസീകവും ശാരീരികവുമായ മുറിപ്പാടുകളെ സുഖപ്പെ ടുത്തി. ജീവിതത്തിലെ ദുഃഖങ്ങളും വേദനകളും അവളിലൂടെ സ്നേഹ ത്തിന്റെ അടയാളങ്ങളായി മാറിയപ്പോൾ അവാച്യമായ ആനന്ദമാ യിരുന്നു അവന്. അവന്റെ നെഞ്ചിലെ മൺവിളക്ക് ഇന്നലത്തെ കൊടുങ്കാറ്റ് ഊതി കെടുത്തിയത് അവൾ തിരിയിട്ട് വീണ്ടും തെളി യിച്ചപ്പോഴത്തെ സ്വർണ്ണപ്രഭയിൽ അവരിരുവരും കുളിച്ചുനിന്നു. അന്ന് ആദ്യം കണ്ട വിരൂപിണിയല്ലിന്നിവൾ, ദിവ്യപ്രഭ ചൊരിയുന്ന താരരൂപിണി. അവളുടെ അസാന്നിധ്യത്തിൽ താൻ കഴിച്ചുകൂട്ടിയ കാലത്തേ ഓർത്ത് പരിതപിക്കുകയും, ഒരു ചിരംജീവയായി എന്നും അവളോടൊത്തായിരിക്കാൻ കൊതിക്കുകയും ആണ് അവനിന്ന്. അവനിൽ നിറഞ്ഞു നിന്ന അവളിന്ന് അവന് സ്വന്തം. ആ നിറവിന്റെ ആനന്ദാനുഭൂതിയിൽ അവൻ മധുരസ്വരത്തിൽ അവളുടെ കാതിൽ പേരു ചൊല്ലി വിളിച്ചു....'സഹനം' നീ എന്റെ ആത്മസഖി, 'സഹനം.'



www.malankaralibrary.com




'സഹനത്തിലെ ആനന്ദം' എന്ന സന്ദേശം ഈ ചെറു ഗ്രന്ഥത്തിലെ എല്ലാ ലേഖനങ്ങളിലൂടെയും ഒരു നീർച്ചാലു കണക്കെ ഒഴുകുന്നതായി കാണാം.

കുരിശിലെ തീവ്രവേദനകളുടെ നടുവിലും സ്വർഗ്ഗീയാനന്ദത്തിന്റെ തങ്കത്തിളക്കമാണ് യേശുവിന്റെ മുഖത്ത്.

സെറാംപൂരിലെ ബഥനിയുടെ ശൈശവകാലം തുടങ്ങി മുണ്ടൻ മലയിലും, വെണ്ണിക്കുളത്തും, പുല്ലാട്ടും, തിരുമൂലയിലും, തിരുവല്ലയിലും, തിരുവനന്തപുരത്തും ഒക്കെ സഹനത്തിന്റെ ഇടുക്കുവഴിയിലൂടെ നടന്നു നീങ്ങുമ്പോഴും അഭൗമികമായ ഒരാനന്ദം ബഥനിയിൽ തളം കെട്ടി കിടന്നിരുന്നു.

ശാരീരിക മാനസിക ബൗദ്ധിക തലങ്ങളിലെ സംഘട്ടനങ്ങളെ അതിജീവിച്ചുള്ള പരമാത്മാ-ജീവാത്മസംയോഗത്തിലും ശ്രുതി ശ്രവണത്തിലും ഉപാസകൻ ആനന്ദാനുഭൂതിയിലാകുന്നു.

അതിമോഹത്താൽ മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്കമൂലം മനുഷ്യന്റേയും പ്രകൃതിയുടേയും താളം തെറ്റുമ്പോഴുള്ള അസ്വസ്തതയും അരാജകത്വവും നീക്കി പ്രകൃതി തന്നെ അതിന്റെ താളമേളക്കൊഴുപ്പിൽ മനുഷ്യന്റെ സൗഖ്യദായനിയും ആനന്ദദായനിയുമായി മാറുന്നു.

സ്വകാര്യ ദുഃഖങ്ങളിലും പരിമിതികളിലും വേദനിക്കുന്ന അഞ്ചിതൾ പൂവിനെ സ്നേഹം മൂലം സ്വന്തരക്തംകൊണ്ട് തന്നേപോലെയാക്കി നിത്യാനന്ദത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുന്ന തേൻകിളി, ഉന്നതത്തിൽ നിന്ന് ഇറങ്ങി വന്ന് സ്വന്തരക്തത്താൽ മനുഷ്യവർഗ്ഗത്തെ വിശുദ്ധീകരിച്ച് തന്റെ ഇടത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്ന യേശു എന്ന സ്നേഹഗന്ധർവന്റെ പ്രതീകം മാത്രം, അഞ്ചിതൾ പൂവ് ഏതൊരു മനുഷ്യന്റേയും.

കുരിശിൽ ദാരുണമായി കൊല്ലപ്പെട്ട ഓമന മകന്റെ മുമ്പിൽ വേദനയാൽ വിറങ്ങലിച്ച് നിൽക്കുന്ന അമ്മയുടെ മനസ്സിൽ മകനെക്കുറിച്ചുള്ള ഓർമ്മകൾ ആനന്ദപുഷ്പങ്ങളായി വിരിഞ്ഞു നിൽക്കുന്നു.

മാനുഷിക വേദനകളെ ദൈവികമായ സഹനങ്ങളാക്കാൻ പഠിച്ച അയാൾ സഹനത്തെ ആത്മസഖിയായി സ്വീകരിച്ച് ആനന്ദഭൈരവിരാഗം പാടി ജീവിതം ആസ്വദിക്കുന്നു.

*സി. സുദീപ എസ്. ഐ. സി.*

**ബഥനി പബ്ലിക്കേഷൻസ്**
**കോട്ടയം**